

കേരള സർക്കാർ

# ബഡ്ജറ്റ് പ്രസംഗം 2013-14

**കെ. എം. മാണി**

ധനകാര്യ മന്ത്രി

15 മാർച്ച് 2013

# ബഡ്ജറ്റ് പ്രസംഗം

## 2013-2014


## കെ. എം. മാണി

ധനകാര്യ മന്ത്രി


2013 മാർച്ച് 15


കേരള സർക്കാർ

# ഉള്ളടക്കം


| | പേജ് നമ്പർ |
|---|---|
| **ആമുഖം** | 1 |
| **സംസ്ഥാന പതാക നൗക പരിപാടികൾ** | 6 |
| **സവിശേഷ പദ്ധതികൾ** | 25 |
| **വിവിധ വകുപ്പുകൾ** | |
| കൃഷി | 39 |
| മണ്ണ്-ജലസംരക്ഷണം | 41 |
| മൃഗസംരക്ഷണവും ക്ഷീരവികസനവും | 43 |
| മത്സ്യമേഖലയുടെ വികസനവും മത്സ്യതൊഴിലാളി ക്ഷേമവും | 44 |
| വനം-വന്യജീവി | 45 |
| സിനിമ | 46 |
| ഗ്രാമവികസനം | 46 |
| റവന്യൂ-ലീഗൽ മെട്രോളജി | 47 |
| തദ്ദേശസ്വയംഭരണം | 48 |
| നഗരവികസനം | 49 |
| സഹകരണം | 51 |
| മലിനീകരണ നിയന്ത്രണം | 53 |
| ജലവിഭവം | 54 |
| ശുദ്ധജലവിതരണം | 55 |
| ഊർജ്ജം | 57 |
| വ്യവസായം | 59 |
| ഖാദി-ഗ്രാമ വ്യവസായം | 64 |
| വിവരസാങ്കേതികവിദ്യ | 65 |
| തുറമുഖം | 67 |
| പൊതുമരാമത്ത് | 67 |
| ഗതാഗതം | 72 |
| കോസ്റ്റൽ ഷിപ്പിംഗും ഉൾനാടൻ ജലഗതാഗതവും | 73 |

വിനോദസഞ്ചാരം 74
ശാസ്ത്രം, സാങ്കേതികം, പരിസ്ഥിതി 76
സ്കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം 77
കലയും, സാംസ്കാരികവും 81
മ്യൂസിയം - മൃഗശാല 84
ആരോഗ്യം, കുടുംബക്ഷേമം 85
ഭവന നിർമ്മാണം 88
വിവരവും പൊതുജനസമ്പർക്കവും 89
തൊഴിലും പുനരധിവാസവും 89
പട്ടികജാതി വികസനം 90
പട്ടികവർഗ്ഗ വികസനം 91
സാമൂഹ്യനീതി 93
കായികവും യുവജനക്ഷേമവും 95
പിന്നോക്കസമുദായ വികസനം 96
മുന്നോക്കസമുദായ വികസനം 97
ന്യൂനപക്ഷ ക്ഷേമം 97
ആഭ്യന്തരം, നീതിന്യായം 98
ജയിൽ 99
അഗ്നിശമന സേന 99
ധനകാര്യം 100
നിയമം 101
ലോട്ടറി 102
ദേവസ്വം 103
ഭക്ഷ്യവും പൊതുവിതരണവും 104
രജിസ്ട്രേഷൻ 105
എക്സൈസ് 106
പൊതുഭരണം 107
പ്രവാസികാര്യം 107
**വിഭവ സമാഹരണം** 108
**ഉപസംഹാരം** 126

# ആമുഖം

1. സർ, 2013-14 വർഷത്തേക്കുള്ള ബഡ്ജറ്റ് ഞാൻ അവതരിപ്പിക്കുകയാണ്.

2. 12-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷത്തിന്റെ അവസാന ദിവസങ്ങളിലാണ് നാമിപ്പോൾ. ആഗോളതലത്തിലും ദേശീയ തലത്തിലും കടുത്ത വെല്ലുവിളികൾ നേരിട്ടുവെങ്കിലും സാമ്പത്തിക സുസ്ഥിരതയോടെ സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ മുന്നോട്ട് നയിക്കാനായതിന്റെ ചാരിതാർത്ഥ്യത്തോടെയാണ് ഈ ബഡ്ജറ്റ് ഞാൻ അവതരിപ്പിക്കുന്നത്. സാമ്പത്തിക മാന്ദ്യത്തിന്റെ പ്രശ്നങ്ങൾ മുഴുവനായി മാറിയിട്ടില്ലാത്തതിനാൽ അതിന്റെ പ്രത്യാഘാതങ്ങൾ അടുത്ത വർഷവും നേരിടേണ്ടതായിവരും എന്ന യാഥാർത്ഥ്യം ഞാൻ വിസ്മരിക്കുന്നില്ല. 2007 മുതൽ തന്നെ സാമ്പത്തിക മാന്ദ്യത്തിന്റെ നിഴലിലായിരുന്ന അമേരിക്ക, സാവധാനം വളർച്ചയുടെ പാതയിലേക്ക് തിരിച്ചെത്തി ക്കൊണ്ടിരിക്കുന്നുവെങ്കിലും, മിക്ക യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിലെയും സാമ്പത്തിക സ്ഥിതി രൂക്ഷമാണ്. കയറ്റു മതിയുടെയും ഐ. റ്റി. വ്യവസായത്തിന്റേയും തൊഴിലിന്റേയും കാര്യത്തിൽ യൂറോപ്യൻ യൂണിയൻ, അമേരിക്ക, ജപ്പാൻ എന്നീ രാജ്യങ്ങളുമായി സുദൃഢവ്യാപാരബന്ധമാണ് ഇന്ത്യയ്ക്കുള്ളത്. ഇന്ത്യയുടെ ഏകദേശം നാലിലൊന്നോളം കയറ്റുമതി യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിലേയ്ക്കാണ്. അതിനാൽ അവിടങ്ങളിലെ സാമ്പത്തിക ത്തകർച്ച നമ്മുടെ കയറ്റുമതിയേയും തൊഴിൽ സാധ്യതകളേയും പ്രതികൂലമായി ബാധിക്കുന്നുണ്ട്.

3. ദേശീയതലത്തിൽ, 11-ാം പദ്ധതിയുടെ ലക്ഷ്യം 9 ശതമാനം വളർച്ചാനിരക്ക് ആയിരുന്നെങ്കിൽ 12-ാം പദ്ധതിയിൽ അത് 8.2 ശതമാനമായി കുറച്ചത് ഈ പ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ്. നമ്മുടെ രാജ്യത്തിന്റെ നടപ്പു വർഷത്തെ സാമ്പത്തിക വളർച്ച മുൻവർഷത്തെ 6.2 ശതമാനത്തേക്കാൾ മെച്ചമായിരിക്കുമെന്നു പ്രതീക്ഷിച്ചിരുന്നെങ്കിലും കാർഷിക, വ്യാവസായി

കോത്പാദന മേഖലകളിലെ മാന്ദ്യം മൂലം അതു യാഥാർത്ഥ്യമായിട്ടില്ല. രാജ്യം 5.5% വളർച്ച നേടുമെന്നാണ് റിസർവ് ബാങ്ക് കണക്കാക്കിയിരിക്കുന്നത്. CSO എസ്റ്റിമേറ്റ് അനുസരിച്ച് അത് 5% മാത്രമാണ്. ഇത് കഴിഞ്ഞ പത്തുവർഷത്തെ ഏറ്റവും കുറഞ്ഞ വളർച്ചാനിരക്കാണ്. എന്നാൽപ്പോലും 2012-ൽ മെച്ചപ്പെട്ട സാമ്പത്തികവളർച്ച നേടിയ ലോകത്തിലെ നാലു രാജ്യങ്ങളിലൊന്നാണ് ഇന്ത്യ.

4. ലോകമെമ്പാടുമുണ്ടായ സാമ്പത്തികത്തകർച്ചയുടെ ആഘാതം പ്രതിഫലിച്ചതിന്റെ ഫലമായിക്കൂടിയാണ് മന്ദീഭവിച്ച സാമ്പത്തികവളർച്ച, ഉയർന്ന പണപ്പെരുപ്പം, ധനക്കമ്മി, വ്യാപാരക്കമ്മി, കറണ്ട് അക്കൗണ്ട് കമ്മി, രൂപയുടെ മൂല്യത്തകർച്ച എന്നിവയൊക്കെ നമുക്കനുഭവപ്പെടുന്നത്. പൊതുവിൽ അനുഭവപ്പെടുന്ന സാമ്പത്തിക പ്രവർത്തനങ്ങളുടെ ഗതിവേഗക്കുറവുമൂലം കേന്ദ്രനികുതി വരുമാനം പ്രതീക്ഷിച്ചതുപോലെ ഉയർന്നിട്ടില്ല. പ്രത്യക്ഷ നികുതി സമാഹരണം 13.9 ശതമാനവും പരോക്ഷനികുതി സമാഹരണം 26.7 ശതമാനവും നടപ്പുവർഷം വർദ്ധിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും ബഡ്ജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 39575 കോടി രൂപ കുറയുകയാണ് ഉണ്ടായത്. കടുത്ത പ്രതിസന്ധികൾക്കിടയിലും ദേശീയ സമ്പദ് വ്യവസ്ഥയെ നേർവഴിയിലേയ്ക്ക് നയിക്കുവാൻ കേന്ദ്രസർക്കാർ പ്രകടിപ്പിക്കുന്ന ഇച്ഛാശക്തി ശ്ളാഘനീയമാണ്. ഇത് സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്താൻ സഹായകമാകും.

5. വിലക്കയറ്റമാണ് നമ്മുടെ സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന മറ്റൊരു പ്രധാനഘടകം. നടപ്പുവർഷം ജനുവരി മാസത്തെ കണക്കനുസരിച്ച് ഉപഭോക്തൃവിലയെ അടിസ്ഥാനമാക്കിയുള്ള വിലക്കയറ്റം 10.79 ശതമാനവും ഭക്ഷ്യവിലക്കയറ്റം 11.88 ശതമാനവും മൊത്തവില സൂചികയെ അടിസ്ഥാനമാക്കിയുള്ള വിലക്കയറ്റം 6.62 ശതമാനവുമാണ്. ഒരുവശത്ത് പൊതുവിതരണ സംവിധാനം കുറ്റമറ്റതാക്കുകയും മറുവശത്ത് ഉൽപാദന മേഖലയെ ശക്തിപ്പെടുത്തുകയും ചെയ്തു കൊണ്ട് മാത്രമേ വിലക്കയറ്റം ക്രിയാത്മകമായി നേരിടാനാവൂ.

6. സാമ്പത്തിക മാന്ദ്യത്തിന്റെ പ്രത്യാഘാതങ്ങൾ പൊതുവിലും, സംസ്ഥാന സമ്പത്ഘടനയുടെ പ്രത്യേകതകൾ കൊണ്ടു ചില മേഖലകളിൽ കൂടുതലായും, കേരളത്തെ ബാധിച്ചിട്ടുണ്ട്. കയറ്റുമതി അധിഷ്ഠിതമായ കാർഷികോത്പാദനം, രൂപയുടെ മൂല്യത്തകർച്ച, വിദേശ തൊഴിൽ സാധ്യതകളിലെ ആശ്രിതത്വം, വിലക്കയറ്റം, ബാങ്കിംഗ് മേഖലയിലെ കുറഞ്ഞ വായ്പാനുപാതം, ഉയർന്ന പലിശനിരക്ക് എന്നിവയൊക്കെ അതിൽ പ്രധാനമായവയാണ്. ആഗോളസാമ്പത്തിക തകർച്ചയുടെ ഫലമായി കയറ്റുമതികമ്പോളത്തിൽ ഉണ്ടായിട്ടുള്ള കുറഞ്ഞ ഡിമാൻഡ് കേരളത്തിന്റെ നാണ്യവിളകളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

7. സാമ്പത്തിക നേട്ടങ്ങൾക്ക് വെല്ലുവിളിയായി നിലകൊള്ളുന്ന സംസ്ഥാനത്തിന്റെ ആഭ്യന്തര പ്രശ്നങ്ങളിലേക്ക് വിരൽചൂണ്ടുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഉപഭോക്തൃസംസ്ഥാനമായ കേരളത്തിന് വിലക്കയറ്റം കനത്ത ആഘാതമാണ് സൃഷ്ടിക്കുന്നത്. ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ ഭൂരിഭാഗം ഉപഭോഗവസ്തുക്കളും ഇറക്കുമതി ചെയ്യുന്നതിനാൽ വിലക്കയറ്റം കേരളത്തിന്റെ സമ്പത്ത് സംസ്ഥാനത്തിനു പുറത്തേക്കു കൂടുതലായി പോകാൻ കാരണമാകുന്നുണ്ട്. കേരളത്തിൽ ജി. എസ്. ഡി. പി. യുടെ 70 ശതമാനത്തോളം സംഭാവന നൽകുന്നത് സേവനമേഖലയാണ്. സാമ്പത്തിക വളർച്ചയുടെ പ്രധാന സംഭാവനയും പ്രസ്തുത മേഖലയിൽ നിന്നാണ്. മുൻവർഷം സേവനമേഖല 11.81% വളർച്ച രേഖപ്പെടുത്തിയപ്പോൾ വ്യാവസായികമേഖല 7%വും കാർഷികമേഖല -0.7%വും വളർച്ചയാണ് രേഖപ്പെടുത്തിയത്. കാർഷിക രംഗത്തെ വളർച്ച മന്ദീഭവിക്കുകയും വ്യാവസായിക രംഗം സാധാരണഗതിയിൽ താഴെയുള്ള വളർച്ച മാത്രം രേഖപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ട്, സേവനമേഖലയിലെ വളർച്ച മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു വികസനതന്ത്രം സുസ്ഥിരമായ വികസനപന്ഥാവിൽ സംസ്ഥാനത്തെ നയിക്കുവാൻ അപര്യാപ്തമാണ്. ഈ പശ്ചാത്തലത്തിലാണ് സപ്തതലങ്ങൾ ഉൾക്കൊള്ളുന്ന ഒരു വികസനതന്ത്രം കഴിഞ്ഞ ബഡ്ജറ്റിന്റെ സമീപനത്തിൽ ഞാൻ ഉൾക്കൊള്ളിച്ചത്. ഇതിന് അനുസരണമായി വിഭാവനം ചെയ്ത പദ്ധതികൾ ഒട്ടുമുക്കാലും ആരംഭിക്കുന്നതിനും, അഭംഗുരം മുന്നോട്ടു കൊണ്ടു പോകുന്നതിനും കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശുഭോദർക്കമാണ്.

8. കേരളം കൈവരിച്ച ഉയർന്ന മനുഷ്യ വികസന സൂചിക നിലനിർത്തുന്നതിനാവശ്യമായ സുസ്ഥിരമായ ഉയർന്ന സാമ്പത്തിക വളർച്ചാനിരക്ക് കൈവരിക്കുക എന്നതാണ് നമ്മുടെ മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി. അതേസമയം തന്നെ, എഫ്. ആർ. ബി. എം. നിയമത്തിൽ നിഷ്ക്കർഷിച്ചിരിക്കുന്ന സാമ്പത്തിക സന്തുലനം കൈവരിക്കുവാനുള്ള പരിശ്രമങ്ങൾ തുടരേണ്ടതും ആവശ്യമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി വരുമാന സമാഹരണത്തിലും വിനിയോഗത്തിലും ഔന്നത്യം പുലർത്താൻ കേരള സർക്കാർ ബദ്ധശ്രദ്ധമാണ്. സംസ്ഥാനത്തിന്റെ ഈ വർഷത്തെ റവന്യൂവരുമാനം മുൻവർഷത്തേക്കാൾ 20.53 ശതമാനം വർദ്ധന കൈവരിച്ചു എന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്. അതേസമയം റവന്യൂചെലവും 17.8 ശതമാനം വർദ്ധിച്ചിട്ടുണ്ടെന്നത് എടുത്തുപറയേണ്ടതുണ്ട്.

9. മുൻപ് പ്രതിപാദിച്ച പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിലും, കഴിഞ്ഞ ബഡ്ജറ്റിലൂടെ നാം സ്വീകരിച്ച ക്രിയാത്മകനടപടികളിലൂടെയും, ഈ സർക്കാരിന്റ പ്രവർത്തനനേട്ടങ്ങൾ കൊണ്ടും കഴിഞ്ഞ സാമ്പത്തിക വർഷം, സംസ്ഥാനം ദേശീയ ശരാശരിനിരക്കായ 6.2 ശതമാനത്തെക്കാൾ 3.31% അധികവളർച്ച നേടിക്കൊണ്ട് 9.51% വളർച്ച കൈവരിച്ചുവെന്നത് തികച്ചും അഭിമാനകരമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ ലക്ഷ്യമിട്ട 9.5% വളർച്ച സംസ്ഥാനം നേടിക്കഴിഞ്ഞു. ഇത് കഴിഞ്ഞ പത്തു വർഷത്തെ ഏറ്റവും ഉയർന്ന വളർച്ചാനിരക്കാണ്. പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തിന് ദേശീയ ശരാശരിയായ 8 ശതമാനം വളർച്ചാനിരക്കു മാത്രമേ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇത് 11-ാം പദ്ധതിയുടെ ആദ്യത്തെ നാലു വർഷങ്ങളിൽ ഉണ്ടായ തളർച്ചയുടെ ഫലമാണ്. 2007 മുതൽ 2011 വരെയുള്ള ഈ വർഷങ്ങളിൽ, 7.58% ശരാശരി വളർച്ച മാത്രമാണ് നമുക്ക് നേടാനായത്. യുഡിഎഫ് ഗവണ്മെന്റിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന്റേയും മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിന്റേയും ഫലമായിട്ടാണ് സംസ്ഥാനത്തിന്റെ വികസനദിശയുടെ ഗതി മുകളിലേക്കുയർത്താൻ കഴിഞ്ഞത്. മുൻസർക്കാരിന്റെ ഭരണകാലത്ത് അഞ്ചുവർഷത്തെ മൂലധനച്ചെലവ് 9,497 കോടി രൂപയായിരുന്നു. എന്നാൽ വികസനത്തിനും തൊഴിലവസരസൃഷ്ടിക്കും പ്രാധാന്യം നല്കുന്ന ഈ സർക്കാരിന്റെ

ആദ്യത്തെ രണ്ടു വർഷത്തിനുള്ളിൽത്തന്നെ 8000 കോടിയിലേറെ രൂപ മൂലധന രംഗത്ത് ചെലവഴിക്കുകയാണ്. അതോടൊപ്പം, സാമൂഹ്യക്ഷേമ പെൻഷനുകൾ ഈ സർക്കാർ അധികാരമേറ്റശേഷം 75 ശതമാനം വർദ്ധിപ്പിക്കുകയുണ്ടായി. മാർച്ച് 31 വരെയുള്ള പെൻഷൻ തുക മുൻകൂറായി കൊടുത്തു തീർക്കുവാൻ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

10. നടപ്പുവർഷം സംസ്ഥാനത്തിന്റെ വളർച്ചാനിരക്ക് വീണ്ടും ഉയർന്ന് 9.58 ശതമാനത്തിലെത്തുമെന്നാണ് പ്രതീക്ഷ. 12-ാം പദ്ധതിയുടെ അടുത്ത നാല് വർഷം ഈ ഗതിവേഗം തുടരുവാൻ കഴിഞ്ഞാൽ കേരളത്തിന് രണ്ടക്കവളർച്ചാനിരക്ക് കൈവരിച്ച് ചരിത്രം തിരുത്തിക്കുറിക്കാൻ സാധിക്കും. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടിയാണ് മുൻകാലങ്ങളെ അപേക്ഷിച്ച് പദ്ധതിയടങ്കലിൽ 21.34% വർദ്ധന വരുത്തിയിട്ടുള്ളത്. 12-ാം പഞ്ചവത്സരപദ്ധതിയുടെ മൊത്തം അടങ്കലായ 1,02,000 കോടി രൂപയിൽ 17,000 കോടി രൂപയുടെ പദ്ധതിയാണ് ഈ വർഷത്തെ അടങ്കൽ എന്നത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

11. നമ്മുടെ സംസ്ഥാനത്തിന്റെ ബഡ്ജറ്റ് അടങ്കൽ ജി.എസ്.ഡി.പി.-യുമായി താരതമ്യം ചെയ്യുമ്പോൾ അഖിലേന്ത്യാശരാശരിയിലും കുറവാണ് എന്നതിന്റെ പശ്ചാത്തലത്തിൽ അത് ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള പരിശ്രമം കൂടി ഞാൻ ഈ ബഡ്ജറ്റിൽ നടത്തിയിട്ടുണ്ട്. 2011-12-ൽ ജി.എസ്.ഡി.പി. യുടെ 16.2 ശതമാനവും 2012-13-ൽ 16.4 ശതമാനവും ആയിരുന്ന ബഡ്ജറ്റ് അടങ്കൽ ഈ ബഡ്ജറ്റിൽ 16.7 ശതമാനമായി ഉയർത്തിയിട്ടുണ്ട്.

12. അടുത്ത ദശകത്തിലെ വികസിത കേരളത്തെപ്പറ്റി വ്യക്തമായ ഒരു കാഴ്ചപ്പാട് എനിക്കുണ്ട്. അത് സാക്ഷാത്കരിക്കുവാൻ ഉതകുന്ന ഒരു ബഡ്ജറ്റാണ് ഞാൻ ലക്ഷ്യമിടുന്നത്. കേരളത്തിന്റെ ശരാശരി ആളോഹരി വരുമാനം 2023-ൽ ബ്രിക്സ് രാജ്യങ്ങളോടൊപ്പം ഉയർത്തുക എന്നതാണ് എന്റെ സ്വപ്നം. പശ്ചാത്തല സൗകര്യങ്ങളും മനുഷ്യവികസന സൂചികയും വികസിതരാജ്യങ്ങളോടൊപ്പം എത്തിക്കുകയെന്ന ലക്ഷ്യമാണ് ഞാൻ ഉന്നം വെയ്ക്കുന്നത്. ആധുനിക ഗതാഗതസൗകര്യങ്ങളും, എല്ലാവർക്കും വെള്ളം,

വൈദ്യുതി എന്നിവയുടെ ലഭ്യതയും, മെച്ചപ്പെട്ട ആരോഗ്യ, വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇതിനായി ഉറപ്പു വരുത്തേണ്ടതുണ്ട്. എല്ലാവർക്കും തൊഴിൽ എന്ന ലക്ഷ്യം സാക്ഷാത്കരിച്ചാൽ മാത്രമേ ഇതിനാവശ്യമായ വിഭവലഭ്യത ഉറപ്പുവരുത്തുവാൻ കഴിയുകയുള്ളൂ. അതിനാകട്ടെ, ഉയർന്ന തൊഴിൽ വൈദഗ്ധ്യവും മെച്ചപ്പെട്ട തൊഴിൽ സംസ്കാരവും അനിവാര്യമാണ്. ഈ ലക്ഷ്യങ്ങൾ മുൻനിർത്തി, കഴിഞ്ഞ ബഡ്ജറ്റിൽ ആവിഷ്കരിച്ച സപ്തതല വികസനതന്ത്രത്തിന്റെ അടുത്ത പടി കയറാനാണ് ഞാൻ ഈ ബഡ്ജറ്റിൽ ഊന്നൽ നൽകിയിരിക്കുന്നത്. എല്ലാവർക്കും ഭക്ഷണം, എല്ലാവർക്കും ആരോഗ്യം, എല്ലാവർക്കും ജീവിതഭദ്രത എന്നിവ കൈവരുത്തുവാൻ ഉതകുന്ന സംസ്ഥാനപതാകനൗക (flagship) പരിപാടികളും സവിശേഷപദ്ധതികളും ആദ്യം ഞാൻ അവതരിപ്പിക്കുന്നു.

## സംസ്ഥാനപതാക നൗക പരിപാടികൾ

## (Flagship Programmes)

### പദ്ധതിനിർവ്വഹണ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കൽ:

**13.** കേരളത്തിൽ വർഷങ്ങളായി നിലനില്ക്കുന്ന പദ്ധതിനിർവഹണത്തിലെ പോരായ്മകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. പദ്ധതിഅടങ്കലിന്റെ അധികപങ്കും ചിലവഴിക്കുന്നതു ഫെബ്രുവരി-മാർച്ചു മാസത്തിലാണ്. മാത്രമല്ല, പദ്ധതിച്ചെലവിൽ മൂലധനനിക്ഷേപശതമാനം താരതമ്യേന കുറവുമാണ്. മെച്ചപ്പെട്ട പദ്ധതിരൂപകല്പനയോടൊപ്പം കാലവിളംബവും അനാവശ്യച്ചെലവും ഇല്ലാത്ത നിർവ്വഹണമാണ് നാം ലക്ഷ്യമിടേണ്ടത്. ഇത് കൈവരിക്കാനുതകുന്ന രീതിയിൽ നിർവ്വഹണശൈലി നവീകരിക്കുകയും പരിഷ്കരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കും:

- കാലവിളംബം ഒഴിവാക്കുന്നതിന് പദ്ധതികളുടെ രൂപകല്പന ഏപ്രിൽ-മെയ് മാസങ്ങളിൽത്തന്നെ പൂർത്തിയാക്കുന്നതാണ്. പദ്ധതികൾ രൂപകല്പന ചെയ്യുന്നതിന് സാങ്കതികവിദഗ്ദരുടെ സേവനം വിവിധതലങ്ങളിൽ പ്രയോജനപ്പെടുത്തുന്നതാണ്.

- വിവിധവകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പദ്ധതിനിർവ്വഹണത്തിൽ വിദഗ്ദപരിശീലനം ലഭ്യമാക്കുന്നതാണ്.
- ഗവണ്മെന്റ് സെക്രട്ടറിമാരുടെയും വകുപ്പുമേധാവികളുടെയും പൊതു നിയന്ത്രണത്തിനു വിധേയമായി ഓരോ പദ്ധതിയുടെയും നിർവ്വഹണ ഉത്തരവാദിത്തം ഒരു പ്രത്യേക ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കുന്നതാണ്. പദ്ധതി പ്രവർത്തനങ്ങൾ നിരന്തരമായി മോണിറ്റർ ചെയ്യുക എന്നത് ഇദ്ദേഹത്തിന്റെ ചുമതലയായിരിക്കും. നിർവ്വഹണഉദ്യോഗസ്ഥന്റെ പേര് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. പദ്ധതി നടത്തിപ്പിൽ കാര്യക്ഷമത പ്രകടിപ്പിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് മതിയായ പ്രോത്സാഹനവും അംഗീകാരവും നൽകുന്നതായിരിക്കും. അതോടൊപ്പം ഈ രംഗത്ത് പ്രകടിപ്പിക്കുന്ന കുറ്റകരമായ വീഴ്ചകളെ ഗവണ്മെന്റ് ഗൗരവമായി കാണുന്നതും അതിനെതിരെ യുക്തവും കർശനവുമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്.
- ഇലക്ട്രോണിക് സംവിധാനത്തിലൂടെ പദ്ധതികൾക്ക് അനുമതി നല്കുന്നതും ഫണ്ടു വിതരണം നടത്തുന്നതും പദ്ധതികൾ മോണിട്ടർ ചെയ്യുന്നതുമാണ്.
- ബഡ്ജറ്റ് പ്രസംഗത്തിലെ പുതിയ പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നത് ഉറപ്പുവരുത്തുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതും പദ്ധതികൾ സമയബന്ധിതമായി നടക്കുന്നു എന്നു ഉറപ്പു വരുത്തുന്നതുമാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സാമൂഹ്യ പെൻഷനുകൾ, മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവ വർദ്ധിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഏപ്രിൽ മാസത്തിൽ തന്നെ പുറപ്പെടുവിക്കുന്നതാണ്.

**കർഷകരക്ഷാ പരിപാടികൾ**

14. നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് കർഷകരാണ്. കാർഷികമേഖലയുടെ വളർച്ചയെ ആശ്രയിച്ചാണ് രാജ്യത്തിന്റെ പൊതുവികസനം സ്ഥിതി

ചെയ്യുന്നത്. നിർഭാഗ്യമെന്നുപറയട്ടെ, ഈ മേഖല തളർന്നുകൊണ്ടിരിക്കുകയാണ്. അതിനാൽ, കാർഷക സമ്പദ് വ്യവസ്ഥയുടെ മുന്നേറ്റത്തിനും കർഷകരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടി താഴെപറയുന്ന സുപ്രധാന പദ്ധതികൾ പ്രഖ്യാപിക്കുന്നു.

15. **ചെറുകിട കർഷകരുടെ പലിശ ബാദ്ധ്യത എഴുതിത്തള്ളുന്നു:** ഒരു ഹെക്ടറോ അതിൽത്താഴെയോ ഭൂമിയുള്ള ചെറുകിടകർഷകർ സഹകരണ ബാങ്കുകൾവഴി എടുത്തിട്ടുള്ള നബാർഡ് കാർഷിക വായ്പയുടെ പലിശ ഇനത്തിൽ 15-03-2013-ൽ കൊടുത്തുതീർക്കുവാൻ അവശേഷിക്കുന്ന കുടിശ്ശിക തുക മുഴുവൻ സർക്കാർ എഴുതിത്തള്ളുന്നു. വായ്പയുടെ മുതൽ അടയ്ക്കുന്നവർക്ക് വൺടൈം സെറ്റിൽമെന്റ് എന്ന നിലയ്ക്കായിരിക്കും ഈ പലിശ സൗജന്യം നൽകുക. അതുമൂലം ഉളവാകുന്ന സാമ്പത്തിക ബാദ്ധ്യത സഹകരണ സ്ഥാപനങ്ങൾക്ക് ഗവണ്മെന്റ് നികത്തിക്കൊടുക്കുന്നതാണ്. ഇതിലേക്ക് 50 കോടി രൂപ മാറ്റിവെക്കുന്നു.

16. **എല്ലാ ചെറുകിട കർഷകർക്കും പലിശ രഹിത കാർഷികവായ്പ ഉറപ്പാക്കുന്നു:** ഒരു ഹെക്ടറോ അതിൽതാഴെയോ ഭൂമിയുള്ള ചെറുകിട കർഷകർക്ക് ഇനി മുതൽ പലിശരഹിതവായ്പ സംസ്ഥാന സർക്കാർ ഉറപ്പാക്കുന്നതാണ്. അവർ സഹകരണ ബാങ്കുകളിൽ നിന്ന് എടുക്കുന്ന നബാർഡ് റീഫൈനാൻസ് ചെയ്യുന്ന കാർഷിക വായ്പയ്ക്ക് കൊടുക്കേണ്ട പലിശ ഇനി മുതൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതും അതുമൂലമുണ്ടാകുന്ന സാമ്പത്തികബാദ്ധ്യത സംസ്ഥാന ഗവണ്മെന്റ് സഹകരണ ബാങ്കുകൾക്കു നികത്തിക്കൊടുക്കുന്നതുമാണ്. ഇതിലേക്ക് 30 കോടി രൂപ മാറ്റിവെക്കുന്നു. വാണിജ്യബാങ്കുകളിൽ നിന്നോ സ്വകാര്യ ബാങ്കുകളിൽ നിന്നോ എടുക്കുന്ന മറ്റുതരം ഹ്രസ്വകാല കാർഷികവായ്പകൾ പരമാവധി 4% പലിശയ്ക്ക് കേന്ദ്രസഹായത്തോടെ കർഷകർക്ക് ലഭ്യമാകുന്നതാണ്.

17. **കാർഷികവായ്പാതിരിച്ചടവിന് റിസ്ക് ഇൻഷ്വറൻസ്:** വായ്പയെടുത്ത കുടുംബനാഥൻ മരണപ്പെടുകയോ, നിത്യരോഗങ്ങൾ മൂലമോ അപകടങ്ങൾ മൂലമോ കിടപ്പിലായി കാർഷികവായ്പകൾ തിരിച്ചടക്കുവാൻ കഴിയാതെ വന്നാൽ ആ വ്യക്തികളുടെ നോൺ പെർഫോമിംഗ് അസറ്റ്സ് ഏറ്റെടുത്ത്,

കടക്കാർക്ക് പൂർണ സംരക്ഷണം നൽകുന്നതിന് റിസ്ക് ഇൻഷുറൻസ് പദ്ധതി വിപുലീകരിക്കുന്നതാണ്. ദാരുണമായ അവസ്ഥയിൽപ്പെടുന്ന പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ഈ പദ്ധതി അനുഗ്രഹമായിരിക്കും.

18. **കാർഷികാദായനികുതിയിൽ നിന്നും വ്യക്തികളെ ഒഴിവാക്കൽ:** കേരളത്തിന്റെ വളർച്ചയിൽ കാർഷികമേഖലയ്ക്കുള്ള പങ്ക് മർമ്മ പ്രധാനമാണ്. എന്നാൽ ഈ മേഖലയിലുള്ള വളർച്ച പരിമിതമായതിനാൽ അത് ത്വരിതപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനുള്ള ഒരു മാർഗ്ഗം നികുതിഘടനയുടെ പരിഷ്കാരമാണെന്ന് ഞാൻ വിചാരിക്കുന്നു. കാർഷികാദായത്തിന് നികുതി ഈടാക്കുന്ന ചുരുക്കം സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. തമിഴ്നാട് ഇതിനകം ഇതൊഴി വാക്കുകയും കർണ്ണാടകം ഈ നികുതി കമ്പനികൾക്ക് മാത്രമായി നിജപ്പെടുത്തുകയുമുണ്ടായി. പ്ലാന്റേഷൻ സ്റ്റഡി കമ്മിറ്റി വളരെ മുമ്പുതന്നെ ഈ നികുതി ഒഴിവാക്കണം എന്ന് ശുപാർശ ചെയ്യുകയുണ്ടായി. ആകെ പിരിച്ചെടുക്കുന്ന കാർഷികാദായനികുതിയിൽ 10 ശതമാനത്തിനു താഴെ യാണ് കമ്പനികളല്ലാത്ത നികുതിദായകരിൽ നിന്ന് ലഭ്യമാകുന്നത്. ഈ സാഹചര്യത്തിൽ, കർഷകർക്ക് ഉത്തേജനം നൽകുന്നതിനായി, കമ്പനി കളല്ലാത്ത കാർഷിക നികുതിദായകരെ കാർഷികാദായ നികുതിയിൽ നിന്ന് സമ്പൂർണ്ണമായി ഒഴിവാക്കുന്നു.

19. **സംയോജിതകൃഷിത്തോട്ടപദ്ധതി**: കാർഷിക മേഖലയ്ക്ക് മൂല്യവർദ്ധന യിലൂടെ ഒരു പുത്തൻ ഉണർവ്വ് നൽകുവാൻ ഹൈടെക് കൃഷിരീതി ഉൾപ്പടെ വിവിധപദ്ധതികൾ ഞാൻ കഴിഞ്ഞ ബഡ്ജറ്റിൽ ആവിഷ്കരിച്ചിരുന്നു. കേരളത്തിലെ ശരാശരി ലാൻഡ്ഹോൾഡിംഗ് 0.27 ഹെക്ടർ മാത്രമാണ് എന്നതിനാൽ, ഹൈടെക്ക് കൃഷിരീതികൾ അവലംബിക്കുന്ന ആധുനിക കൃഷിത്തോട്ടങ്ങൾ സംയോജിതമാതൃകയിൽ ഒരു ഇക്കണോമിക് യൂണിറ്റായി സംവിധാനം ചെയ്യുന്ന പദ്ധതി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഒരേക്കർ വരെയുള്ള കൃഷിയിടത്തിൽ വിവിധതരം കാർഷിക-ഫല-പുഷ്പ വിളകളോടൊപ്പം താഴെപ്പറയുന്ന മൂന്നോ അതിലധികമോ കൃഷികളെ സംയോജിപ്പിച്ചുകൊണ്ട് പുതിയ ചെറുകിട കൃഷിത്തോട്ടങ്ങൾ

സജ്ജീകരിക്കുന്ന സംരംഭകർക്ക് പ്രോത്സാഹനമെന്നനിലയ്ക്ക് ഏക്കറിന് 10000 രൂപ നൽകുന്നതാണ്:

1. കോഴി/താറാവ്/ടർക്കി/കാട/മുയൽകൃഷി
2. മത്സ്യക്കൃഷി
3. തേനീച്ചക്കൃഷി
4. കൂൺ കൃഷി
5. പുഷ്പക്കൃഷി

ഇത്തരം കൃഷികൾ സജ്ജീകരിക്കുന്നവർക്ക് കൃഷി-മൃഗസംരക്ഷണ വകുപ്പുകളുടെ സാങ്കേതികസഹായവും നല്കുന്നതാണ്. ഓരോ പഞ്ചായത്തിലും 10 കൃഷിത്തോട്ടം എന്ന കണക്കിൽ 10,000 കൃഷി ത്തോട്ടങ്ങൾ ഈ വർഷം ആരംഭിക്കാൻ സഹായം നല്കും.

20. **മാതൃകാഹൈടെക്ക്-ഹരിത ഗ്രാമങ്ങൾ:** പൊതുവേ, എല്ലാ വീടുകളിലും സൗരോർജ്ജം, മഴവെള്ളസംഭരണം, ഉറവിട മാലിന്യസംസ്കരണം എന്നീ പദ്ധതികൾ നടപ്പിലാക്കുകയും ഹൈടെക് കൃഷിരീതികളും ജൈവകൃഷിയും പരിസ്ഥിതി സംരക്ഷണവും കൈവരിക്കുകയും ചെയ്യുന്ന വില്ലേജു കളെയാണ് ഹൈടെക്ക് ഹരിതഗ്രാമങ്ങൾ എന്ന് വിവക്ഷിക്കുന്നത്. ഭക്ഷ്യസുരക്ഷ, ജലസുരക്ഷ, ഊർജ്ജസുരക്ഷ, പരിസ്ഥിതിസുരക്ഷ എന്നിവ ഉറപ്പുവരുത്തുന്ന ഇത്തരം മാതൃകാഗ്രാമങ്ങൾ അംഗീകൃത മാനദണ്ഡ ങ്ങൾക്കനുസരിച്ച് ജില്ലയിൽ ഒന്ന് എന്ന കണക്കിൽ 14 എണ്ണം സ്ഥാപി ക്കുന്നതാണ്. ഇവ സംവിധാനം ചെയ്യുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും വൈദഗ്ധ്യവും, സാമ്പത്തിക പിൻബലവും ഗവണ്മെന്റ് നല്കുന്നതാണ്. വിവിധ പദ്ധതികൾക്ക് നിലവിലുള്ള ഫണ്ടിനുപരിയായി ഒരു ഗ്രാമത്തിന് 3 കോടി എന്ന കണക്കിൽ 14 ഗ്രാമങ്ങൾക്കായി 42 കോടി രൂപ വകയിരുത്തുന്നു.

21. **നെല്ലുസംഭരണം:** ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നെല്ലുസംഭരണം വളരെ കാര്യക്ഷമമായ രീതിയിൽ നടത്തുവാൻ ആവശ്യമായ തുക മാറ്റിവെക്കുവാൻ കഴിഞ്ഞതിൽ എനിക്കു വളരെ

ചാരിതാർത്ഥ്യമുണ്ട്. ഈ വർഷം ഈയിനത്തിൽ 215 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു. സംഭരിച്ച നെല്ലിന്റെ പ്രതിഫലം അപ്പോൾ തന്നെ കർഷകനു ലഭ്യമാക്കാൻ അടുത്ത വർഷം മുതൽ നടപടി സ്വീകരിക്കുന്നതാണ്. കൊയ്ത്തുസീസൺ ആരംഭിക്കുമ്പോൾ നെല്ല് സംഭരണത്തിന് ആവശ്യമായ തുക അതാത് ജില്ലാ സഹകരണ ബാങ്കുകളിൽ രൂപീകരിക്കപ്പെടുന്ന റിവോൾവിംഗ് ഫണ്ടിലേക്ക് ഗവണ്മെന്റ് നിക്ഷേപിക്കുന്നതായിരിക്കും. നെല്ല് സംഭരണം നടക്കുമ്പോൾത്തന്നെ അതിന്റെ വിലയ്ക്കുള്ള ചെക്ക്, സർവ്വീസ് സഹകരണ ബാങ്കുകൾ വഴി കൃഷിക്കാർക്ക് നല്കുന്നതാണ്. സംഭരിച്ച നെല്ല് അരിയാക്കി വിപണനം ചെയ്യുന്നതിന് വേണ്ടി വയനാട്, കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിൽ സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഓരോ അരിമില്ലുകൾ സ്ഥാപിക്കുന്നതാണ്. ഇതിനു വേണ്ടി 14 കോടി രൂപ അധികം വകയിരുത്തുന്നു.

22. **കർഷക ഉത്പാദക സംഘങ്ങളും കർഷകമാർക്കറ്റുകളും:** കൃഷിക്കാരന്റെ ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് നിത്യോപയോഗസാധനങ്ങളും ലഭ്യമാക്കുന്നതിന് കർഷക ഉത്പാദക സംഘങ്ങളുടെ ആഭിമുഖ്യത്തിൽ കർഷകമാർക്കറ്റുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഉത്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കോൾഡ് സ്റ്റോറേജ് സംവിധാനമുള്ള ഇത്തരം മാർക്കറ്റുകൾ എല്ലാ താലൂക്കുകളിലും ഗവണ്മെന്റ് സ്ഥാപിക്കുന്നതാണ്. അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമെങ്കിൽ അവിടെയും, മറ്റിടങ്ങളിൽ ഉത്പാദക സംഘങ്ങളുടെയോ, സഹകരണസംഘങ്ങളുടേയോ, കർഷകസംഘടകളുടെയോ സ്ഥലത്തും ആയിരിക്കും ഇവ സ്ഥാപിക്കപ്പെടുന്നത്. വനിതകൾ വനിതകൾക്കുവേണ്ടി നടത്തുന്ന മാർക്കറ്റുകളും ഇത്തരത്തിൽ സ്ഥാപിക്കുന്നതാണ്. ഇതുകൂടാതെ പ്രധാനനഗരങ്ങളിൽ അഗ്രിമാളുകളും ആരംഭിക്കുന്നതാണ്. ഈ പദ്ധതിക്കു വേണ്ടി 25 കോടി രൂപ നീക്കിവെക്കുന്നു.

23. **ജൈവകൃഷിക്ക് കേരളബ്രാൻഡ്:** ജൈവകൃഷിയുടെ വികസനത്തിനും അതുവഴി ഒരു ആഗോളബ്രാൻഡ് വികസിപ്പിക്കുന്നതിനും ഏറ്റവും

സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. ഈ രംഗത്തെ വികസനത്തിന് ഘട്ടംഘട്ടമായ ഒരു സമീപനമാണ് ഞാൻ വിഭാവനം ചെയ്യുന്നത്. ആദ്യഘട്ടത്തിൽ കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ ഓരോ താലൂക്കുകളെ ജൈവതാലൂക്കുകളായി വികസിപ്പിച്ചെടുക്കും. ഈ പദ്ധതിയുടെ ഭാഗമായി 'ഗന്ധകശാല' പോലുള്ള പ്രാദേശിക ഇനം ഉല്പന്നങ്ങൾക്ക് ബ്രാൻഡ് അംഗീകാരം നേടിയെടുക്കുന്നതിന് ആവശ്യമായ പിൻബലം നൽകും. ജൈവവളം, ജൈവകീടനാശിനി, രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ, ടിഷ്യൂകൾച്ചർ തൈകൾ എന്നിവയുടെ ഉല്പാദനം പ്രോൽസാഹിപ്പിക്കുന്നതിനായി മേൽപ്പറഞ്ഞ ജില്ലകളിൽ ഗവേഷണ സ്ഥാപനങ്ങളും ഉല്പാദനയൂണിറ്റുകളും സ്ഥാപിക്കുന്നതാണ്. അതിലേക്ക് 12 കോടി രൂപ മാറ്റിവെക്കുന്നു.

24. **തെങ്ങിൽ നിന്നും നീര ഉത്പാദനം**: നാളികേരോല്പാദനരംഗത്ത് മൂല്യവർദ്ധന കൈവരിക്കുന്നതിനായി ബയോപാർക്കുകൾക്ക് ഞാൻ കഴിഞ്ഞ ബഡ്ജറ്റിൽ തുടക്കം കുറിച്ചിരുന്നു. ഈ രംഗത്ത് ഏറ്റവും വലിയൊരു മൂല്യവർദ്ധിതപരിപാടിയാണ് നീര ഉല്പാദനം. തെങ്ങിൽ നിന്ന് നീര ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞാൽ കേരകർഷകർക്ക് കൂടുതൽ വരുമാനവും ചെത്തുതൊഴിലാളികൾക്ക് കൂടുതൽ ജോലിസാദ്ധ്യതയും ഉറപ്പുവരുത്താൻ കഴിയും. അയൽസംസ്ഥാനമായ കർണാടകയിൽ ഇതിനകം തന്നെ നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനം ആരംഭിച്ചിരിക്കുന്നു. കൃഷിക്കാർ ഉത്പാദിപ്പിക്കുന്ന നീര ശേഖരിച്ച് പാനീയമാക്കി വിപണനം ചെയ്യുന്നതിന് പുത്തൻ സാങ്കേതികവിദ്യ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതു പ്രയോജനപ്പെടുത്തി ഈ വർഷം സംസ്ഥാനത്ത് നാളികേരത്തിൽ നിന്ന് നീരാ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ പത്ത് ജില്ലകളിൽ നീരാ യുണീറ്റുകൾ സ്ഥാപിക്കുന്നതാണ്. അതിലേക്ക് 15 കോടി രൂപാ വകയിരുത്തുന്നു.

25. **കൃഷിക്കാർക്ക് സമഗ്രവിള ഇൻഷുറൻസ്:** കാലാവസ്ഥാവ്യതിയാനം കാർഷികരംഗത്ത് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ നേരിടാൻ കേരളത്തെ സജ്ജമാക്കേണ്ടതുണ്ട്. കാലാവസ്ഥ അടിസ്ഥാനപ്പെടുത്തിയുള്ള വിള ഇൻഷ്വറൻസ് ഇപ്പോൾ നെല്ല്, കശുവണ്ടി. കുരുമുളക് എന്നീ വിളകൾക്കു മാത്രമേ നിലവിലുള്ളു. അതു തന്നെയും കടമെടുക്കുന്ന കർഷകർക്കു മാത്രമേ ലഭിക്കുന്നുള്ളൂ. ഇതിന്റെ പ്രയോജനം കേരളത്തിലെ എല്ലാ കർഷകർക്കും ലഭ്യമാക്കുന്നതിന്, എല്ലാ പ്രധാനപ്പെട്ട വിളകളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര ഇൻഷുറൻസ് പദ്ധതി 2013-14-ൽ നടപ്പിലാക്കും. ഇതിനുവേണ്ടി 20 കോടി രൂപ വകയിരുത്തുന്നു.

## 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ

26. സാധാരണക്കാരായ ആളുകൾക്ക് പ്രത്യേകിച്ച് തൊഴിലാളി വിഭാഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഭക്ഷണം ഉറപ്പുവരുത്തുക എന്നത് പ്രധാനപ്പെട്ട ഒരാവശ്യമാണ്. അതിനുവേണ്ടി ന്യായവിലയ്ക്ക് ഭക്ഷണം നൽകുന്ന ഹോട്ടലുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യപ്രാപ്തിയ്ക്കായി 20 രൂപ നിരക്കിൽ എല്ലാവർക്കും ഭക്ഷണം നൽകുന്നതിനായി 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ആരംഭിക്കുന്നതാണ്. കുടുംബശ്രീ, ജനശ്രീ, ഗൃഹശ്രീ തുടങ്ങിയ മഹിളാസംഘടനകളിൽക്കൂടി ഇത് നടപ്പിലാക്കുന്നതാണ്. ഹോട്ടലുകൾക്ക് കെട്ടിടവാടക, ഇലക്ട്രിസിറ്റി, വാട്ടർ ചാർജ്ജ് എന്നീ ചെലവുകൾക്ക് പ്രതിവർഷം 5 ലക്ഷം രൂപ വരെ സർക്കാർ ഗ്രാന്റ് നല്കും. ഇതിനു പുറമേ പ്രതിവർഷം 50000 രൂപ മാനേജീരിയൽ സബ്സിഡിയും വിവിധ സർക്കാർ ഏജൻസികൾ വഴി ഭക്ഷ്യധാന്യങ്ങൾ, പലവ്യഞ്ജനം, പച്ചക്കറികൾ, മത്സ്യം തുടങ്ങിയവയും ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതാണ്. കൂടാതെ, സൗജന്യ നിരക്കിൽ ഗ്യാസ് കണക്ഷനും നൽകുന്നതാണ്.

**സുസ്ഥിരതൊഴിൽ വികസന പദ്ധതി**

27. തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കുക എന്നത് കേരളത്തിന്റെ അടിയന്തിരാവശ്യമാണ്. അഞ്ചുവർഷക്കാലം കൊണ്ട് തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കുവാൻ ഉതകുന്ന നൂതനമായ ഒരു സുസ്ഥിരതൊഴിൽ വികസന പദ്ധതി ഞാൻ കാഴ്ചവെക്കുന്നു. താഴെപ്പറയുന്ന ആറിന പരിപാടികളാണ് ഇതിൽ ഞാൻ വിഭാവനം ചെയ്യുന്നത്.

28. **വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്ലെയ്സ്മെന്റ് സെല്ലുകൾ:** തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണണമെങ്കിൽ എല്ലാവർക്കും തൊഴിൽ വൈദഗ്ദ്ധ്യം പകർന്നു കൊടുക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ ഞാൻ പ്രഖ്യാപിച്ച അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം, അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം എന്നിവ നടപ്പിലായിക്കഴിഞ്ഞു. സംസ്ഥാനത്ത് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഇന്റർവ്യൂവിൽ പങ്കെടുത്ത് പ്ലെയ്സ്മെന്റ് ഉറപ്പു വരുത്തുന്നതിന് എല്ലാ കോളേജുകളിലും, പോളിടെക്നിക്, ഐടിഐ എന്നിവയിലും പ്ലെയ്സ്മെന്റ് സെല്ലുകൾ ആരംഭിക്കുന്നതാണ്. ഇതിനു വേണ്ടി 8 കോടിരൂപ മാറ്റിവെയ്ക്കുന്നു.

29. **കരിയർ ഡെവലപ്മെന്റ് മിഷൻ:** തൊഴിലന്വേഷകരുടെ വ്യക്തിത്വ വികസനത്തിനും അവരുടെ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉയർന്ന നിലവാരത്തിലേക്ക് മികവ് എത്തിക്കുന്നതിനും സ്ഥിരം പരിശീലന വേദികൾ ആവശ്യമാണെന്ന് ഞാൻ കരുതുന്നു. വിവിധ തലങ്ങളിൽ ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ എല്ലാ ജില്ലകളിലും ഇത്തരം ഓരോ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 7 കോടിരൂപ വകയിരുത്തുന്നു.

30. **തൊഴിൽ അവസരസൃഷ്ടിയ്ക്ക് സ്റ്റാർട്ട് അപ്പ് സബ്സിഡി:** നിർദ്ദിഷ്ട മേഖലകളിൽ ആരംഭിക്കുന്ന മൈക്രോ, ചെറുകിടവ്യവസായ സംരംഭങ്ങളിൽ പത്തോ അതിൽ കൂടുതലോ തൊഴിലവസരം സൃഷ്ടിക്കപ്പെട്ടാൽ പ്രസ്തുത

തൊഴിലവസരങ്ങൾക്ക് പ്രോത്സാഹനമായി തൊഴിലൊന്നിന് 10000 രൂപ സ്റ്റാർട്ട് അപ് സബ്സിഡി നല്കുന്നതാണ്. ഐ.ടി, ടൂറിസം, ആരോഗ്യ പരിപാലനം, കാർഷികോല്പന്നസംസ്കരണം, ഭക്ഷ്യസംസ്കരണം, ഊർജ്ജോല്പാദനം, ഊർജ്ജക്ഷമതാ ഉല്പന്നങ്ങളുടെ നിർമ്മാണം, ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ, മൊബൈൽ ടെക്നോളജി, റെഡിമെയ്ഡ് ഗാർമെന്റ്സ് എന്നിവയാണ് ഈ മേഖലകൾ. ഇതിന് 2 കോടി രൂപ വകയിരുത്തുന്നു.

31. **പദ്ധതിറിപ്പോർട്ട് മുതൽ ഉല്പാദനം വരെ പിൻബലം:** കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന വിവിധ ഗവേഷണസ്ഥാപനങ്ങളിലെ നൂതന സാങ്കേതികവിദ്യ അടിസ്ഥാനമാക്കി കേരളാ ഫൈനാൻഷ്യൽ കോർപ്പറേഷൻ മോഡൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതും, പ്രസ്തുത വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ താല്പര്യമുള്ള യുവതീയുവാക്കൾക്ക് സാങ്കേതികവിജ്ഞാനവും സാമ്പത്തിക പിൻബലവും നൽകുന്നതുമാണ്. ഭക്ഷ്യ സംസ്ക്കരണം, ഐ.ടി, ഫാഷൻ വസ്ത്രങ്ങൾ, കരകൗശലം, ഉപഹാരവസ്തുക്കൾ, കാർഷികോല്പന്നസംസ്ക്കരണം, മത്സ്യ സംസ്ക്കരണം, ഇവയുടെ പാക്കേജിങ്ങ് തുടങ്ങിയ മേഖലകളിലെ സംരംഭങ്ങൾക്കാണ് സഹായം നല്കുക. ഇത്തരം സംരംഭങ്ങളുടെ ഒരുകോടി രൂപ വരെയുള്ള വായ്പകൾക്ക് 3 ശതമാനവും ഒരുകോടിയിൽ കൂടുതലുള്ള വായ്പകൾക്ക് 2 ശതമാനവും പലിശ സബ്സിഡി സർക്കാർ ലഭ്യമാക്കുന്നതാണ്. ഈ പദ്ധതിക്കു വേണ്ടി 10 കോടി രൂപ വകയിരുത്തുന്നു.

32. **പ്രബന്ധങ്ങൾ, പേറ്റന്റുകൾ, ഇന്നൊവേഷൻ, കണ്ടുപിടുത്തങ്ങൾ, എന്നിവയ്ക്ക് പ്രോത്സാഹനം**: സമസ്ത മേഖലകളിലും ഗവേഷണങ്ങൾക്കും പുതിയ കണ്ടുപിടുത്തങ്ങൾക്കും പ്രോത്സാഹനം നല്കും. ഈ ലക്ഷ്യം മുൻ നിർത്തി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഗവേഷണത്തിന് പിന്തുണ നല്കുവാൻ ഫോസ്റ്ററിംഗ് ലിങ്കേജസ് ഫോർ അക്കാഡമിക് ഇന്നൊവേഷൻ ആൻഡ് റിസർച്ച് (FLAIR) എന്ന പദ്ധതി 6 കോടി രൂപ ചെലവിൽ നടപ്പാക്കും. അദ്ധ്യാപകരോ

വിദ്യാർത്ഥികളോ, തെരഞ്ഞെടുക്കപ്പെട്ട അന്താരാഷ്ട്ര ജേർണലുകളിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങൾക്ക് പ്രോത്സാഹനമായി 5000 രൂപയും പേറ്റന്റുകൾ കരസ്ഥമാക്കുന്ന ഗവേഷകർക്ക് ഒരു ലക്ഷം രൂപയും സംസ്ഥാനസർക്കാർ ധനസഹായം നൽകുന്നതാണ്. ഇതിന് രൂപീകരിക്കുന്ന സമിതിയുടെ ശുപാർശ അനുസരിച്ചായിരിക്കും അവാർഡുകൾ നൽകുന്നത്. ഇതിനായി 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

**33.** ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുവാൻ ഫേസ്ബുക്ക്, ട്വിറ്റർ, ഗൂഗിൾ, ഇ-മെയിൽ, ബ്ലോഗ് സംവിധാനങ്ങൾ വഴി ഇന്നൊവേഷൻ ഗ്രൂപ്പുകൾ ഉണ്ടാക്കി ഇന്നൊവേഷൻ മീറ്റുകൾ സംഘടിപ്പിക്കും. അത്തരം മീറ്റുകളിൽ, ഏറ്റവും നല്ല ഇന്നവേറ്റീവ് പദ്ധതികൾ കാഴ്ചവെക്കുന്ന വിദ്യാർത്ഥികൾക്കും അവർക്ക് ഗൈഡൻസ് കൊടുക്കുന്ന അദ്ധ്യാപകർക്കും ജില്ലാതലത്തിൽ പ്രത്യേക അവാർഡുകൾ നൽകുന്നതാണ്. സംസ്ഥാന ഇന്നവേഷൻ കൗൺസിൽ മുഖാന്തിരമായിരിക്കും തിരഞ്ഞെടുപ്പ് നടത്തുക. അദ്ധ്യാപകനും വിദ്യാർത്ഥിയും ഉൾപ്പെടെ ഒരു ജില്ലയിൽ നിന്ന് രണ്ടു പേർക്കായിരിക്കും അവാർഡ്. അവാർഡ് ജേതാക്കൾക്ക് ഓരോരുത്തർക്കും ഭാരതപഠനയാത്രയ്ക്ക് ഒരു ലക്ഷം രൂപ വീതം നല്കുന്നതാണ്.

**34.** ഉത്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാനും ഉത്പാദനക്ഷമത മെച്ച പ്പെടുത്താനും ഉതകുന്ന പുതിയ കണ്ടുപിടുത്തങ്ങൾക്ക് പ്രോത്സാഹനം നല്കും. ഇതിനായി സമർപ്പിക്കുന്ന അപേക്ഷകൾ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിക്കുന്ന വിദഗ്ധ സമിതി വിലയിരുത്തി അഞ്ചു ലക്ഷം രൂപ വരെയോ പ്രോജക്ട് ചെലവിന്റെ 75 ശതമാനംവരെയോ, ഇതിലേതാണ് കുറവ്, അത്രയും തുക പ്രോത്സാഹന ഗ്രാന്റ് നൽകും. ഇതിലേയ്ക്ക് 50 ലക്ഷം രൂപ വകയിരുത്തുന്നു.

**35. വിദഗ്ധ തൊഴിലാളികൾക്ക് വെബ്സൈറ്റും കാർഷികകർമ്മസേനയും:** വിവിധ തരത്തിലുള്ള വിദഗ്ധ തൊഴിലാളികളെ ഓഫീസുകളിലും, വീടുകളിലും ആവശ്യമുണ്ടെങ്കിലും അവർ യഥാസമയം ലഭ്യമാകുന്നില്ല എന്ന വസ്തുത പരിഗണിച്ച്, മൊബൈൽ മുഖേനയോ ഇന്റർനെറ്റ് മുഖേനയോ വിദഗ്ധ തൊഴിലാളികളെ ആവശ്യാനുസരണം

ലഭ്യമാക്കുന്നതിന് ഒരു വെബ്സൈറ്റ് സംവിധാനം ഈ വർഷം സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതാണ്. ഇതിനായി അക്ഷയ കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണ്. ഇതിന്റെ ഭാഗമായി, കൂടപ്പനക്കുന്നു കൃഷിഭവനിൽ ആരംഭിച്ച കാർഷികകർമ്മസേന സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും വ്യാപിപ്പിക്കുന്നതാണ്. കാർഷികസേവനങ്ങൾ സാങ്കേതികമേന്മയുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കും. ഇതിലേക്കായി ഒരു കോടി രൂപ നീക്കിവെക്കുന്നു.

**അടിസ്ഥാനസൗകര്യവികസനം**

36. അടിസ്ഥാന സൗകര്യവികസനം സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള കുതിപ്പിന്റെ നാഴികക്കല്ലാണ് എന്നതു പരിഗണിച്ച് നിരവധി വൻകിടപദ്ധതികൾക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. കൊച്ചി മെട്രോ, ഹൈസ്പീഡ് റെയിൽ കോറിഡോർ, തിരുവനന്തപുരം-കോഴിക്കോട് മോണോറെയിൽ പ്രോജക്ട്, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം, 35-ാം നാഷണൽ ഗെയിംസ്പദ്ധതികൾ, മൊബിലിറ്റി ഹബ് എന്നിവ അവയിൽ ചിലതാണ്. ഈ പദ്ധതികൾക്ക് നടപ്പുവർഷം 788.93 കോടി രൂപ നൽകിയിട്ടുണ്ട്. കൊച്ചി മെട്രോ പദ്ധതിയ്ക്കാവശ്യമായ സ്ഥലം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കെ.എം.ആർ.എല്ലിന് കൈമാറുന്നത് പുരോഗമിച്ചുവരുന്നു. കേരളത്തിലെ എല്ലാ ജില്ലാതലസ്ഥാനങ്ങളിലും വൈറ്റില മാതൃകയിൽ മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിക്കുന്നതും മറ്റ് അടിസ്ഥാനസൗകര്യ വികസനപദ്ധതികൾ ത്വരിതപ്പെടുത്തുന്നതുമാണ്. ഈ പദ്ധതികളുടെ തുടർപ്രവർത്തനങ്ങൾക്കായി 846 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

37. റെയിൽവേ വികസനപദ്ധതികൾ സംസ്ഥാനങ്ങളുടെ സാമ്പത്തിക സഹകരണത്തോടെ നടപ്പിലാക്കുന്ന കേന്ദ്രപദ്ധതി കേരളത്തിലും ആരംഭിക്കുന്നതാണ്. കൊച്ചുവേളിയിൽ കോച്ച് റിപ്പയർ ആൻഡ് മെയിന്റനൻസ് കേന്ദ്രം സ്ഥാപിച്ചാൽ കേരളത്തിലെ കോച്ച് ലഭ്യത വർദ്ധിപ്പിക്കാൻ കഴിയും. അത് ഈ വർഷം തന്നെ നടപ്പിലാക്കുന്നതിന്

സംസ്ഥാന വിഹിതമായി 5 കോടി രൂപ മാറ്റിവെക്കുന്നു. കൊച്ചി മെട്രോ നടപ്പാക്കുന്നതോടനുബന്ധിച്ച് അനിവാര്യമാണ് എറണാകുളം ൗൺ സ്റ്റേഷൻ വികസനം. ഇതോടൊപ്പം തൃശ്ശൂർ, കൊല്ലം, കോഴിക്കോട്, കോട്ടയം എന്നീ സ്റ്റേഷനുകൾ കൂടി വികസിപ്പിക്കുന്നതിന് 10 കോടി രൂപ മാറ്റിവെക്കുന്നു. ശബരിറെയിൽപ്പാതനിർമ്മാണം ഈ വർഷം തന്നെ തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

**സൗരോർജ്ജ ഉത്പാദനവും മഴവെള്ള സംഭരണവും**

38. കേരളത്തിലെ വൈദ്യുതപ്രതിസന്ധിയ്ക്ക് പരിഹാരമെന്ന നിലയിൽ പുതിയ ഊർജ്ജസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി നമ്മുടെ ജലാശയങ്ങളിൽ ഫ്ളോട്ടിംഗ് സോളാർ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് സംസ്ഥാന ഗവണ്മെന്റ് തുടക്കം കുറിക്കുകയാണ്. ആഗോള തലത്തിൽ നിലവിലുള്ള വൈദ്യുതി ഉത്പാദന സംവിധാനങ്ങളിൽ ഏറ്റവും നൂതനവും പരിസ്ഥിതി സൗഹാർദ്ദപരവുമാണ് ഈ നിലയങ്ങൾ. ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ചുള്ളിയാർ, മീങ്കര എന്നിവിടങ്ങളിൽ 20 മെഗാവാട്ട് വൈദ്യുതി ഈ വർഷംതന്നെ ഉത്പാദിപ്പിക്കും. ഇതിനായി 20 കോടി രൂപ വകയിരുത്തുന്നു.

39. ഗ്രിഡ് കണക്ഷനോടുകൂടി റൂഫ്ടോപ്പ് സൗരോർജ്ജസംവിധാനം ഏർപ്പെടുത്തുന്നവർ ഗ്രിഡിലേക്ക് നൽകുന്ന ഓരോ യൂണിറ്റ് നെറ്റ് വൈദ്യുതിക്കും സംസ്ഥാന ഗവണ്മെന്റ് ഒരു രൂപ വീതം സബ്സിഡി നൽകുന്നതാണ്. ഗ്രിഡുമായി ബന്ധിപ്പിച്ച സൗരോർജ്ജപാനലുകൾ ഗവണ്മെന്റ് ഓഫീസുകളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ഓരോ കിലോവാട്ട് ശേഷിയുള്ള 25000 ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതുമൂലം 25 മെഗാവാട്ടിന്റെ സ്ഥാപിതശേഷി കൈവരിക്കാനാവും. ഈ പ്രവർത്തനങ്ങൾക്കായി 15 കോടി രൂപ മാറ്റിവെക്കുന്നു.

40. പുതുതായി നിർമ്മിക്കുന്ന 2000 ചതുരശ്ര അടിയിൽ കൂടുതൽ ഉള്ള വീടുകളോടനുബന്ധിച്ച് മഴവെള്ളസംഭരണം, ഉറവിടമാലിന്യസംസ്കരണം

എന്നീ സംവിധാനങ്ങൾ നിർബ്ബന്ധമാക്കുന്നതാണ്. സൗരോർജ്ജമുൾപ്പെടെ, നിർദ്ദിഷ്ട അളവിലും രീതിയിലും ഇവ സജ്ജീകരിക്കുന്നവർക്ക് ഒറ്റത്തവണ കെട്ടിടനികുതിയിൽ 50% ഇളവ് നല്കുന്നതാണ്.

41. സോളാർപാനലുകളുടെ നിർമ്മാണ-സംയോജനവ്യവസായം സംസ്ഥാനത്ത് വളർത്തിയെടുക്കേണ്ടത് ആവശ്യമാണ്. ഇതിനുവേണ്ടി ഒരു സോളാർ വ്യവസായപാർക്ക് സ്ഥാപിക്കുന്നതിന് 2 കോടി രൂപ മാറ്റിവെക്കുന്നു.

**സാമൂഹ്യക്ഷേമപരിപാടികൾ**

42. സംസ്ഥാനത്ത് നിലവിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും താഴെപ്പറയുന്ന വിധം വർദ്ധിപ്പിക്കുന്നതാണ്.

| പെൻഷൻ/ആനുകൂല്യം | ഇപ്പോഴത്തെ നിരക്ക്(രൂ) | വർദ്ധിപ്പിച്ച നിരക്ക്(രൂ) |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 400 | 500 |
| കർഷക പെൻഷൻ | 400 | 500 |
| വിധവാ പെൻഷൻ | 525 | 700 |
| വികലാംഗപെൻഷൻ | 525 | 700 |
| 80% നു മേൽ വൈകല്യം ഉള്ളവർക്ക് | 700 | 1000 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 525 | 700 |
| വാർദ്ധക്യകാല പെൻഷൻ | 400 | 500 |
| 80 വയസ്സ് കഴിഞ്ഞവർക്ക് | 900 | 1100 |

| | | |
|---|---|---|
| അനാഥാലയങ്ങൾ, വൃദ്ധ സദനങ്ങൾ, യാചക മന്ദിരങ്ങൾ, വികലാംഗർക്കു വേണ്ടിയുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് നൽകുന്ന പ്രതിമാസ ഗ്രാന്റ് | 525 | 700 |
| സർക്കാർ എയ്ഡഡ് അന്ധ-ബധിര വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിന് പ്രതിമാസ ഗ്രാന്റ് | 750 | 900 |
| വൃക്ക തകരാറു മൂലം സ്ഥിരമായി ഡയാലിസിസ് വേണ്ടി വരുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വൃക്ക രോഗികൾക്ക് നൽകുന്ന പ്രതിമാസ പെൻഷൻ | 525 | 900 |
| ക്ഷയ രോഗികൾക്കുള്ള ധനസഹായം | 525 | 800 |
| കുഷ്ഠ രോഗികൾക്കുള്ള ധനസഹായം | 525 | 800 |
| ക്യാൻസർ രോഗികൾക്കുള്ള ധന സഹായം | 525 | 800 |
| കയർതൊഴിലാളി പെൻഷൻ | 300 | 400 |
| അവശകലാകാര പെൻഷൻ | 500 | 600 |

| | | |
|---|---|---|
| സർക്കസ് കലാകാരന്മാരുടെ പെൻഷൻ | 1000 | 1100 |
| 80 വയസ്സിനുമേൽ പ്രായമുള്ള അവശതയനുഭവിക്കുന്ന കായികതാരങ്ങളുടെ പെൻഷൻ | 1000 | 1100 |
| 80 വയസ്സിൽതാഴെ പ്രായമുള്ള അവശതയനുഭവിക്കുന്ന കായികതാരങ്ങളുടെ പെൻഷൻ | 500/750 | 800 |
| മറ്റു പെൻഷനൊന്നും ലഭിക്കാത്ത 60 വയസ്സ് കഴിഞ്ഞ ബിപിഎൽ ആയ പരമ്പരാഗത വിശ്വകർമ്മ വിഭാഗത്തിൽ പെട്ട മരം, ഇരുമ്പ്, കല്ല്, കളിമണ്ണ്, സ്വർണ്ണ പ്പണിക്കാർ | - | 400 |

ആധാർ ഐഡി എല്ലാ പെൻഷൻ ഗുണഭോക്താക്കൾക്കും ഈ വർഷം നിർബ്ബന്ധമാക്കുന്നതാണ്.

**സ്ത്രീശാക്തീകരണവും ക്ഷേമവും**

43. വനിതാക്ഷേമത്തിനും സംരക്ഷണത്തിനും വളരെ പ്രാധാന്യം നല്കുന്ന സർക്കാരാണിത്. നമ്മുടെ വളരുന്ന തലമുറയിൽ വനിതകളോടുള്ള ആരോഗ്യകരമായ പെരുമാറ്റസംഹിത ചിട്ടപ്പെടുത്തേണ്ടതുണ്ട്. ഇതിനായി ഹൈസ്ക്കൂൾ-ഹയർ സെക്കണ്ടറി തലങ്ങളിൽ പാഠ്യപദ്ധതികളിലെ മൂല്യനിർണ്ണയത്തിൽ ജെൻഡർ ബാലൻസ് സ്കോർ കൂടി ഉൾപ്പെടുത്തുന്ന താണ്.

44. **വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം:** മൂന്നു ലക്ഷം രൂപ വാർഷികവരുമാനത്തിൽ താഴെയുള്ള കുടുംബങ്ങളിലെ, വിധവകളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് സർക്കാർ നിരക്കിലുള്ള ട്യൂഷൻഫീസ് സൗജന്യമാക്കുന്നതാണ്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണെങ്കിൽ ട്യൂഷൻ ഫീസ് കൂടാതെ ഹോസ്റ്റൽ ഫീസ് കൂടി സൗജന്യമാക്കും. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു.

45. **മംഗല്യനിധി:** സാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വേണ്ടി മംഗല്യനിധി രൂപീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിനാവശ്യമായ ഫണ്ട് ചെലവേറിയ വിവാഹാ ഘോഷങ്ങളിൽ നിന്ന് സ്വരൂപിക്കുന്നതാണ്. ത്രീ സ്റ്റാർ മുതലുള്ള ഹോട്ടലുകളിലോ, 500-ൽ കൂടുതൽ ഇരിപ്പിടസൗകര്യമുള്ള ഓഡിറ്റോറിയ ങ്ങളിലോ നടത്തുന്ന വിവാഹ ആഘോഷങ്ങൾക്ക് ചെലവിടുന്ന തുകയുടെ 3 ശതമാനത്തിൽ കുറയാത്ത സംഭാവന മംഗല്യനിധിയിലേക്ക് സ്വരൂപി ക്കേണ്ടതാണ്. മേല്പറഞ്ഞ സ്ഥലങ്ങളിൽ വിവാഹം നടത്തുന്നവർ മുൻകൂറായി പ്രസ്തുത വിഹിതം അടച്ച രസീത് ഹോട്ടൽ/ഓഡിറ്റോറിയം റിസർവ്വ് ചെയ്യുമ്പോൾ ഹാജരാക്കേണ്ടതാണ്. ഈ നിധിയിലെ തുകയിൽനിന്ന് 20,000 രൂപ വീതം നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹ സഹായമായി നൽകുന്നതാണ്. ഇതോടൊപ്പം വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി സർക്കാർ ഇപ്പോൾ നല്കിവരുന്ന 20000 രൂപ 30000 രൂപയായി ഉയർത്തുകയും വരുമാനപരിധി 10000 രൂപയിൽനിന്ന് മൂന്നുലക്ഷം രൂപയിലേക്ക് ഉയർത്തുകയും ചെയ്യുന്നു.

**വരൾച്ചാപ്രതിരോധ പദ്ധതി**

46. സംസ്ഥാനം രൂക്ഷമായ വരൾച്ചയുടെ പിടിയിലാണ്. വരും വർഷങ്ങളിൽ ഇത് കൂടുതൽ രൂക്ഷമാകാം. അതുകൊണ്ട് വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ടതുണ്ട്.

47. ബഹിരാകാശ ഏജൻസിയായ നാസ കേരളത്തിലെ ജലഭൂപടത്തെക്കുറിച്ച് നടത്തിയ പഠനത്തിൽ സംസ്ഥാനത്തെ ജലവിതാനം താഴുന്നതായി കണ്ടെത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാന പ്രശ്നങ്ങളുടെ സൂചനയാണ് ഇത്. അതുകൊണ്ട് മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് ഒരു ബൃഹദ്പദ്ധതി ഈ വർഷം മുതൽ ആരംഭിച്ചു നടപ്പാക്കുന്നതാണ്. ഇതിന്റെ ഭാഗമായി തൊഴിലുറപ്പു പദ്ധതിയുമായി ബന്ധിപ്പിച്ചുകൊണ്ട് ജലസ്രോതസ്സുകളുടെ സംരക്ഷണം, തോടുകളുടെയും നദികളുടെയും പരിരക്ഷ, മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, കിണർ റീച്ചാർജ്ജിംഗ് എന്നിവ പഞ്ചായത്തുകളുടെ സഹകരണത്തോടെ ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്.

48. തോടുകളിലൂടെയും, നദികളിലൂടെയും സമുദ്രത്തിലേക്ക് ഒഴുകിപ്പോകുന്ന ജലം തടഞ്ഞുനിർത്തി, കുടിവെള്ള ആവശ്യം നിറവേറ്റുന്നതിന്, അനുയോജ്യമായ സ്ഥലങ്ങളിലെല്ലാം ചെക്കുഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നതാണ്. വിദ്യാലയങ്ങളിലും പൊതുസ്ഥാപന ങ്ങളിലും മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിന് 50,000 രൂപ വീതം ഗ്രാന്റ് നല്കുന്നതാണ്. ഇതോടൊപ്പം കിണറുകൾ റീച്ചാർജ് ചെയ്യലും മഴവെള്ള സംരക്ഷണവും ജനകീയപദ്ധതികളായി സർക്കാർ ഏറ്റെടുക്കും. ഈ പ്രവർത്തനങ്ങൾക്കായി മൊത്തം 40 കോടി രൂപ മാറ്റിവെക്കുന്നു.

### സമഗ്ര ആരോഗ്യപദ്ധതി

49. വികസിതരാജ്യങ്ങളിലെല്ലാം നിലവിലുള്ള രീതിയിൽ കേരളത്തിൽ എല്ലാ കുടുംബങ്ങൾക്കും പ്രയോജനകരമായ ഒരു മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയില്ല. അതിലേക്ക് ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി ഞാൻ കാഴ്ചവെക്കുന്നു.

50. ചിസിന്റെ ആനുകൂല്യം ഇപ്പോൾ ബി.പി.എൽ. വിഭാഗത്തിനുമാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഈ ആനുകൂല്യം 3 ലക്ഷം രൂപവരെ വാർഷികവരുമാനമുള്ള കുടുംബങ്ങൾക്കുകൂടി വ്യാപിപ്പിച്ചു കൊണ്ട് പദ്ധതി

വിപുലീകരിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നു. ഈ വിഭാഗത്തിന്റെ ഇൻഷുറൻസ് പ്രീമിയം സർക്കാർ വഹിക്കുന്നതാണ്. 3 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനമുളളവരാണെങ്കിൽ പ്രീമിയം തുക മുഴുവനായി അവർ അടയ്ക്കുന്നപക്ഷം അവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാവുന്നതാണ്. ഈ പദ്ധതിയ്ക്കായി 70 കോടി രൂപ വകയിരുത്തുന്നു.

61. സർക്കാർ ജീവനക്കാർക്ക് തിരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് കൂടി അംഗീകൃതനിരക്കിലുളള സഹായം ഗവണ്മെന്റ് നൽകുന്നതായിരിക്കും.

62. അലോപ്പതി-ആയുർവേദ-ഹോമിയോ സംവിധാനങ്ങൾ പ്രൈമറി തലത്തിൽ ഏകോപിപ്പിച്ച് ഹോളിസ്റ്റിക് ക്ളിനിക്കുകളായി സംവിധാനം ചെയ്യുന്ന പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതാണ്.

63. **ക്യാൻസർ ചികിത്സാ ആശുപത്രികളുടെ നവീകരണവും വിപുലീകരണവും:** ക്യാൻസർ തുടങ്ങിയ രോഗങ്ങളുടെ ചികിത്സയ്ക്ക് സഹായം നല്കുന്നതിന് കാരുണ്യപദ്ധതി കഴിഞ്ഞ വർഷം മുതൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗം കണക്കിലെടുത്ത് തിരുവനന്തപുരത്തെ റീജനൽ ക്യാൻസർ സെന്റർ, നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുന്നതാണ്. തിരുവനന്തപുരം, കോഴിക്കോട് എന്നീ മെഡിക്കൽ കോളജുകളിൽ ക്യാൻസർ ടെർഷ്യറി കെയർ സംവിധാനമേർപ്പെടുത്തുന്നതു കൂടാതെ മദ്ധ്യകേരളത്തിൽ ഒരു ക്യാൻസർ ആശുപത്രി കൂടി സ്ഥാപിക്കുന്നതാണ്. കൂടാതെ ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലാ ആശുപത്രികളിൽ ക്യാൻസർ കെയർ സെന്ററുകൾ സ്ഥാപിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ അധികം വകയിരുത്തുന്നു.

64. **ധർമ്മസ്ഥാപനങ്ങൾ നടത്തുന്ന ആശുപത്രികളിലെ മരുന്നുകൾക്കും അനുബന്ധ സാധനങ്ങൾക്കും നികുതി ഒഴിവ്:** കേരളത്തിലെ ആരോഗ്യമേഖലയുടെ അഭിവൃദ്ധിയിൽ സ്വകാര്യ ആശുപത്രികൾ വഹിക്കുന്ന മുഖ്യസ്ഥാനത്തെക്കുറിച്ച് സർക്കാരിന് ബോദ്ധ്യമുണ്ട്. ഈ

മേഖല അഭിമുഖീകരിക്കുന്ന ചില നികുതിപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്റെ കഴിഞ്ഞ ബഡ്ജറ്റിൽ ചില ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി. ഇതിനെ പൊതുവേ എല്ലാവരും സ്വാഗതം ചെയ്യുകയുമുണ്ടായി. ആദായനികുതിയിൽ നിന്നും ഒഴിവ് സിദ്ധിച്ചിട്ടുള്ളതും ധർമ്മസ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നതുമായ ആശുപത്രികൾ, ലാഭേച്ഛ കൂടാതെ പാവപ്പെട്ടവരായ ജനവിഭാഗങ്ങൾക്ക് താരതമ്യേന കുറഞ്ഞനിരക്കിൽ ചികിത്സ നൽകിവരുന്നു. ഇത്തരം ആശുപത്രികൾ, എന്റെ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ കോമ്പൗണ്ടഡ് വ്യവസ്ഥയിൽ നികുതി ഒടുക്കുന്ന വ്യാപാരിയിൽ നിന്നും എം.ആർ.പി. വിലയ്ക്ക് വാങ്ങിയ മരുന്നുകൾ അവരുടെ ഫാർമസിയിലൂടെ രോഗികൾക്ക് നൽകിയാൽ ആയത് തുടർനികുതി നിർണ്ണയത്തിന് വിധേയമാക്കുന്നതല്ല. ഇതിനുപുറമേ ഇവരുടെ സൽപ്രവർത്തികളുടെ അംഗീകാരമായി, 30.06.2013 ന് മുമ്പ് രജിസ്ട്രേഷൻ എടുക്കുന്ന പക്ഷം ഇവർ വിൽക്കുന്ന, സർക്കാർ നോട്ടിഫൈ ചെയ്ത lab store-നെയും consumables-നേയും നികുതിയിൽ നിന്ന് ഒഴിവാക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

## സവിശേഷ പദ്ധതികൾ

55. **പാവപ്പെട്ട കുടുംബങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്:** മൂന്നുലക്ഷം രൂപയിൽ താഴെ വരുമാനമുള്ള കുടുംബങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾ കേന്ദ്രഗവണ്മെന്റിന്റെ ഐ.ഐ.ടി, ഐ.ഐ.എസ്.സി., ഐസർ, ഐ.ഐ.എം തുടങ്ങിയ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബിരുദ-ബിരുദാനന്തര പഠനത്തിന് അർഹത നേടിയാൽ അവരുടെ ട്യൂഷൻ ഫീസിന്റെ 75 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു.

56. **വിദ്യാഭ്യാസ വായ്പ പലിശയിളവ് എ.പി.എൽ. വിഭാഗത്തിനുകൂടി വ്യാപിപ്പിക്കുന്നു:** പ്രൊഫഷനൽ വിദ്യാഭ്യാസത്തിനായി ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്ന് 2004-നും 2009-നും ഇടയിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന വ്യക്തികൾ എടുത്തിട്ടുള്ള കടങ്ങളിന്മേലുള്ള പലിശ

കഴിഞ്ഞ ബഡ്ജറ്റിൽ ഞാൻ എഴുതിത്തള്ളുകയുണ്ടായി. എന്നാൽ ഈ ആനുകൂല്യം കൂടുതൽ വ്യാപിപ്പിക്കണമെന്ന ആവശ്യം പല കേന്ദ്രങ്ങളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒരു ആശ്വാസ നടപടി എന്ന നിലയ്ക്ക് പ്രസ്തുത ആനുകൂല്യം 3 ലക്ഷം രൂപാ വരെ വാർഷികാദായ പരിധിയ്ക്കകത്തു വരുന്ന എ.പി.എൽ വിഭാഗത്തിനും കൂടി വ്യാപിപ്പിച്ചു നൽകുവാൻ തീരുമാനിക്കുന്നു. ഇതിനായി 25 കോടി രൂപ അധികം വകയിരുത്തുന്നു.

57. **തൊഴിലുറപ്പ് തൊഴിലാളികൾക്കു പെൻഷൻ**: പ്രതിവർഷം 100 ദിവസം ജോലി ചെയ്യുന്ന തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഒരു പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതാണ്. കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകളുടെയും തൊഴിലാളികളുടെയും സംയുക്ത പങ്കാളിത്തത്തോടെയായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. കഴിഞ്ഞ വർഷം അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും, പുസ്തകങ്ങളും മറ്റും വാങ്ങുവാനും 1000 രൂപ സഹായധനം ഗവണ്മെന്റ് നല്കുകയുണ്ടായി. ഈ വർഷം സർക്കാർ നൽകുന്ന 1000 രൂപ പുതിയ പദ്ധതിയിലെ സർക്കാർ വിഹിതമായിരിക്കും. അതോടൊപ്പം സ്വാവലംബൻ പദ്ധതിയിൽ 1000 രൂപ കേന്ദ്ര വിഹിതമായും പ്രസ്തുത പെൻഷൻ പദ്ധതിയിലേക്ക് നിക്ഷേപിക്കപ്പെടും. പുറമേ, തൊഴിലാളിവിഹിതവും ഈ പദ്ധതിയിലേക്ക് വർഷംതോറും നിക്ഷേപിക്കാവുന്നതാണ്. തൊഴിലുറപ്പു തൊഴിലാളികൾക്ക് 60 വയസ്സ് തികയുമ്പോൾ അവരുടെ അക്കൗണ്ടിലുള്ള തുകയുടെ ആനുപാതികമായി പ്രതിമാസ പെൻഷൻ ഓരോ തൊഴിലാളിക്കും ആജീവനാന്തം ലഭിക്കുന്നതായിരിക്കും. ഇതിനുപുറമേ, 100 ദിവസം ജോലിചെയ്യുന്ന എല്ലാ സ്ത്രീ ത്തൊഴിലാളികൾക്കും ഓണത്തോടനുബന്ധിച്ച് 400 രൂപയിൽ അധികരിയ്ക്കാത്ത ഓണക്കോടി ഗവണ്മെന്റ് സൗജന്യമായി നൽകുന്നതാണ്. ഇതിനായി 20 കോടി രൂപ വകയിരുത്തുന്നു.

58. **പിന്നോക്ക വിഭാഗക്കാർക്ക് മത്സരപരീക്ഷാ പരിശീലനകേന്ദ്രങ്ങൾ:** പിന്നോക്കവിഭാഗ യുവതീയുവാക്കൾക്ക് കേന്ദ്ര സംസ്ഥാന സർക്കാർ-പൊതുമേഖലാ സർവീസുകളിലും സ്വകാര്യമേഖലാ സർവീസുകളിലും കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി പ്രത്യേക

പരിശീലനപരിപാടികൾ ആവശ്യമാണെന്ന് ഞാൻ കരുതുന്നു. ആയതിലേക്ക് പിന്നോക്കസമുദായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മേഖലാടിസ്ഥാനത്തിലായി 3 ഉന്നത റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ഇതിലേക്ക് 3 കോടി രൂപ മാറ്റിവെക്കുന്നു.

59. **പരമ്പരാഗത തൊഴിലാളി അധിവാസ കേന്ദ്രങ്ങളുടെ സമഗ്രവികസനം:** കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായ ത്തൊഴിലാളികൾ അധിവസിക്കുന്ന പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വർദ്ധനയും, നവീകരണവും ലക്ഷ്യമാക്കി മോഡൽ വില്ലേജ് വികസന മാതൃകയിൽ, അത്തരം സങ്കേതങ്ങൾ വികസിപ്പിക്കുന്നതായിരിക്കും. പ്രസ്തുത സങ്കേതങ്ങളിൽ ആവശ്യമായ റോഡുകൾ നിർമ്മിക്കുകയും കുടിവെള്ളം, വൈദ്യുതി, എന്നിവ എത്തിക്കുകയും ഡ്രെയിനേജ്, സാനിട്ടേഷൻ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. ഈ പദ്ധതി പിന്നോക്ക സമുദായ വികസന വകുപ്പ് നടപ്പിലാക്കുന്നതും അതിലേക്ക് 10 കോടി രൂപാ വകയിരുത്തുന്നതുമാണ്.

60. **മുന്നോക്കവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് പ്രൊഫഷണൽ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ:** മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ കാര്യമായ വിദ്യാഭ്യാസ സൗജന്യങ്ങളില്ല. ഈ വിഭാഗത്തിൽപ്പെടുന്ന പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സൗജന്യം നൽകുന്നത് നീതിനിഷ്ഠമായിരിക്കുമെന്ന് ഞാൻ കരുതുന്നു. അതിനാൽ, 3 ലക്ഷം രൂപയോ അതിൽ താഴെയോ വാർഷിക വരുമാനമുള്ള മുന്നോക്കസമുദായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഗവണ്മെന്റ് നിരക്കിലുള്ള ഫീസിളവ് നല്കുന്നതാണ്. ഇതിലേക്ക് 5 കോടി രൂപ വകയിരുത്തുന്നു.

61. **സാമ്പത്തിക പിന്നോക്കമേഖലയിൽ മാനവശേഷിവികസന കേന്ദ്രം:** മുന്നോക്കസമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ മാനവ വിഭവശേഷി വർദ്ധനവിനും തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിന് മുന്നോക്ക

സമുദായ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വിവിധ മേഖലകളിലായി 3 സംരംഭകപരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ഇതിലേക്ക് 3 കോടി രൂപ മാറ്റിവെക്കുന്നു.

62. **യാചകവിമുക്തകേരളം**: ഇപ്പോൾ സംസ്ഥാനത്ത് ക്രോഡീകൃതമായ ഒരു യാചക സംരക്ഷണ നിയമമോ അതിന്റെ പരിധിയിൽപ്പെടുന്ന സ്ഥാപനങ്ങളോ ഇല്ല. ഈ സാഹചര്യത്തിൽ തെരുവിൽ കഴിയുന്നവരും അലഞ്ഞുതിരിയുന്നവരുമായ ഭിക്ഷാടകരെ സംരക്ഷണ ഭവനങ്ങളിൽ എത്തിക്കുന്നതിന് കഴിയുന്നില്ല. അതിനാൽ സമഗ്രമായ ഒരു യാചക സംരക്ഷണ നിയമം സംസ്ഥാനത്ത് കൊണ്ടുവരുന്നതാണ്. സാമ്പത്തിക ലാഭത്തിനുവേണ്ടി കുട്ടികൾ ഉൾപ്പടെയുള്ളവരെ ഭിക്ഷാടനത്തിനായി വിനിയോഗിക്കുന്നവർക്കെതിരെ ശക്തമായ ശിക്ഷാനടപടികൾ പ്രസ്തുത നിയമത്തിൽ വ്യവസ്ഥചെയ്യുന്നതാണ്. യാചകരെ ഷെൽട്ടർ ഹോമുകളിൽ എത്തിച്ച് ആവശ്യമായ വൈദ്യപരിശോധനയും മാനസിക പരിശോധനയും നടത്തി പുനരധിവസിപ്പിക്കും. അങ്ങനെ കേരളത്തെ ഒരു യാചകവിമുക്ത സംസ്ഥാനമാക്കി മാറ്റുന്നതാണ്. ഇതിനു വേണ്ടി ജില്ലാ ആസ്ഥാനങ്ങളിൽ ഒരെണ്ണം എന്ന കണക്കിന് ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കും. ഇത്തരത്തിൽ 14 ഷെൽട്ടർ ഹോമുകൾക്ക് 10.5 കോടി രൂപ വകയിരുത്തുന്നു.

63. **ഓർഫനേജുകളിലെ കുട്ടികൾക്ക് ഉന്നതപഠന സ്കോളർഷിപ്പ്**: സംസ്ഥാനത്തെ ഓർഫനേജുകളിലുള്ള ഏകദേശം 35000 കുട്ടികൾ വിവിധ ക്ലാസുകളിൽ പഠിക്കുന്നുണ്ട്. സാമ്പത്തിക സൗകര്യം ഇല്ലാത്തതുകൊണ്ടു മാത്രം സമർത്ഥരായ ആയിരത്തോളം കുട്ടികൾക്ക് പ്രതിവർഷം തുടർപഠനം സാദ്ധ്യമാവാതെ പോവുന്നു. അതിനാൽ ഓർഫനേജുകളിലെ സമർത്ഥരായ കുട്ടികൾക്ക് ഡിഗ്രി, പ്രൊഫഷണൽ, പാരാമെഡിക്കൽ, ഡിപ്ലോമാ കോഴ്സുകൾക്കു ചേർന്നു പഠിച്ച് തൊഴിൽ നേടുവാൻ അവസരം നല്കേണ്ടതുണ്ട്. തുടർപഠന പദ്ധതിയുടെ ഭാഗമായി സർക്കാർ/എയ്ഡഡ് കോളേജുകളിൽ പഠിക്കുന്ന ഓർഫനേജ് കുട്ടികളുടെ കോഴ്സ്ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ സർക്കാർ വഹിക്കുന്നതാണ്. ഈ സ്കോളർഷിപ്പ് നൽകുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു.

**64. മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് ആജീവനാന്ത സംരക്ഷണ ഗൃഹങ്ങൾ:** സ്കൂളുകൾ വഴിയും സാമൂഹ്യ സംഘടനകൾ വഴിയും സമഗ്ര മാനസികാരോഗ്യം പ്രദാനം ചെയ്യുന്നതിന് **'സമഗ്ര മാനസികാരോഗ്യം'** എന്ന 20 കോടി രൂപയുടെ ഒരു പുതിയ പദ്ധതി ഈ വർഷം ആരംഭിക്കുന്നതാണ്. അതോടൊപ്പം, മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് കേരളത്തിൽ ആജീവനാന്ത സംരക്ഷണ സ്ഥാപനങ്ങൾ ആവശ്യമാണ്. ഇതിനായി, യോഗ്യതയും പരിശീലനവും അർപ്പണ മനോഭാവവും സന്നദ്ധതയുമുള്ള സേവനദാതാക്കളായ എൻ.ജി.ഒ-കളുമായി സഹകരിച്ച് ഈ വിഭാഗം ജനങ്ങളുടെ ആജീവനാന്ത സംരക്ഷണത്തിനു വേണ്ടി സംയുക്ത സംരംഭങ്ങൾ ആരംഭിക്കുവാൻ സർക്കാർ ആഗ്രഹിക്കുന്നു. ഇതിന്റെ ആദ്യപടിയായി, 2013-14 സാമ്പത്തികവർഷത്തിൽ ജില്ലയിൽ ഒന്നുവീതം മാനസികവെല്ലുവിളികൾ നേരിടുന്നവർക്കുള്ള ആജീവനാന്ത സംരക്ഷണഗൃഹങ്ങൾ ആരംഭിക്കുന്നതാണ്. ഇതിലേക്കായി 10.5 കോടി രൂപ വകയിരുത്തുന്നു.

**65. ഡീ അഡിക്ഷൻ സെന്ററുകൾ:** സംസ്ഥാനത്ത് മദ്യാസക്തി ക്രമാതീതമായി കൂടിവരികയാണ്. ഇതിന്റെ തിക്താനുഭവങ്ങൾ ഏറ്റവും അധികം അനുഭവിക്കുന്നത് സ്ത്രീകളും കുട്ടികളുമാണ്. മദ്യാസക്തിയ്ക്ക് ചികിത്സ നല്കുന്നതിന് ഗവണ്മെന്റ് ആശുപത്രികളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്. കൂടാതെ, കേരളത്തിൽ ഓരോ താലൂക്കിലും ഡീ അഡിക്ഷൻ സെന്ററുകൾ എൻ.ജി.ഒ. സെക്ടറിൽ ആരംഭിക്കുന്നതാണ്. ഒരു സെന്ററിൽ കുറഞ്ഞത് 300 പേർക്ക് പ്രതിവർഷം ഡീ അഡിക്ഷൻ ട്രീറ്റ്മെന്റ് നൽകാൻ കഴിയുന്നതാണ്. ഇപ്രകാരം 63 താലൂക്കുകളിലായി 63 ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് 6.3 കോടി രൂപ മാറ്റി വെയ്ക്കുന്നു.

**66. ആധുനിക ശ്മശാനങ്ങൾ:** ആധുനിക സംവിധാനങ്ങളോടു കൂടിയ പ്രകൃതിവാതക/LPG ശ്മശാനങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. ഇതോടനുബന്ധിച്ച് ആംബുലൻസ് സംവിധാനവും സജ്ജീകരിക്കേണ്ടതുണ്ട്. ഈ സംവിധാനം ഓരോ ജില്ലയിലും ഓരോന്നുവീതം സ്ഥാപിക്കുന്നതിന് 10.5 കോടി രൂപ നിക്കിവെക്കുന്നു.

ഇതുകൂടാതെ, പഞ്ചായത്തുകളിൽ നിലവിലുള്ള ശ്മശാനങ്ങൾ നവീകരിച്ച് വാതക ഇന്ധനത്തിലേയ്ക്കു മാറ്റുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ഒരു പദ്ധതി നടപ്പിലാക്കും. അതിന്റെ ഭാഗമായി, ഓരോ പഞ്ചായത്തിലും ശ്മശാനം നിർമ്മിക്കുന്നതിനുള്ള ഗ്രാന്റ് 20 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നു. ഇതിനു പുറമേ ഇതേ ആവശ്യത്തിനായി കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡലിവറി പ്രോജക്റ്റിൽ നിന്ന് പരമാവധി 10 ലക്ഷം രൂപ കൂടി വിനിയോഗിക്കാനുള്ള അനുമതിയും നൽകുന്നു. ശ്മശാന നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കാൻ ഭൂമിയുടെ ഫെയർ വാല്യൂവിന്റെ 50% തുക കൂടി നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകും. ഈ പ്രവർത്തനങ്ങൾക്കായി 550 ലക്ഷം രൂപ ഞാൻ നീക്കിവയ്ക്കുന്നു.

**67.** ആകെ ചെലവിന്റെ 50% തുകയും മതിയായ സ്ഥലവും നൽകാൻ തയ്യാറാകുന്ന രണ്ടു മുനിസിപ്പാലിറ്റികളിൽ ഈ വർഷം പരീക്ഷണാടിസ്ഥാനത്തിൽ ഗ്യാസ് ക്രിമറ്റോറിയം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിലേക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

**68. അന്യസംസ്ഥാനതൊഴിലാളികളുടെ ക്ഷേമം**: കേരളത്തിലെ തൊഴിൽ രംഗത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന 25 ലക്ഷത്തോളം തൊഴിലാളികളുടെ സംഭാവന വളരെ വലുതാണ്. ഈ തൊഴിലാളികൾക്ക് തൊഴിൽവകുപ്പ് മുഖേന രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതാണ്. ഇവർക്ക് മിതമായ നിരക്കിൽ താമസ സൗകര്യം നല്കുന്നതിന് ഹൗസിങ്ങ് ബോർഡ് മുഖേന നൈറ്റ് ഷെൽറ്റർ പദ്ധതിക്ക് ഈ വർഷം 5 കോടി രൂപ വകയിരുത്തുന്നു. അന്യ സംസ്ഥാന തൊഴിലാളികൾക്ക് യഥാസമയം ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് മുഖേന പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതാണ്. ഈ തൊഴിലാളികൾ ജോലിസ്ഥലത്ത് മരണമടഞ്ഞാൽ നല്കുന്ന സമാശ്വാസതുക 50000-ത്തിൽ നിന്ന് ഒരുലക്ഷമായി ഉയർത്തുന്നതാണ്. ഈ പദ്ധതികൾക്ക് ആകെ 50 ലക്ഷം രൂപ നീക്കി വെക്കുന്നു.

69. **കാസർഗോഡ് പാക്കേജ്:** എൻഡോസൾഫാൻ ദുരന്തത്തെ തുടർന്ന് സർക്കാർ കാസർഗോഡ് ജില്ലയുടെ സമഗ്രവികസനത്തിനുവേണ്ടി ഒരു പാക്കേജ് തയ്യാറാക്കിയിട്ടുണ്ടായിരുന്നു. ഈ പാക്കേജ് കേന്ദ്ര സംസ്ഥാന പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നതാണ്. ഇത് നടപ്പിലാക്കുന്നതിനായി 15 കോടി രൂപ നീക്കിവെക്കുന്നു.

70. **മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ്:** സംസ്ഥാനത്ത് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർ പ്രതികൂല കാലാവസ്ഥ മൂലവും ജലയാനങ്ങൾ കൂട്ടിയിടിച്ചും മറ്റും അപകടത്തിൽപ്പെടാറുണ്ട്. അത്തരം അടിയന്തിരസാഹചര്യങ്ങളിൽ നേവിയുടെ സഹായം ലഭ്യമാകുന്നതിന് അതിന്റേതായ നടപടിക്രമങ്ങളും കാലതാമസവുമുണ്ട്. മത്സ്യബന്ധന മേഖലയിൽ സ്ഥിരം നിരീക്ഷണം നടത്തി അപകടമോ, അപകട സാദ്ധ്യതയോ നേരിട്ടാൽ ഉടൻതന്നെ സ്ഥലത്തെത്തി അടിയന്തിര സഹായമെത്തിക്കാൻ ഉള്ള സംവിധാനം വളരെ അത്യാവശ്യമാണെന്നു ഞാൻ കരുതുന്നു. അതിനാൽ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, അഴീക്കൽ എന്നീ അഞ്ചു കേന്ദ്രങ്ങളിൽ മറൈൻ ആംബുലൻസ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 3 കോടി രൂപ നീക്കിവെക്കുന്നു.

71. **ഐസ് & ഫ്രീസിംഗ് പ്ലാന്റ്:** പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യം കേട്കൂടാതെ സംഭരിച്ചു ഗുണമേന്മ നിലനിർത്തുന്ന രീതിയിൽ സംസ്കരിച്ച് വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയക്കുന്നതിനും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കുന്നതിനും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ബൃഹത്തായ ഐസ് & ഫ്രീസിംഗ് പ്ലാന്റ് കൊല്ലം ജില്ലയിലെ ശക്തികുളങ്ങര കേന്ദ്രീകരിച്ച് സ്ഥാപിക്കുന്നതാണ്. പ്രതിദിനം 60 ടൺ സംസ്കരണ ശേഷിയോടുകൂടി ആധുനിക രീതിയിലുള്ള ഐസ് പ്ലാന്റ്, കോൾഡ് സ്റ്റോറേജ് എന്നീ സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന ഈ പദ്ധതിക്ക് 30 കോടി രൂപ വേണ്ടിവരും. പ്രസ്തുത പദ്ധതി പൂർണ്ണശേഷി കൈവരിക്കുന്ന മുറയ്ക്ക് ഏകദേശം 150-200 പേർക്ക് നേരിട്ടും 500 പേർക്ക് വരെ പരോക്ഷമായും തൊഴിൽ ലഭിക്കുന്നതാണ്. 90% NFDB

ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക് 3 കോടി രൂപ വകയിരുത്തുന്നു.

72. **ഫിഷ് പ്രോസസ്സിംഗ് കേന്ദ്രങ്ങൾ**: ഇപ്പോൾ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യങ്ങൾ അതേപടി തലച്ചുമടായോ ചെറുവാഹനങ്ങളിലോ നഗരങ്ങളിൽ കൊണ്ടുപോയി വിപണനം ചെയ്യുന്ന രീതിയാണുള്ളത്. എന്നാൽ, ആ മത്സ്യം പാകം ചെയ്യാൻ ഉപയുക്തമായ രീതിയിൽ തയ്യാറാക്കി നഗരങ്ങളിൽ എത്തിക്കാൻ കഴിഞ്ഞാൽ മൂല്യവർദ്ധനയിലൂടെ കൂടുതൽ വരുമാനം മത്സ്യത്തൊഴിലാളികൾക്കും കുടുംബങ്ങൾക്കും ലഭിക്കും. ഇത് പരിഗണിച്ച്, തീരദേശ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ എല്ലാ തീരദേശ ജില്ലകളിലും ഓരോ പ്രോസസിംഗ് സെന്ററുകൾ ആരംഭിക്കുന്നതാണ്. ഇവിടെ പ്രോസസ്സ് ചെയ്ത് മൂല്യവർദ്ധന നടത്തിയ മത്സ്യം ചില്ലറ വില്പനയ്ക്കോ, മത്സ്യ മാർക്കറ്റുകളിലൂടെ വിപണനം ചെയ്യുന്നതിനോ ലഭ്യമാകുന്നതാണ്. ഇത്തരം 10 പ്രോസസിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു.

73. **ഫിഷ് മാളുകളും ആധുനിക ഫിഷ്മാർക്കറ്റുകളും:** അത്യാധുനിക രീതിയിൽ മത്സ്യവും മത്സ്യഉത്പന്നങ്ങളും വിപണനം ചെയ്യുന്നതിനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഓരോ ഫിഷ് മാൾ വീതം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിക്കും. അലങ്കാരമത്സ്യങ്ങൾ, ഉണക്കമത്സ്യം, ഉണക്കമത്സ്യ ഉല്പന്നങ്ങൾ, പല തരത്തിലുള്ള പച്ചമത്സ്യങ്ങൾ, മൂല്യവർദ്ധിതമത്സ്യ ഉൽപന്നങ്ങൾ, മത്സ്യകൃഷി അനുബന്ധ സാമഗ്രികൾ, മത്സ്യത്തീറ്റ, മത്സ്യബന്ധനത്തിനായുള്ള അത്യാധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ വിപണന ശാലകളും, രുചിയേറിയ മത്സ്യ ഉൽപന്നങ്ങളുടെ ഭക്ഷണശാലകളും ശീതീകരിച്ച പ്രസ്തുത ഫിഷ് മാളുകളിൽ ഉണ്ടായിരിക്കും. ഈ പദ്ധതിക്ക് 10 കോടി രൂപ വകയിരുത്തുന്നു. കൂടാതെ, സംസ്ഥാനത്ത് ആധുനിക മത്സ്യവിപണന സംസ്കാരം വളർത്തുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം ഏകദേശം 100 കോടി രൂപ ചെലവിൽ

ദേശീയമത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെ 50 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പുതുതായി 50 ആധുനിക മാർക്കറ്റുകൾ കൂടി ദേശീയ മത്സ്യ വികസന ബോർഡിന്റെ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സ്ഥാപിക്കും. ഏകദേശം 100 കോടി രൂപ ചെലവാണിതിന് പ്രതീക്ഷിക്കുന്നത്.

74. **തീരദേശ കപ്പൽഗതാഗതപദ്ധതി:** കേരളത്തിലെ റോഡുകളിലെ തിരക്ക് ഗണ്യമായി കുറയ്ക്കുന്നതിനും ഇന്ധനക്ഷമത വർദ്ധിപ്പിച്ച് പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനും തീരദേശ ജലഗതാഗതപദ്ധതി നടപ്പിലാക്കുന്നതാണ്. കേരളത്തിലെ അഞ്ച് ചെറുകിട തുറമുഖങ്ങളെ വികസിപ്പിച്ച് കൂടുതൽ ചരക്ക് ജലമാർഗ്ഗം കൈകാര്യം ചെയ്യാനുദ്ദേശിക്കുന്നു. തീരദേശ കപ്പൽഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി ചരക്ക് ഗതാഗതത്തിനും യാത്രയ്ക്കും മൂന്നുവർഷത്തേയ്ക്ക് ഇൻസെന്റീവ് നൽകുന്നതാണ്. തുടക്കത്തിൽ വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ വികസിപ്പിച്ചുകൊണ്ട് ഇത് ആരംഭിക്കുന്നതാണ്. തീരദേശ കപ്പൽ ഗതാഗതത്തിന് കൂടുതൽ ചെറുകപ്പലുകൾ നിർമ്മിക്കുന്നതിനായി വായ്പ ലഭ്യമാക്കും. ഇതുകൂടാതെ, സംസ്ഥാനത്തെ തുറമുഖങ്ങളിൽ ചരക്ക് ഗതാഗതത്തിന് ഒരു വർഷത്തേക്ക് താരിഫ് ഇളവ് നൽകുന്നതാണ്. ഈ പദ്ധതിക്ക് 15 കോടി രൂപ വകയിരുത്തുന്നു.

75. **പത്രപ്രവർത്തകർക്ക് ആനുകൂല്യങ്ങളിൽ വർദ്ധന:** പത്രപ്രവർത്തകർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ 4500 രൂപയിൽ നിന്നും 7000 രൂപയായി വർദ്ധിപ്പിക്കുന്നു.

നോൺ ജേർണലിസ്റ്റുകൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ 2500 രൂപയിൽനിന്ന് 4000 രൂപയായി വർദ്ധിപ്പിക്കുന്നു.

പത്രപ്രവർത്തകർക്കുള്ള ഭവന സബ്സിഡി 50000 രൂപയിൽ നിന്ന് 100000 രൂപയായി ഉയർത്തുന്നു. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

76. **മറ്റുവിഭാഗക്കാരുടെ ആനുകൂല്യങ്ങളിൽ വർദ്ധന:** ആരോഗ്യവകുപ്പിലെ ആശാവർക്കേഴ്സിന് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഹോണറേറിയം 600 രൂപയിൽ നിന്ന് 700 രൂപയായി വർദ്ധിപ്പിക്കുന്നു.

സ്കൂളുകളിലെ പാചകത്തൊഴിലാളികൾക്ക് ദിവസവേതനം ഇപ്പോഴുള്ള നിരക്കിൽ നിന്നും 50 രൂപ വർദ്ധിപ്പിക്കുന്നു.

അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസ ഓണറേറിയത്തിന്റെ സംസ്ഥാന വിഹിതം 1000 രൂപയിൽ നിന്ന് 1400 രൂപയായി ഉയർത്തും.

കൗമാരപ്രായക്കാരായ സ്കൂൾ വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നടത്തുന്ന സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ പ്രതിഫലം പ്രതിമാസം 6500 രൂപയിൽ നിന്ന് 7500 രൂപയായും വനിതാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള വിവാഹ ധനസഹായം 10,000 രൂപയിൽ നിന്നു 50,000 രൂപയായും ഉയർത്തുന്നു.

77. **കയർ കയറ്റുമതി-സംസ്കരണപാർക്ക്:** ലോകത്തിലെ കയർ-പ്രകൃതിനാര് ഉൽപാദനത്തിന്റെ 60% കേരളത്തിലാണ്. 1000 കോടി രൂപയിലധികം കയറ്റുമതിയും അതിന്റെ ഇരട്ടിയോളം ആഭ്യന്തരവിറ്റുവരവും ഉള്ള ദൈവത്തിന്റെ നാട്ടിലെ ഈ സുവർണ്ണനൂലിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി അതുവഴി ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ ആലപ്പുഴയിൽ ഒരു കയർ കയറ്റുമതി സംസ്കരണപാർക്ക് സ്ഥാപിക്കുന്നതാണ്. ഇതിന് 5 കോടി രൂപ മാറ്റിവെക്കുന്നു.

78. കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന കശുവണ്ടിക്ക് ഒരു ആഗോള ബ്രാന്റ് വികസിപ്പിച്ചെടുത്ത് കശുവണ്ടി വ്യവസായത്തെ കൂടുതൽ ശക്തി

പ്പെടുത്തുന്നതിനായി കേരളാ സ്റ്റേറ്റ് കാഷ്യു ഡവലപ്മെന്റ് കോർപ്പറേഷൻ, കാപ്പക്സ് എന്നീ സ്ഥാപനങ്ങൾക്ക് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

79. കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിന് കേന്ദ്ര സഹായ ത്തോടെയുള്ള പദ്ധതിക്ക് 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വ്യവസായം ആധുനികവത്ക്കരിക്കുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ പ്രയോജനപ്പെടുന്ന രീതിയിൽ കൈത്തറി ഉത്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനുമായി വിശദമായ പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ വികസന പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

80. **പ്ലാസ്റ്റിക് ടാറിംഗ്**: സംസ്ഥാനത്തിന്റെ പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിനും പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനുമായി പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് ടാറിംഗ് പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതനുസരിച്ച് ഏതെങ്കിലും പഞ്ചായത്ത്/റസിഡന്റ്സ് അസോസിയേഷൻ, ആവശ്യമായ പ്ലാസ്റ്റിക് ശേഖരണം നടത്തി റോഡ് ടാറിംഗിനായി നൽകിയാൽ 5 ലക്ഷം രൂപയിൽ അധികരിയ്ക്കാത്ത സബ്സിഡി ഇതിലേയ്ക്ക് സർക്കാർ നല്കുന്ന തായിരിക്കും. പ്ലാസ്റ്റിക്കും റബ്ബറും നിശ്ചിത അളവിൽ റോഡ് ടാറിംഗിന് ഉപയോഗിക്കുവാൻ പി.ഡബ്ല്യു.ഡി മാന്വലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തും.

81. **വനിതാസംഘങ്ങളുടെ ആഭിമുഖ്യത്തിൽ പ്ലാസ്റ്റിക് ശേഖരണം:** കുടുംബശ്രീ/ജനശ്രീ/ഗൃഹശ്രീ തുടങ്ങിയ വനിതാ സ്വയംസഹായ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ പ്ലാസ്റ്റിക് ശേഖരണവും സംസ്കരണവും നടത്തുന്ന ഒരു പദ്ധതിക്ക് ഗവണ്മെന്റ് രൂപം നൽകുന്നു. പ്ലാസ്റ്റിക് ശേഖരിച്ച് റീസൈക്ലിംഗ് നടത്തുകയോ, റോഡ് ടാറിംഗിനുള്ള ഗ്രാന്യൂൾ ഉത്പാദിപ്പിക്കുകയോ ചെയ്യുന്ന ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് ഇത്തരം സംഘങ്ങൾക്ക് 25 ലക്ഷം രൂപ വരെ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പലിശരഹിത വായ്പയായി ലഭ്യമാക്കുന്നതാണ്. ഇതിനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്.

82. **ഇന്റർനാഷണൽ & ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ:** വിവര സാങ്കേതികവിദ്യയ്ക്കു ശേഷം, വിപ്ലവകരമായ നേട്ടങ്ങൾ കൈവരിച്ച മറ്റൊരു മേഖലയാണ് നാനോ ശാസ്ത്രം. ആരോഗ്യ, വ്യവസായ, പരിസ്ഥിതി സംരക്ഷണ മേഖലകളിലും ശുദ്ധജലലഭ്യത, മാലിന്യ നിർമ്മാർജ്ജനം എന്നീ രംഗങ്ങളിലുമൊക്കെ നാനോശാസ്ത്രം പുത്തൻ പ്രതീക്ഷകളാണ് നല്കുന്നത്. നാനോശാസ്ത്ര മേഖലയിൽ ആഗോളതലത്തിൽ തന്നെ വലിയ മുന്നേറ്റത്തിന് നേതൃത്വം നൽകുവാൻ, സംസ്ഥാനത്തേയും ഇൻഡ്യയിലേയും, വിദേശത്തേയും വിവിധ സർവ്വകലാശാലകളും പ്രമുഖ വ്യവസായ സ്ഥാപനങ്ങളും ബന്ധപ്പെടുത്തി 'International & Interuniversity Centre for Nano Science and Nano Materials' മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സ്ഥാപിക്കുന്നതാണ്. ഇതുപോലെ, ലോക നിലവാരത്തിലുള്ള സെന്ററുകൾ കൊച്ചി യൂണിവേഴ്സിറ്റിയിൽ ബൗദ്ധിക സ്വത്തവകാശ പഠനത്തിലും കണ്ണൂർ സർവ്വകലാശാലയിൽ ജീവശാസ്ത്രത്തിലും കോഴിക്കോട് സർവ്വകലാശാലയിൽ ഫൈനാൻഷ്യൽ ഇക്കണോമിക്സിലും ഫൈനാൻഷ്യൽ എഞ്ചിനീയറിംഗിലും കേരള സർവ്വകലാശാലയിൽ പ്രകൃതി വിഭവ മാനേജ്മെന്റിലും ആരംഭിക്കുന്നതാണ്. ഈ പദ്ധതിക്ക് 10 കോടി രൂപ മാറ്റിവെക്കുന്നു.

83. **മൂന്നു വർഷംകൊണ്ട് മൂന്നു ലക്ഷം ഭവനങ്ങൾ:** ഭവനരഹിതരായ പാവപ്പെട്ടവർക്ക് വിവിധ ഭവനപദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് അടുത്ത 3 വർഷംകൊണ്ട് 3 ലക്ഷം ഭവനങ്ങൾ നിർമ്മിക്കുകയോ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയോ ചെയ്യാനാണ് ഗവണ്മെന്റ് ലക്ഷ്യമിടുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഹൗസിങ് ബോർഡിന് കുടിശ്ശിക ഉണ്ടായിരുന്ന 750 കോടിയോളം രൂപയുടെ ഹഡ്കോ വായ്പയിൽ പലിശയുൾപ്പെടെ 534 കോടി രൂപ ഗവണ്മെന്റ് അടച്ച് തീർത്തുകഴിഞ്ഞു. തൽഫലമായി ഹൗസിങ് ബോർഡ് ഹഡ്കോ പുനർവായ്പയ്ക്ക് അർഹത നേടിയിട്ടുണ്ട്. അതിനാൽ, ബോർഡിനെ നോഡൽ ഏജൻസിയായി നിയമിച്ചുകൊണ്ട് മേല്പറഞ്ഞ ഹൗസിങ് പദ്ധതി നടപ്പാക്കും. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണത്തിന് ഇതിൽ പ്രത്യേക ഊന്നൽ നൽകുന്നതാണ്. ഇന്ദിരാ ആവാസ് യോജന, രാജീവ് ആവാസ് യോജന, സാഫല്യം, തൊഴിൽവകുപ്പിന്റെ ആഭിമുഖ്യത്തിൽ

തൊഴിലാളികൾക്കായുള്ള 'ജനനി' തുടങ്ങിയ പദ്ധതികൾ സംയോജിപ്പിച്ച്, വീടൊന്നിന് പൊതുവിഭാഗത്തിന് 2 ലക്ഷം രൂപയും എസ്.സി/ എസ്.ടി/മത്സ്യത്തൊഴിലാളി വിഭാഗത്തിന് 2.5 ലക്ഷം രൂപയും നല്കിക്കൊണ്ട് ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. കേന്ദ്ര സബ്സിഡി കഴിച്ചുള്ള തുക, സംസ്ഥാന സബ്സിഡിയും ഹഡ്കോ വായ്പയും മുഖേന കണ്ടെത്തുന്നതാണ്.

84. **ഗൃഹശ്രീഭവനപദ്ധതി:** സ്വന്തമായി 2 മുതൽ 3 സെന്റ് വരെ ഭൂമിയുള്ള EWS/LIG വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക്, വോളണ്ടറി ഏജൻസി/NGO സഹായത്തോടെ ഗൃഹശ്രീ എന്ന പുതിയ ഭവനപദ്ധതി നടപ്പിലാക്കുന്നതാണ്. സർക്കാർ സബ്സിഡിയായി 1.8 ലക്ഷം രൂപയും സ്പോൺസർ, ഗുണഭോക്താവ് എന്നിവർ 1.1 ലക്ഷം രൂപ വീതവും ഉൾപ്പെടെ 4 ലക്ഷം രൂപയുടെ വീടുകളാണ് ഈ പദ്ധതിയിൽ നിർമ്മിക്കുക. ഇപ്രകാരം 5000 വീടുകൾ നിർമ്മിക്കുന്നതിന് സബ്സിഡിയായി 90 കോടി രൂപ വകയിരുത്തുന്നു.

85. **എക്സലൻസ് അവാർഡുകൾ:** കേരളം വിദ്യാഭ്യാസരംഗത്ത് മറ്റു സംസ്ഥാനങ്ങളെക്കാൾ മുന്നിലാണെങ്കിലും വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ ഇനിയും നമുക്ക് മികവ് കൈവരുത്തേണ്ടതായിട്ടുണ്ട്. അതിന് പ്രചോദനവും മികവിന് അംഗീകാരവും നൽകുന്നതിന് വിവിധതലങ്ങളിൽ എക്സലൻസ് അവാർഡുകൾ പ്രഖ്യാപിക്കുന്നു. സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും നല്ല സർക്കാർ എൽ.പി സ്കൂളിനും സ്വകാര്യ എൽ.പി സ്കൂളിനും 5 ലക്ഷം രൂപ വീതവും യു.പി സ്കൂളിന് 7.5 ലക്ഷം രൂപ വീതവും ഹൈസ്കൂളിന് 10 ലക്ഷം രൂപ വീതവും പ്ലസ്ടു സ്കൂളിന് 15 ലക്ഷം രൂപ വീതവും ആർട്സ് & സയൻസ് കോളേജിന് 25 ലക്ഷം രൂപയും എക്സലൻസ് അവാർഡ് നൽകുന്നതായിരിക്കും. വിദ്യാഭ്യാസ വകുപ്പിന്റെ ശുപാർശയനുസരിച്ചായിരിക്കും അവാർഡ് നൽകുന്നത്. ഈ തുക അദ്ധ്യാപക-രക്ഷാകർത്തൃ സംഘടന/കോളേജ് ഡവലപ്മെന്റ് കൗൺസിൽ മേൽനോട്ടത്തിൽ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഏതെങ്കിലും വികസന പരിപാടികൾക്കായി വിനിയോഗിക്കാവുന്നതാണ്.

86. **തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഓണറേറിയം വർദ്ധന:** ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെയും മുനിസിപ്പൽ-കോർപ്പറേഷൻ കൗൺസിലർമാരുടെയും ഓണറേറിയം 1000 രൂപ വീതം വർദ്ധിപ്പിക്കുന്നതാണ്.

87. **പ്രവാസിക്ഷേമപദ്ധതി:** ലഭ്യമായ കണക്കുകളനുസരിച്ച് ഏകദേശം 25 ലക്ഷത്തോളം മലയാളികൾ ഗൾഫ് രാജ്യങ്ങളിൽ തന്നെയുണ്ട്. നമ്മുടെ സമ്പദ്ഘടനയെ സുസ്ഥിരമാക്കാൻ ഗണ്യമായ പങ്കു വഹിക്കുന്ന പ്രവാസി മലയാളികളുടെ ക്ഷേമ കാര്യങ്ങൾക്ക് സർക്കാർ ഏറ്റവും മുൻഗണന നൽകുന്നു. ഗൾഫ് രാജ്യങ്ങളിൽ തദ്ദേശീയർക്ക് ജോലി നൽകുന്ന പദ്ധതികൾ മൂലം മടങ്ങിവരാൻ നിർബന്ധിതരാകുന്ന മലയാളികൾക്ക് വേണ്ടി ഒരു സംരംഭകപദ്ധതി സർക്കാർ ആവിഷ്കരിക്കുന്നതാണ്. ഇതിനായി ഒരു നിക്ഷേപനിധിയ്ക്ക് KSFE രൂപം നല്കും. ഈ നിധിയിലേക്ക് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന അവസരത്തിൽതന്നെ അവർക്ക് വിഹിതം നിക്ഷേപിക്കാം. ഇതിൽ അംഗത്വമെടുക്കുന്ന ഗൾഫ്മലയാളികൾ തിരിച്ചെത്തുമ്പോൾ, അവരുടെ നിക്ഷേപത്തിന് തുല്യമായ തുക അധിക വായ്പയായി ലഭ്യമാക്കുന്നതാണ്. ഈ വായ്പയ്ക്ക് 3% പലിശ സബ്സിഡി അനുവദിക്കും. ഈ സഞ്ചിത നിധിയുപയോഗിച്ച് അവർക്ക് അനുയോജ്യമായ തൊഴിൽ സംരംഭങ്ങൾ കെട്ടിപ്പടുക്കുവാൻ ആവശ്യമായ സാങ്കേതിക മാനേജ്മെന്റ് സഹായം, വിവിധ ഗവണ്മെന്റ് വകുപ്പുകളും സ്ഥാപനങ്ങളും മുഖേന നോഡൽ ഏജൻസിയായ KSFE ലഭ്യമാക്കുന്നതാണ്. ഇതിനുവേണ്ടി ഈ സാമ്പത്തികവർഷം 2 കോടി രൂപ വകയിരുത്തുന്നു.

88. **ആലുവാമണപ്പുറത്തിന് സ്ഥിരംപാലം:** ആലുവ ശിവരാത്രിയോടനുബന്ധിച്ച് വർഷം തോറും മണൽപ്പുറത്തേക്ക് താത്ക്കാലിക പാലം നിർമ്മിക്കുന്നതിനു പകരം സ്ഥിരമായ ഇരുമ്പ് പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. 14.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിക്കായി ഈ വർഷം 5 കോടി രൂപ വകയിരുത്തുന്നു.

**89. വിവേകാനന്ദപഠനകേന്ദ്രം:** മതസഹിഷ്ണുതയും മതമൈത്രിയും ലോകമെമ്പാടും വിളംബരം ചെയ്ത സ്വാമി വിവേകാനന്ദന്റെ 150-ാം ജന്മവാർഷികമാണിത്. മതങ്ങളുടെ താരതമ്യ പഠനം ഇക്കാലത്ത് വളരെ പ്രസക്തവും പ്രധാനവുമായ ഒരു വിഷയമാണ്. ഈ വിഷയം മുൻനിർത്തി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിലവിലുള്ള വിവേകാനന്ദ ചെയർ, വിവേകാനന്ദ പഠനകേന്ദ്രം ആയി ഉയർത്തുന്നതാണ്.

## വിവിധ വകുപ്പുകൾ

### കൃഷി

**90.** സംയോജിത ഭക്ഷ്യവിള ഉൽപാദനം, നാളികേര വികസനം, കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ, മൃഗസംരക്ഷണ പ്രവർത്തനങ്ങൾ, പ്രത്യേക കന്നുകാലി പ്രജനന പരിപാടി, ഉൾനാടൻ മൽസ്യോൽപാദനം എന്നീ പദ്ധതികളാണ് പ്രധാനമായും ഈ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ മേഖലയ്ക്ക് മുൻ വർഷത്തേക്കാൾ 16% വർദ്ധിപ്പിച്ച് 1494.74 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**91. പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നിവയ്ക്കു വേണ്ടി ടെക്നോളജി സെന്റർ:** സംസ്ഥാനത്ത് വളരെയധികം സാദ്ധ്യതകളുള്ള വിളകളാണ് പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നിവ. ഈ വിളകളുടെ ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിന് നിലവിൽ വിവിധയിനം നൂതന സാങ്കേതിക വിദ്യകൾ ലഭ്യമായിട്ടുണ്ട്. ആയത് പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി നെതർലണ്ട്സ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് ഒരു ടെക്നോളജി സെന്റർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതു സ്ഥാപിക്കുന്നതോടുകൂടി പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള ആധുനിക സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുവാനും, ആയവ കൃഷിക്കാർക്ക് പകർന്നു നൽകുവാനും സഹായകരമാകും. ഈ സെന്റർ തുടങ്ങുവാൻ 50 ലക്ഷം രൂപ വകയിരുത്തുന്നു.

**92. നിറവ് പദ്ധതി:** കൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന നിറവു പദ്ധതി 12 നിയോജക മണ്ഡലങ്ങളിൽ വിജയകരമായി

നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതി 2013–14 വർഷത്തിൽ സംസ്ഥാനത്തെ 30 നിയോജക മണ്ഡലങ്ങളിൽകൂടി വ്യാപിപ്പിക്കുന്നതാണ്.

93. **പച്ചക്കറി കൃഷി വികസനം:** പച്ചക്കറിക്കൃഷി വികസനത്തിനു 62.25 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പച്ചക്കറിയുടെയും പഴവർഗ്ഗ ങ്ങളുടെയും ഉത്പാദനമികവു ലക്ഷ്യമാക്കി കഴിഞ്ഞ ബഡ്ജറ്റിൽ ഞാൻ ആവിഷ്കരിച്ച ഗ്രീൻഹൗസ് പദ്ധതിയിൽ, 2013–14 സാമ്പത്തിക വർഷത്തിൽ 1000 ഗ്രീൻഹൗസുകൾ നിർമ്മിക്കുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്. ഇതിനു പുറമേ, പഞ്ചായത്തുതലത്തിൽ കർഷകരോ, കർഷകസംഘങ്ങളോ ഉത്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റ് ഉത്പന്നങ്ങളും ഹോർട്ടികോർപ്പിന്റെ ബ്ലോക്ക്തല കേന്ദ്രങ്ങളിൽ ശേഖരിച്ച് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

94. **ഹൈടെക്ക് ഫാമിംഗ്:** 2012–13 വർഷത്തിൽ തുടക്കംകുറിച്ച ഹൈടെക് ഫാമിംഗ് പദ്ധതി വിജയകരമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. പഞ്ചായത്ത് പ്രദേശങ്ങളിൽ മാത്രം നടപ്പാക്കിക്കൊണ്ടിരുന്ന ഈ പദ്ധതി 2013–14 വർഷത്തിൽ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ പ്രദേശങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതാണ്. ഇതിനായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

95. **നാളികേര വികസനവും സംഭരണവും:** നാളികേരത്തിന്റെ മൂല്യവർദ്ധനവും വൈവിദ്ധ്യവത്ക്കരണവും അടിസ്ഥാനമാക്കിയുള്ള വിവിധ പദ്ധതികൾ കോർത്തിണക്കി നാളികേര ബയോപാർക്കുകൾ സ്ഥാപിക്കുവാനുള്ള നടപടികൾക്ക് സംസ്ഥാന സർക്കാർ 2012–13 വർഷത്തിൽ തുടക്കമിട്ടിട്ടുണ്ട്. കൂടാതെ, നാളികേരവികസനബോർഡിന്റെ ധനസഹായത്തോടെ തെങ്ങുകൾ റീപ്ളാൻറ് ചെയ്യുന്ന പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയനുസരിച്ച് കൊപ്രാ സംഭരണം ഫലപ്രാപ്തിയിൽ എത്തുന്നില്ല എന്ന് മനസ്സിലാക്കി സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷിഭവനുകൾ വഴി പച്ചത്തേങ്ങ സംഭരിക്കുന്ന തിനുള്ള ഒരു പദ്ധതിക്ക് കൃഷിവകുപ്പ് ഇതിനകം തന്നെ തുടക്കം കുറിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് കർഷകർക്ക് നാളികേരം

അതാത് കൃഷിഭവനുകളിൽ നൽകാവുന്നതും, അപ്പോൾ തന്നെ ആയതിന്റെ വില സ്വീകരിക്കാവുന്നതുമാണ്. 2013–14 വർഷത്തിലും ഈ പദ്ധതി കൂടുതൽ കൃഷി ഭവനുകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. നാളികേര വികസന ത്തിനായി 2013–14 വർഷത്തിൽ 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മേൽപ്രവർത്തനങ്ങൾക്കായി 25 കോടി രൂപ കൂടി വകയിരുത്തുന്നു.

96. **നെൽക്കൃഷി വികസനം:** കർഷക തൊഴിലാളികളുടെ അഭാവംമൂലവും, ഉത്പാദനചെലവ് വർദ്ധനവ് മൂലവും നെൽകൃഷി അനാകർഷക മായിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ നെല്ലിന്റെ മൂല്യവർദ്ധന ലക്ഷ്യമാക്കി കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് റൈസ് ബയോപാർക്കുകൾ ആരംഭിക്കാനുള്ള നടപടികൾക്ക് സർക്കാർ തുടക്കമിട്ടു കഴിഞ്ഞു. ഇതുൾപ്പെടെ, 2013–14 വർഷത്തിൽ നെൽക്കൃഷി വികസനപദ്ധതികൾ പൂർത്തീകരിക്കുന്നതിന് 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**മണ്ണ്-ജല സംരക്ഷണം**

97. **കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പരിസ്ഥിതി പുനരുജ്ജീവനത്തിനുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ:** 13-ാം ധനകാര്യ കമ്മീഷന്റെ അംഗീകാരത്തോടെ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിലെ കുട്ടനാട്, അപ്പർ കുട്ടനാട്, ഓണാട്ടുകര പ്രദേശങ്ങളിലെ പാരിസ്ഥിതിക പുനരുജ്ജീവനം ലക്ഷ്യം വെച്ചുകൊണ്ട് 240 കുളങ്ങളുടെ പുനരുദ്ധാരണം, 1000 കിണറുകളുടെ നവീകരണം, മഴവെള്ള സംഭരണികൾ, രാമച്ചം നടീൽ, ഫലവൃക്ഷ/ഔഷധതൈകളുടെ വിതരണം എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നത്.

98. **സോയിൽ മ്യൂസിയം:** കേരളത്തിലെ എല്ലാ മണ്ണിനങ്ങളേയും കുറിച്ചുള്ള സമഗ്രമായ വിവരം കർഷകർക്കും, ഗവേഷകർക്കും, വിദ്യാർത്ഥി കൾക്കും, ഭരണകർത്താക്കൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കാസർഗോഡ് മുതൽ പാറശ്ശാലവരെയുള്ള വൈവിധ്യമാർന്ന മണ്ണിനങ്ങൾ അവയുടെ

സവിശേഷതകളും പരിമിതികളും ഉൾപ്പെടുന്ന വിവരണം സഹിതം പ്രദർശിപ്പിക്കുന്ന ഒരു സോയിൽ മ്യൂസിയം തിരുവനന്തപുരത്ത് പാറോട്ടുകോണത്ത് പ്രവർത്തനസജ്ജ മാക്കുന്ന താണ്.

**99.** കുട്ടനാട് വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കുട്ടനാട് പൈതൃക പദ്ധതി. കുട്ടനാട് കാർഷിക സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 5 കോടി രൂപ ഈ പദ്ധതിയ്ക്ക് ഞാൻ വകയിരുത്തുന്നു.

**100.** വെള്ളാനിക്കര അഗ്രികൾച്ചർ ബയോടെക്നോളജി സെന്ററിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് 25 ലക്ഷം രൂപ വകയിരുത്തുന്നു. വെള്ളാനിക്കരയിൽ IP പ്രൊട്ടക്ഷൻ സെന്ററിന് 25 ലക്ഷം രൂപയും, പച്ചക്കറി ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനായി 1.25 കോടി രൂപയും, കൊക്കോ ഗവേഷണത്തിന് 50 ലക്ഷം രൂപയും വകയിരുത്തുന്നു.

**101.** സങ്കരയിനം തെങ്ങിൻ തൈകൾ വൻതോതിൽ ഉൽപ്പാദിക്കുന്നതിന് പോളൻ ബാങ്ക് സ്ഥാപിക്കുന്നതിന് 75 ലക്ഷം രൂപയും, കുട്ടനാട് പ്രത്യേക പരിസ്ഥിതി മേഖലയിലെ വികസനത്തിനായി 75 ലക്ഷം രൂപയും, പടന്നക്കാട് അഗ്രിക്കൾച്ചറൽ കോളേജിൽ **'റൈസ് ബ്രീഡിംഗ് കം സീഡ്'** നിർമ്മാണ കേന്ദ്രത്തിനായി 25 ലക്ഷം രൂപയും വകയിരുത്തുന്നു.

**102.** കേരള കാർഷിക സർവ്വകലാശാലയിൽ ഒരു സെൻട്രൽ ടെക്നോളജിക്കൽ മ്യൂസിയം സ്ഥാപിക്കുന്നതിനായി ഒരുകോടി രൂപയും മൃഗസംരക്ഷണം, ക്ഷീര വികസനം, മൽസ്യ ബന്ധനം എന്നീ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് കേന്ദ്ര സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ കാർഷിക കോംപ്ലെക്സ് നിർമ്മിക്കുന്നതിനായി 10 കോടി രൂപയും വകയിരുത്തുന്നു.

## മൃഗസംരക്ഷണവും ക്ഷീരവികസനവും

103. **കർഷകരുടെ രജിസ്ട്രേഷൻ:** കർഷകരുടെ വാസകേന്ദ്രങ്ങളുടെ വിവരങ്ങളും, വളർത്തപ്പെടുന്ന പക്ഷിമൃഗാദികളുടെ വിവരങ്ങളും ശേഖരിച്ചു സൂക്ഷിക്കുകയും അത് വഴി അർഹതപ്പെട്ട കർഷകർക്ക് സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതിന് രജിസ്ട്രേഷൻ പദ്ധതി നടപ്പാക്കുന്നതാണ്.

104. **ഹൈടെക് ഫോഡർ നിർമ്മാണ യൂണിറ്റ്:** പ്രതിദിനം 1000 കി.ഗ്രാം തീറ്റപ്പുല്ല് ഉല്പാദിപ്പിക്കാൻ ശേഷിയുള്ള, സൗരോർജ്ജ ഹൈടെക് ഫോഡർ നിർമ്മാണ യൂണിറ്റ് കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി ഫാമിൽ സ്ഥാപിക്കും. ഇതിനെ കർഷകർക്ക് പ്രദർശന യൂണിറ്റായും ഉപയോഗിക്കും.

105. **മീറ്റ് പ്രോസസിംഗ് പ്ലാന്റ്:** മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ കീഴിൽ 35 കോടി രൂപ മുതൽമുടക്കി ഒരു അത്യാധുനിക മീറ്റ് പ്രോസസിംഗ് പ്ലാന്റ് ചാലക്കുടിയിൽ ആരംഭിക്കും. കൂടാതെ ഒരു കോടി രൂപ മുതൽമുടക്കി ഒരു അത്യാധുനിക കോഴിയിറച്ചി സംസ്കരണ യൂണിറ്റും ആരംഭിക്കും.

106. **ജീനോമിക് ലബോറട്ടറി:** മികച്ചയിനം കാളക്കുട്ടികളെ വളരെ ചെറുപ്രായത്തിൽ കണ്ടുപിടിക്കാൻ ഉതകുന്ന ജനിതക സാങ്കേതിക വിദ്യ വികസിപ്പിക്കുവാൻ വേണ്ടി 11 കോടി രൂപ മുതൽമുടക്കിൽ കെ.എൽ.ഡി ബോർഡിന്റെ നിയന്ത്രണത്തിൽ ഒരു അത്യന്താധുനിക ജീനോമിക് ലബോറട്ടറി സ്ഥാപിക്കുന്നതാണ്. ഈ ലബോറട്ടറി പ്രവർത്തന സജ്ജമാകുന്നതോടുകൂടി വികസിത രാജ്യങ്ങളെപ്പോലെ, വിത്തു കാളകളെ തെരഞ്ഞെടുക്കുവാൻ ജീനോമിക സെലക്ഷൻ നടത്തുന്ന സംസ്ഥാനം കേരളമാകും. കേരളത്തിന്റെ തനത് ജനുസ്സായ മലബാറി ആടിന്റെ വികസനത്തിനും ഈ ലബോറട്ടറി നിർണ്ണായകമായ പങ്ക് വഹിക്കുന്നതാണ്.

**107. കുട്ടനാട് പാക്കേജിന്റെ ഭാഗമായി വൈക്കോൽക്കട്ട ഫാക്ടറി:** പ്രതിദിനം 50 മെട്രിക് ടൺ ഉത്പാദന ശേഷിയും 4.5 കോടി രൂപ മുതൽ മുടക്കുമുള്ള ഒരു വൈക്കോൽക്കട്ട നിർമ്മാണ ഫാക്ടറി കുട്ടനാട് പാക്കേജിന്റെ ഭാഗമായി കേരള ഫീഡ്സ് സ്ഥാപിക്കും. പാലക്കാട് ജില്ലയിൽ പ്രവർത്തനം ആരംഭിച്ച ഫാക്ടറിയുടെ മാതൃകയിലാണിത്.

**108.** പാലുത്പാദനത്തിൽ 12-ാം പദ്ധതിക്കാലത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി പഞ്ചവർഷ ക്ഷീരവികസനപദ്ധതി നടപ്പിലാക്കുന്നതാണ്. കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ കാലിത്തീറ്റ സബ്സിഡി ഒരു ലിറ്റർ പാലിന് നാല്പത് പൈസ എന്നത് എൺപത് പൈസ ആക്കി ഉയർത്തി അത് വർഷം മുഴുവൻ നല്കുവാൻ നടപടി സ്വീകരിച്ചു. ഈ വർഷം കാലിത്തീറ്റ സബ്സിഡി ലിറ്ററിന് ഒരു രൂപയാക്കി വർദ്ധിപ്പിക്കുന്നതാണ്. ഇതിനുവേണ്ടി 15 കോടി രൂപ വകയിരുത്തുന്നു.

## മത്സ്യ മേഖലയുടെ വികസനവും മത്സ്യത്തൊഴിലാളിക്ഷേമവും

**109.** പതിനൊന്നുലക്ഷം ജനങ്ങൾ നിത്യവൃത്തിക്കു വക കണ്ടെത്തുന്ന മേഖലയാണ് മത്സ്യബന്ധനം. ഈ മേഖലയ്ക്ക് 157.8 കോടി രൂപ വകയിരുത്തുന്നു. അതിൽ 50 കോടി രൂപ മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസനത്തിന് ഉപയോഗിക്കുന്നതാണ്.

**110.** ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി, മത്സ്യ കൃഷിയെ സംബന്ധിച്ച പ്രായോഗികപരിശീലനം നൽകുന്നതിനും പുതിയ കർഷകർക്ക് മാതൃകയായി ചൂണ്ടിക്കാണിക്കുന്നതിനും മാതൃകാ മത്സ്യകൃഷിയിടങ്ങൾ സജ്ജീകരിക്കേണ്ടതുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിയിൽ, 250 മാതൃകാ മത്സ്യകൃഷിയിടങ്ങൾ സ്ഥാപിക്കുന്നതാണ്. ഒരു ഗുണഭോക്താവിന് പരമാവധി ഒരു ലക്ഷം രൂപ ധനസഹായം ലഭിക്കുന്നു. ഒരു യൂണിറ്റിൽ കുറഞ്ഞത് 25 സെന്റുള്ള ഒരു മത്സ്യക്കുളം, വീശുവല, കോരുവല, ഡ്രാഗ്നെറ്റ്, 2 എച്ച്.പി. പമ്പ്സെറ്റ്, പ്ലാസ്റ്റിക് പൂൾ

മുതലായവ ഉണ്ടായിരിക്കണം. മത്സ്യ കൃഷിയ്ക്കാവശ്യമായ മത്സ്യ വിത്തുകൾ, തീറ്റയ്ക്കുള്ള ധനസഹായം എന്നിവ ഫിഷറീസ് വകുപ്പു വഴി സൗജന്യമായി ലഭ്യമാക്കും. ഈ വർഷം 50 ലക്ഷം രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

**111.** അടിമലത്തുറ ഒരു മാതൃകാ മത്സ്യഗ്രാമമായി വികസിപ്പിക്കുന്നതിലേക്കായി ഒരുകോടി രൂപ മാറ്റിവെക്കുന്നു.

**112.** കേന്ദ്ര സഹായത്തോടെ ആർത്തുങ്കൽ, വെള്ളയിൽ, താനൂർ എന്നീ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം ആരംഭിക്കുന്നതാണ്. പരപ്പനങ്ങാടിയിൽ ഏകദേശം 65 കോടിയോളം രൂപ ചെലവുവരുന്ന പുതിയ ഫിഷിംഗ് ഹാർബർ നിർമ്മിക്കും.

## വനം-വന്യജീവി

**113.** വനം മേഖലയോടു, പ്രത്യേകിച്ച് വന്യജീവി സംരക്ഷണമേഖലയോടടുത്തു കിടക്കുന്ന പ്രദേശങ്ങളിൽ വന്യജീവി ആക്രമണങ്ങൾ മുൻകാലങ്ങളിലില്ലാത്ത വിധം വർദ്ധിച്ചുവരികയാണ്. ഏറ്റവും കൂടുതൽ പ്രശ്നങ്ങളുണ്ടാകുന്ന വയനാട് കേന്ദ്രീകരിച്ച് രണ്ട് എലിഫന്റ് സ്ക്വാഡുകൾ രൂപീകരിക്കുന്നതാണ്. കൂടാതെ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ, കമ്പിവേലികൾ, തടയണകൾ എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കുന്നതാണ്. വന്യജീവികളുടെ ആക്രമണസാധ്യതയുള്ള മറ്റു ജില്ലകളിലും ഈ പദ്ധതികൾ വ്യാപകവും സുശക്തവുമാക്കി കൃഷിക്കാർക്കു സംരക്ഷണം നല്കുന്നതാണ്. ഇതിനായി ആകെ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**114.** നമ്മുടെ വനങ്ങളുടെ വശ്യതയും വന്യതയും കലർപ്പില്ലാതെ ആസ്വദിക്കാനായി ധാരാളം തദ്ദേശീയരും വിദേശീയരും അത്യധികം ആഗ്രഹിക്കുന്നുണ്ട്. വനം വകുപ്പ് ഇതിനോടകം ആരംഭിച്ച ആകർഷക പദ്ധതികളുടെ പൂർത്തീകരണത്തിനും, പുതിയവ ആരംഭിക്കുന്നതിനുമായി 6.05 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**115.** പത്തനംതിട്ടയിലെ കോന്നി ആനത്താവളം കേന്ദ്രീകരിച്ചുള്ള ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായി കല്ലാർ നദിക്കരയിലുള്ള അടവി എന്ന പ്രദേശത്ത് ഒരു ബൃഹത്തായ പരിസ്ഥിതി സൗഹൃദ പദ്ധതിയ്ക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

**സിനിമ**

**116.** സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 5 തിയേറ്ററുകൾ കൂടി നവീകരിക്കുന്നതിന് 5 കോടി രൂപയും, മൂന്നാറിൽ ഒരു ഫിലിം ആർക്കൈവ്സ് സ്ഥാപിക്കുന്നതിന് 2.5 കോടി രൂപയും പ്രത്യേകമായി വകകൊള്ളിക്കുന്നു.

**ഗ്രാമവികസനം**

**117.** കുടുംബശ്രീ, ശുചിത്വമിഷൻ, കില എന്നിവയ്ക്കുള്ള ധനസഹായം ഉൾപ്പെടെ ഈ മേഖലയ്ക്ക് 810 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**118.** എം.പി.മാരുടെയും എം.എൽ.എ. മാരുടെയും വികസന ഫണ്ട് ചെലവഴി ക്കുന്നതിൽ ഗുരുതരമായ കാലതാമസം ഉണ്ടാകുന്ന കാര്യം ഗവണ്മെന്റ് ഗൗരവമായിത്തന്നെ കണക്കിലെടുത്തിട്ടുണ്ട്. ആവശ്യമായ സ്റ്റാഫിന്റെ പോരായ്മയാണ് പ്രധാന തടസ്സമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. ഇതു പരിഹരിക്കുന്നതിന് വികസന ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു എഞ്ചിനീയറിംഗ് വിംഗ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ രൂപീകരിക്കുന്നതാണ്.

**119.** പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജനയുടെ കീഴിലുള്ള റോഡ് പദ്ധതികൾ ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ മുടങ്ങിക്കിടക്കുകയായിരുന്നു. ടെണ്ടർ എക്സസ് ഉൾപ്പടെയുള്ള അധിക ബാധ്യത സംസ്ഥാനം ഏറ്റെടുക്കാൻ തീരുമാനിച്ചതുകൊണ്ട് ഈ പദ്ധതി പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് 51.87 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### റവന്യൂ-ലീഗൽ മെട്രോളജി

**120.** അർഹരായ ഭൂരഹിതർക്ക് മിച്ചഭൂമി കണ്ടെത്തി നൽകി 2015-ൽ കേരളത്തെ പൂർണ്ണമായും ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കുന്നതാണ്. സമയബന്ധിതമായി ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി മിച്ച ഭൂമിയില്ലാത്ത ജില്ലകളിൽ ഭൂമി വാങ്ങുന്നതിനും മറ്റുമായി 2013-14 വർഷം 3 കോടി രൂപ നീക്കിവയ്ക്കുന്നു.

**121.** സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ഏതുസമയത്തും എവിടെ നിന്നും ഇടപാടുകൾ നടത്താവുന്ന സ്മാർട്ട് ഓഫീസുകൾ ആക്കി മാറ്റുന്നതാണ്. സേവന മേഖലയുടെ അടിസ്ഥാന തത്വങ്ങളായ വേഗത, ഉത്തരവാദിത്തം, സുതാര്യത എന്നിവയോടുകൂടിയ സ്മാർട്ട് ഓഫിസുകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്. ഒരു ജില്ലയിൽ ഒരു വില്ലേജ് ഓഫീസ് എന്ന നിലയിൽ 2013-14 വർഷം 14 വില്ലേജ് ഓഫീസുകൾ ആധുനികവൽക്കരിക്കുന്നതിന് 1.4 കോടി രൂപ വകയിരുത്തുന്നു.

**122.** കാട്ടാക്കടയ്ക്ക് സമീപം പെരുങ്കുളത്ത് വിവിധ സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നതിനായി മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു.

**123.** ആധുനിക സർവേ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സർവ്വേയിൽ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് തിരുവനന്തപുരം പേരൂർക്കടയിലെ സർവ്വേ ട്രെയിനിംഗ് സ്കൂൾ ആധുനീകരിക്കുന്ന താണ്. ഇതിലേക്കായി ഒരുകോടി രൂപ നീക്കിവക്കുന്നു.

**124.** താലൂക്ക് ഓഫീസുകളും റവന്യൂ ഡിവിഷണൽ ഓഫീസുകളും ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി വീഡിയോ കോൺ ഫറൻസിംഗ് സംവിധാനവും ഇലക്ട്രോണിക് നെറ്റ്വർക്കിംഗും ഏർപ്പെടുത്തുന്നതാണ്.

**125.** ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുന്ന റവന്യൂവകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ദേശീയതലത്തിൽ മികവിന്റെ കേന്ദ്രമാക്കുന്നതിന് ഉദ്ദേശിക്കുന്നു. 5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

**തദ്ദേശ സ്വയംഭരണം**

**126.** ഗ്രാമ പഞ്ചായത്തുകൾ ശക്തിപ്പെടുത്തുന്നതിനായി താഴെത്തട്ടിൽ ധനലഭ്യത വർദ്ധിപ്പിക്കുന്ന നയം അഭംഗുരം തുടരും. കാര്യക്ഷമമായ സേവനം, പ്രാദേശിക മുൻഗണനാടിസ്ഥാനത്തിലുള്ള വികസനം എന്നിവ ഈ പ്രക്രിയയിലൂടെ ഉറപ്പാക്കാൻ കഴിയും. 17,000 കോടി രൂപ വാർഷിക പദ്ധതി അടങ്കലിൽ 4,000 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കി വച്ചിട്ടുണ്ട്. ഇത് നടപ്പുവർഷത്തേക്കാൾ 23.9% കൂടുതലാണ്.

**127.** ഗുണഭോക്താക്കൾക്ക് വിവിധ ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടുകൾ വഴി ലഭ്യമാക്കുന്നത് ഉൾപ്പടെ ഗ്രാമ പഞ്ചായത്തുകളുടെ എല്ലാ പണമിടപാടുകളും 2013-14 മുതൽ ഓൺലൈൻ രീതിയിലേക്ക് മാറ്റുമെന്ന് പ്രഖ്യാപിക്കുവാൻ എനിക്ക് സന്തോഷമുണ്ട്.

**128.** ഗ്രാമങ്ങളിലെ അറവുശാലകൾ നിലവാരമുള്ളതും ശുചിത്വമുള്ളതും അറവ്മാലിന്യ സംസ്കരണ സംവിധാനമുള്ളതുമാക്കാൻ ഉദ്ദേശിക്കുന്നു. അതിനായി ഈ വർഷം 5.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**129.** വ്യത്യസ്തശേഷിയുള്ളവരുടെ പുനരധിവാസത്തിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിലനിലർത്തുന്നതിനുമായി കുടുംബശ്രീയും സാമൂഹ്യനീതിവകുപ്പുമായി ചേർന്ന് സംയുക്ത പരിപാടികൾ ഗവൺമെന്റ് തുടർന്നു കൊണ്ടുപോകുന്നതാണ്.

**130.** പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളുടെയും സേവനങ്ങളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഓരോ ജില്ലയിലെയും

തെരഞ്ഞെടുക്കപ്പെട്ട 10 പഞ്ചായത്തുകൾ വീതം ആദ്യഘട്ടത്തിൽ ഐ.എസ്.ഒ. അംഗീകാരം തേടും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

**131.** ഓരോ ജില്ലയിലെയും ഒരു പഞ്ചായത്തിൽ ഒരു കലാഗ്രാമം സ്ഥാപിക്കുക എന്ന നൂതന പദ്ധതിക്ക് തുടക്കം കുറിക്കുന്നതാണ്. നമ്മുടെ കലയും സംസ്കാരവും പൈതൃകവും സംരക്ഷിക്കുകയും ഭാവിതലമുറക്കും സന്ദർശകർക്കുമായി അവ കാത്തുസൂക്ഷിക്കുകയും ചെയ്യുക എന്നതാണ് കലാഗ്രാമത്തിന്റെ ലക്ഷ്യം. ഇതിനായി 140 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

**132.** കേരളത്തിന്റെ ജനാധിപത്യ വികേന്ദ്രീകരണം ലോകശ്രദ്ധ ആകർഷിച്ച ഒരു സവിശേഷ വികസന മാതൃകയാണ്. ഈ വർഷം **ഇന്റർനാഷണൽ മീറ്റ് ഓൺ ലോക്കൽ ഗവേണൻസ്** എന്ന ആഗോള സമ്മേളനം കേരളത്തിൽ സംഘടിപ്പിക്കുന്നതാണ്.

**133.** പൂവച്ചൽ പഞ്ചായത്തിലെ കാട്ടാക്കട മാർക്കറ്റ് ആധുനിക വത്കരിക്കുവാൻ ഒരുകോടി രൂപ വകയിരുത്തുന്നു.

**134.** ഈരാറ്റുപേട്ട പഞ്ചായത്ത് മുനിസിപ്പാലിറ്റിയായി ഉയർത്തും.

**നഗരവികസനം**

**135.** അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി, എല്ലാ ജില്ലകളിലും സംയോജിത പ്രാദേശിക വികസന പദ്ധതികൾ, രാജീവ് ആവാസ് യോജന, കെ.എസ്.യു.ഡി.പി, നഗരങ്ങളിലെ മാലിന്യ നിർമ്മാർജന പദ്ധതി എന്നിവ ഉൾപ്പെടെ നഗരവികസന മേഖലയ്ക്കുള്ള വിഹിതം 16.7 ശതമാനം വർദ്ധിപ്പിച്ച് 1130.49 കോടി രൂപയായി നിശ്ചയിക്കുന്നു.

**136.** സൈക്കിൾ സവാരിയും കാൽനടയും പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി സൈക്കിൾട്രാക്കുകൾ, തടസ്സങ്ങളില്ലാത്ത നടപ്പാതകൾ,

സൈക്കിൾ റാക്കുകൾ എന്നിവ PPP അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**137.** നിലവിലുള്ള റോഡുകളുടെ നവീകരണം, റിങ്ങ് റോഡുകൾ, ലിങ്ക്റോഡുകൾ എന്നിവയുടെ നിർമ്മാണം, പാർക്കിംഗിന് നയരൂപീകരണവും, പാർക്കിംഗ് സ്ഥലങ്ങളുടെ നിർമ്മാണവും, പാർക്കുകൾ, ഷോപ്പിംഗ് തെരുവുകൾ, മാർക്കറ്റുകൾ എന്നിവയുടെ നവീകരണം, നഗരത്തിന്റെ ഹരിതവൽക്കരണം എന്നീ മുൻഗണനാ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

**138.** സംസ്ഥാനത്തെ നഗരസഭകളിലെ 6 മീറ്ററിൽ കുറവുള്ള റോഡുകൾ ആവശ്യമായ സ്ഥലം ഏറ്റെടുത്ത് 6 മീറ്റർ വരെ വീതി കൂട്ടുന്നതിനും, നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി 10 കോടി രൂപ വകയിരുത്തുന്നു.

**139.** വാഹനങ്ങളുടെ അനിയന്ത്രിതമായ പെരുപ്പവും ഗതാഗതക്കുരുക്കും പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തതയും കണക്കിലെടുത്ത് ആധുനികമായ Mechanised Parking സംവിധാനം നഗരങ്ങളിൽ ഏർപ്പെടുത്തുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നതാണ്.

**140.** ചേർത്തല മുനിസിപ്പൽ ടൗൺ ജംഗ്ഷൻ വികസിപ്പിക്കുന്നതിനായി 50 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.

**141.** അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി 12.16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**142.** നഗരങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് 33.55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, ശുചിത്വമിഷന്റെ കീഴിൽ പഞ്ചായത്തുകളിലെ ഉറവിട മാലിന്യ സംസ്കരണത്തിന് 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**143.** വാഹന ഗതാഗതത്തിനും പൊതുജനങ്ങൾക്കും ഏറെ ബുദ്ധിമുട്ടുണ്ടാക്കിക്കൊണ്ട് നഗരഹൃദയങ്ങളിൽ തലങ്ങും വിലങ്ങും പരസ്യ ബോർഡുകൾ ഉയർന്നുകൊണ്ടിരിക്കുകയാണ്. പരസ്യങ്ങളിലൂടെ നഗരസഭകൾക്ക് വരുമാനം ഉണ്ടാക്കുന്നതിന് ഏകദേശം 1500-ഓളം ആധുനിക Hoarding Board-കൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിലേയ്ക്കായി ഒരു വായ്പാ പദ്ധതി നടപ്പാക്കുന്നതാണ്.

**144.** സംസ്ഥാനത്തെ 30-ഓളം നഗരസഭകളുടെ മാസ്റ്റർപ്ലാൻ പുതുക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള നഗരസഭകളുടെ മാസ്റ്റർ പ്ലാൻ പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. ഈ പ്രവർത്തനം പൂർത്തിയാക്കുന്നതിനായി 1.95 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**145.** ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന കേരള സുസ്ഥിര നഗരവികസന പദ്ധതി (KSUDP), തിരുവനന്തപുരം, കൊച്ചി നഗരസഭകളിൽ നടപ്പിലാക്കുന്ന ജവഹർലാൽ നെഹ്റു ദേശീയ നഗരപുനരുദ്ധാരണ മിഷൻ (JNNURM), തലസ്ഥാന നഗരവികസന പദ്ധതി (RDP), ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസനപദ്ധതി (UIDSSMT) എന്നിവയുടെ കീഴിൽ സംസ്ഥാനത്ത് ഇപ്പോൾ നടപ്പാക്കി വരുന്ന പ്രൊജക്റ്റുകളുടെ പൂർത്തീകരണത്തിനായി 884 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**സഹകരണം**

**146.** സംസ്ഥാനത്തെ, സാമൂഹിക സാമ്പത്തിക മേഖലയിൽ സഹകരണ മേഖലയുടെ പ്രസക്തി വർദ്ധിച്ചിട്ടുണ്ട്. കൂടുതൽ ജനക്ഷേമകരങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹകരണ മേഖലയ്ക്കുള്ള വിഹിതം 21% വർദ്ധിപ്പിച്ച് 75 കോടിയാക്കിയിട്ടുണ്ട്.

**147.** കർഷകർക്ക് ആവശ്യമായ കാർഷിക സേവനങ്ങൾ ലഭ്യമാക്കുന്നതിന് 20 പുതിയ കർഷക സേവനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 10 കോടി രൂപയും എൻ.സി.ഡി.സി പദ്ധതികൾക്ക് 30 കോടി രൂപയും കാർഷിക വിപണന സെക്ടർ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കഴിഞ്ഞ മൂന്ന് വർഷങ്ങളായി ലാഭത്തിൽ പ്രവർത്തിക്കുന്ന പ്രൈമറി മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് 4.25 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**148.** വരും വർഷം വികലാംഗരുടെയും, വനിതകളുടെയും ക്ഷേമത്തിന് കൂടുതൽ ഊന്നൽ നൽകും. അതോടൊപ്പം ഉപഭോക്തൃമേഖലയിൽ കൂടുതൽ നീതി, നന്മസ്റ്റോറുകൾ, ത്രിവേണി സൂപ്പർമാർക്കറ്റുകൾ, മൊബൈൽ ത്രിവേണി എന്നിവ ആരംഭിക്കും.

**149.** ആതുര സേവന മേഖലയിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും 'ശുശ്രൂഷ' ഹൈ-ടെക് ലബോറട്ടറികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ കായംകുളത്തും, തൃശ്ശൂർ ജില്ലയിലെ മെഡിക്കൽ കോളേജിന് സമീപവും ലാബുകൾ ആരംഭിക്കും.

**150.** സഹകരണ മേഖലയിൽ 60000-ഓളം സ്വാശ്രയഗ്രൂപ്പുകൾ/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ഉണ്ട്. ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ഗ്രൂപ്പുകളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണനമേളകൾ മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും ചെയ്യും.

**151.** സഹകരണ മേഖലയിലെ എസ്.സി/എസ്.റ്റി സംഘങ്ങളെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ സഹായത്തോടെ പുനരുദ്ധരിക്കുന്നതിനും, ഈ വിഭാഗത്തിലെ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിനും ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിൽ ഗവണ്മെന്റ് അംഗീകരിച്ച കോഴ്സുകൾ ആരംഭിച്ച് പരിശീലനം ലഭ്യമാക്കും.

**152.** പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെ എല്ലാ തലങ്ങളിലുമുളള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന്

'ധാര' എന്ന പേരിൽ പദ്ധതി നടപ്പിലാക്കും. ആദ്യഘട്ടമായി ഈ വർഷം നെടുമങ്ങാട്, അടൂർ, തിരുവല്ല, ശാസ്താംകോട്ട, പീരുമേട്, കുട്ടനാട്, മീനച്ചിൽ, കോതമംഗലം, തലപ്പിള്ളി, ചാവക്കാട്, മഞ്ചേരി, ചിറ്റൂർ, വടകര, മാനന്തവാടി, തളിപ്പറമ്പ്, ഹോസ്ദുർഗ് എന്നീ താലൂക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കും.

153. സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്, സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ബോർഡുകൾ, മറ്റ് സംസ്ഥാനതല ഓഫീസുകൾ എന്നിവയ്ക്കു വേണ്ടി ആസ്ഥാനമന്ദിരം തിരുവനന്തപുരത്ത് നിർമ്മിക്കും.

154. സൗരോർജ്ജ സംവിധാനത്തിന് സഹകരണ സ്ഥാപനങ്ങൾ വഴി വായ്പയും സബ്സിഡിയും അനുവദിക്കും.

155. സ്വന്തമായി സംഭരണശേഷിയുള്ള സഹകരണ അരിമില്ലുകൾക്ക്, കർഷകരിൽ നിന്നും നേരിട്ട്, രൊക്കം പണം നൽകി, നെല്ല് സംഭരിക്കുന്നതിന് അനുവാദം നൽകുന്നതാണ്.

156. കേപ്പിന്റെ കീഴിലുള്ള തൃക്കരിപ്പൂർ, വടകര, തലശ്ശേരി, കിടങ്ങൂർ എൻജിനീയറിംഗ് കോളേജുകളിൽ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, മെക്കാനിക്കൽ എന്നീ വിഷയങ്ങളിൽ ബിരുദാനന്തരബിരുദ കോഴ്സുകൾ ആരംഭിക്കും.

**മലിനീകരണ നിയന്ത്രണം**

157. തലസ്ഥാനത്തെ ദ്രവമാലിന്യങ്ങൾ മൂലം പൂർണ്ണമായി മലിനപ്പെട്ട്, പൊതുജനാരോഗ്യ ഭീഷണി ഉയർത്തുന്ന പാർവ്വതീപുത്തനാർ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**158.** ആശുപത്രികളിൽ നിന്നുള്ള ബയോ-മെഡിക്കൽ മാലിന്യങ്ങൾ ഗുരുതരമായ പാരിസ്ഥിതികപ്രശ്നമാണ്. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ, സ്വകാര്യ സഹകരണത്തോടെയും, കേന്ദ്ര സർക്കാർ സബ്സിഡി പ്രയോജനപ്പെടുത്തിയും, പൊതു ബയോ-മെഡിക്കൽ മാലിന്യസംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്.

**ജലവിഭവം**

**159.** സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും കണക്കിലെടുത്ത്, ലഭ്യമായ ജലം പരമാവധി സംരക്ഷിച്ച് കുടിവെള്ള വിതരണത്തിനും, കൃഷിക്കും മറ്റനുബന്ധാവശ്യങ്ങൾക്കും തടസ്സമില്ലാതെ നൽകാൻ പറ്റുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ഇതിനായി ആകെ 505.14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നദികളിലൂടെ ഒഴുകി കടലിൽ പതിക്കുന്ന ജലം വിവിധ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിച്ച്, സംഭരിച്ച് ഉപയോഗയോഗ്യമാക്കുന്നതാണ്. എല്ലാ നദീതീരങ്ങളിലും പഠനങ്ങൾ നടത്തി ചെക്ക് ഡാമുകളും റെഗുലേറ്ററുകളും പണിയുന്നതാണ്. ഇപ്രകാരം 700-ഓളം തടയണകൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിന് 400 കോടി രൂപയുടെ ബൃഹദ്പദ്ധതി നടപ്പിലാക്കുന്നതാണ്.

**160.** കാവേരി ട്രൈബ്യൂണലിന്റെ അവാർഡ് പ്രകാരം കേരളത്തിന് കബനി, ഭവാനി, പാമ്പാർ ബേസിനുകളിൽ ലഭ്യമാകുന്ന 30 റ്റി.എം.സി വെള്ളം പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾ ത്വരിതപ്പെടുത്തും. ആയതിലേയ്ക്ക് പാമ്പാർ ബേസിനിൽ ആദ്യ ഡാമിന്റെ പണി പട്ടിശ്ശേരിയിൽ ഉടൻ ആരംഭിക്കുന്നതാണ്. ഇതിന് 25.15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെ ഭവാനി ബേസിനിൽ ലഭ്യമായ ജലം ഉപയോഗപ്പെടുത്തുന്നതിന് അട്ടപ്പാടിയിൽ അണക്കെട്ട് നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. കബനി ബേസിനിലും ഡാമുകൾ നിർമ്മിക്കാൻ ശ്രമം തുടരുന്നതാണ്.

161. മുല്ലപ്പെരിയാർ കേസ് അവസാന ഘട്ടത്തിലാണ്. പുതിയ ഡാം പണിയാൻ അനുമതി ലഭിക്കുമെന്നാണ് കരുതുന്നത്. ഇതിലേക്ക് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

162. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റ്, ഇടമലയാർ പ്രോജക്റ്റ് എന്നിവ ഈ സാമ്പത്തികവർഷം തന്നെ കമ്മീഷൻ ചെയ്യാൻ നടപടി എടുക്കുന്നതാണ്. ഇവയ്ക്ക് 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, മീനച്ചിൽ വാലി ഇറിഗേഷൻ പദ്ധതി ഈ വർഷം ആരംഭിക്കുന്നതാണ്. ഇതിനായി 50 കോടി രൂപ വകയിരുത്തുന്നു.

163. തൊടുപുഴയിൽ മലങ്കര ജലാശയത്തോട് അനുബന്ധിച്ച് മലങ്കര ഇറിഗേഷൻ ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

164. കുടിവെള്ള വിതരണത്തിനും കൃഷിക്കും ഫലപ്രദമായി ഉപയോഗിക്കുന്നതോടൊപ്പം ഭൂജലസമ്പത്ത് പരിപോഷിപ്പിക്കാനും നടപടികൾ സ്വീകരിക്കും. ഇതിനായി ഭൂജല സുരക്ഷിതമല്ലാത്ത ബ്ലോക്കുകളിൽ പഠനങ്ങൾ നടത്തും. ആദ്യപടിയായി ചിറ്റൂർ ബ്ലോക്കിൽ പഠനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഭൂജല വകുപ്പിനെ ആധുനികവത്കരിക്കാനും സേവനങ്ങൾ മെച്ചപ്പെടുത്താനും പുതിയ റിഗ്ഗുകളും, ശാസ്ത്രീയ പഠനോപകരണങ്ങളും വാങ്ങും. ഇതിലേക്ക് 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വരൾച്ചയെ പ്രതിരോധിക്കുവാൻ ഒരു പഞ്ചായത്തിൽ ഒരു കുളം നവീകരിക്കുന്ന പദ്ധതി തുടരുന്നതാണ്.

**ശുദ്ധജല വിതരണം**

165. കുടിവെള്ള വിതരണ രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ജപ്പാൻ സഹായത്തോടെയുള്ള ചേർത്തല പദ്ധതി കമ്മീഷൻ ചെയ്തുകഴിഞ്ഞു. തിരുവനന്തപുരം, കണ്ണൂർ, മീനാട്, കോഴിക്കോട്

പദ്ധതികൾ ഈ വർഷം പൂർത്തിയാക്കും. ഇപ്പോൾ NRDWP, SPAN, NABARD എന്നിവയിലൂടെ നടപ്പാക്കുന്ന 64 വൻകിട ശുദ്ധജല വിതരണ പദ്ധതികൾ ഈ വർഷംതന്നെ പൂർത്തിയാക്കാൻ ശ്രമിക്കും. നടപ്പുവർഷം ജനുവരി വരെ കേരള ജല അതോറിറ്റിയ്ക്ക് 422.66 കോടി രൂപ നല്കുകയുണ്ടായി. അടുത്ത വർഷം പദ്ധതിവിഹിതമായി 849 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

166. കേരളത്തിലെ അഞ്ച് കോർപ്പറേഷനുകളിലും ചുരുങ്ങിയത് രണ്ട് നദികളിൽ നിന്നുള്ള ജലവിതരണ സംവിധാനം തയ്യാറാക്കും. എറണാകുളത്ത് പെരിയാർ, മൂവാറ്റുപുഴയാർ, തൃശ്ശൂരിൽ പിച്ചി, കരുവണ്ണൂർ, കോഴിക്കോട് ചാലിയാർ, കുറ്റിയാടി, കൊല്ലത്ത് ശാസ്താംകോട്ട, കല്ലട ഇത്തിക്കര, തിരുവനന്തപുരത്ത് കരമന, വാമനപുരം, വെള്ളായണി തടാകം എന്നിവയിലെ വെള്ളം ഉപയോഗപ്പെടുത്തി ജലവിതരണം മെച്ചപ്പെടുത്തും.

167. എറണാകുളത്ത് സ്മാർട്ട് സിറ്റിയുൾപ്പെടെയുള്ള വികസനപദ്ധതികൾ കണക്കിലെടുത്ത് 1000 കോടി രൂപയുടെ JICA സഹായത്തോടെ പദ്ധതി നടപ്പിലാക്കി 200 MLD ശുദ്ധജലം വിതരണസജ്ജമാക്കും. അതുപോലെ തൃശ്ശൂരിൽ 50 MLD ജലംകൂടി വിതരണ സജ്ജമാക്കും. ആയതിന് 25 കോടി രൂപയാണ് സംസ്ഥാനവിഹിതം. ഇപ്പോൾ നടന്നുവരുന്ന കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതോടൊപ്പം മഴവെള്ള സംഭരണ പദ്ധതി കൂടി നടപ്പിലാക്കി വൈപ്പിനിലെ എക്കാലത്തേയും രൂക്ഷമായ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

168. കല്ലിയൂർ, വെങ്ങാനൂർ, വിഴിഞ്ഞം, കോവളം എന്നീ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഒരു സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി 2 കോടി രൂപ ഞാൻ വകയിരുത്തുന്നു.

169. നമ്മുടെ മിക്ക ശുദ്ധജല വിതരണ പദ്ധതികളിലെയും പ്രധാന പൈപ്പുകൾ 30 വർഷത്തിലേറെ കാലപ്പഴക്കം ഉള്ളവയാണ്. പഴകിയതും തകരാറു സംഭവിച്ചതുമായ പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റിസ്ഥാപിക്കാൻ തിരുവനന്തപുരത്തുൾപ്പെടെ മുൻഗണനാടിസ്ഥാനത്തിൽ ഒരു പദ്ധതി തയ്യാറാക്കി വായ്പാ സഹായത്തോടെ നടപ്പാക്കുന്നതാണ്. ഇതിന് സംസ്ഥാനവിഹിതമായി 90 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ഊർജ്ജം**

170. ഊർജ്ജ മേഖലയിൽ വൈദ്യുത പദ്ധതികൾ, ഡാം സംരക്ഷണം, വൈദ്യുതപ്രസരണ-വിതരണ പ്രവർത്തികൾ എന്നിവയാണ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇവ ഉൾപ്പടെ ഊർജ്ജ മേഖലയ്ക്ക് 46.58 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

171. ഭൂതത്താൻകെട്ട്, ചാത്തൻകോട്ട, കല്ലാർ, അരിപ്പാറ, വാളൻതോട്, മാരിപ്പുഴ, തോണിയാർ, തൊമ്മൻ കുത്ത് എന്നീ ജലവൈദ്യുത പദ്ധതികളുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്.

172. നിലവിലുള്ള സബ് സ്റ്റേഷനുകളുടെയും പവർഹൗസുകളുടെയും പരിസരപ്രദേശത്ത് ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 12-ാം പദ്ധതിക്കാലത്ത് 60 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിയ്ക്കായി 8 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

173. ബ്രഹ്മപുരത്ത് കെ.എസ്.ഇ.ബി യുടെ 1026 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതി, പുതുവൈപ്പിനിൽ കെ.എസ്.ഇ.ബി. പെട്രോനെറ്റ് എന്നിവയുടെ സംയുക്ത സംരംഭമായ 1200 മെഗാവാട്ട് പദ്ധതി, ചീമേനിയിൽ കെ.എസ്.ഇ.ബി, കെ.എസ്.ഐ.ഡി.സി എന്നിവയുടെ സംയുക്ത

സംരംഭമായ 1200 മെഗാവാട്ട് പദ്ധതി എന്നിവയാണ് പരിഗണനയിലുള്ള പദ്ധതികൾ. കായംകുളത്തെ എൻ.ടി.പി.സി നിലയത്തിൽ നാഫ്ത യൂണിറ്റുകളെ പ്രകൃതി വാതക യൂണിറ്റുകളാക്കി പരിവർത്തനം ചെയ്ത് 1050 മെഗാവാട്ട് അധിക വൈദ്യുതോൽപാദനം ലക്ഷ്യമിടുന്നു. ഭാരത് പെട്രോളിയം കെമിക്കൽസ് ലിമിറ്റഡിൽ നിന്ന് ലഭ്യമാക്കുന്ന 'പെറ്റ്കോക്ക്' ഉപയോഗിച്ച് കൊച്ചിയിൽ 550 മെഗാവാട്ടിന്റെ ഒരു വൈദ്യുതനിലയം സ്ഥാപിക്കുന്നതാണ്.

174. വ്യത്യസ്ഥ സാങ്കേതികാധിഷ്ഠിത പദ്ധതികളായ സ്മാർട്ട് ഗ്രിഡ്, പ്രീപെയ്ഡ് മീറ്റർ, ഓട്ടോമേറ്റഡ് മീറ്ററിംഗ് സിസ്റ്റം എന്നിവ 2013-14 ൽ ആരംഭിക്കുന്നതാണ്. ഇന്നൊവേഷൻ ഫണ്ടിന്റെ സഹായത്തോടെ കെ.എസ്.ഇ.ബി ഒരു ഇന്നൊവേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതാണ്.

175. ഉപയോഗ ശൂന്യമായ സി.എഫ്.എൽ. ബൾബുകൾ അലക്ഷ്യമായി ഉപേക്ഷിക്കുന്നത് ഇന്ന് ഗുരുതരമായ പരിസരമലിനീകരണത്തിന് കാരണമാകുന്നു. ഇവ സുരക്ഷിതമായി പുനഃസംസ്കരണം ചെയ്യുന്നതിന് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 15 ലക്ഷം രൂപ വകയിരുത്തുന്നു.

176. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ആകെ 179.85 മെഗാവാട്ട് ശേഷിയുള്ള 14 ജലവൈദ്യുത പദ്ധതികൾ 2013-14 ൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ 111.2 മെഗാവാട്ട് ശേഷിയുള്ള പുതിയ പദ്ധതികൾ ആരംഭിക്കാനുദ്ദേശിക്കുന്നു.

177. ട്രാൻസ്മിഷൻ ശൃംഖല ശക്തമാക്കുന്നതിന് കെ.എസ്.ഇ.ബി. അത്യധികം പ്രാധാന്യം നൽകുന്നുണ്ട്. ഇതിലേയ്ക്കായി 2013-14 കാലയളവിൽ രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും, പത്ത് 110 കെ.വി. സബ്സ്റ്റേഷനുകളും, രണ്ട് 66 കെ.വി. സബ്സ്റ്റേഷനുകളും, ഏഴ് 33 കെ.വി. സബ്സ്റ്റേഷനുകളും നിർമ്മിക്കുന്നതാണ്.

178. എൻ.ടി.പി.സി.യുടെ സഹായത്തോടെ സംസ്ഥാനത്ത് 200 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കും. കൂടാതെ 22 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം കഞ്ചിക്കോട് സ്ഥാപിക്കുന്നതാണ്.

179. വിതരണ മേഖല ശക്തിപ്പെടുത്താനും, സഞ്ചിത സാങ്കേതിക വാണിജ്യ നഷ്ടം കുറയ്ക്കുവാനും ആർ-എ.പി.ഡി.ആർ.പി., ആർ.ജി.ജി.വി.വൈ. ഉൾപ്പെടെ 800 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുന്നതും 4.68 ലക്ഷം പുതിയ സർവ്വീസ് കണക്ഷനുകൾ നൽകുന്നതുമാണ്.

180. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ കുറിച്ച് അവബോധം നൽകുന്നതിനും, ഊർജ്ജസംരക്ഷണം, ഊർജ്ജസംരക്ഷണ ഉപകരണങ്ങളുടെ അസംബ്ലിങ്ങ്, റിപ്പയറിംഗ് എന്നിവയിൽ പരിശീലനം നൽകുന്നതിനുമായി എനർജി പാർക്കുകൾ സ്ഥാപിക്കുന്നതിന് ഒരു കോടി രൂപ നീക്കിവെക്കുന്നു.

### വ്യവസായം

181. സാമ്പത്തിക വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാനത്ത് വ്യവസായ വികസനം അത്യാവശ്യമാണ്. വ്യവസായ പാർക്കുകൾ, നിക്ഷേപ പ്രോത്സാഹന പ്രവർത്തനങ്ങൾ, സംരംഭകർക്കുള്ള പ്രോത്സാഹനം എന്നിവയ്ക്കായി 579.36 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

182. 2012 സെപ്തംബറിൽ സർക്കാർ സംഘടിപ്പിച്ച എമർജിംഗ് കേരള നിക്ഷേപ സംഗമത്തിന് ലഭിച്ച പ്രതികരണം അഭൂതപൂർവവും പ്രോത്സാഹനജനകവുമായിരുന്നു. വിവിധ മേഖലകളിൽ മികച്ച വികസനസാധ്യതയാണ് നമ്മുടെ സംസ്ഥാനത്തിനുള്ളത്. അതിനെക്കുറിച്ച് വിശദമായ അവലോകനം നടത്താൻ അന്താരാഷ്ട്ര നിലവാരമുള്ള ഒരു പ്രൊഫഷണൽ ഏജൻസിയേയോ അക്കാദമിക് സ്ഥാപനത്തേയോ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

183. ഇലക്ട്രോണിക് മാനുഫാക്ചറിംഗ് വ്യവസായത്തിന് പ്രത്യേക പരിഗണന നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു. മിഷൻമോഡിൽ, ഇതിലേയ്ക്ക് സാങ്കേതികവിദ്യയും നിക്ഷേപങ്ങളും ആകർഷിക്കുന്നതിനു വേണ്ടി 20 കോടി രൂപ വകയിരുത്തുന്നു. തിരുവനന്തപുരം ടെക്നോപാർക്കിലും കൊച്ചി സ്റ്റാർട്ട്അപ് വില്ലേജിലും ഓരോ ഇലക്ട്രോണിക് ഫാബ്രിക്കേഷൻ ലബോറട്ടറി സ്ഥാപിക്കുന്നതാണ്.

184. സ്മാർട്ട്സിറ്റി, ഇൻഫോപാർക്ക്, എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് എന്നിവിടങ്ങളിലെ ജലവിതരണം, റോഡ് വികസനം എന്നിവ മെച്ചപ്പെടുത്തുന്നതിനായി 15 കോടി രൂപ വകയിരുത്തുന്നു.

185. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാട് കഞ്ചിക്കോട്ട് ലോകോത്തര നിലവാരമുള്ള തുണി വ്യവസായ പാർക്കും, ഒറ്റപ്പാലത്ത് വ്യവസായ പാർക്കും, കൊല്ലത്ത് കിൻഫ്ര ബിസിനസ് പാർക്കും, കാസർഗോട്ട് ഉദുമയിൽ ചെറുകിട വ്യവസായ പാർക്കും, എറണാകുളത്ത് ITPO-യുമായി ചേർന്ന് അന്താരാഷ്ട്ര കൺവെൻഷൻ സെന്ററും, കളമശ്ശേരി ഹൈടെക് പാർക്കിൽ ഒരു ടെലികോം ഇൻകുബേറ്ററും കളമശ്ശേരി കിൻഫ്രാ ബയോടെക്നോളജി പാർക്കിൽ, കുസാറ്റ്, അമൃത സെന്റർ ഫോർ നാനോസയൻസ് എന്നിവയുടെ സഹകരണത്തോടെ ഒരു 'നാനോടെക്നോളജി സെന്ററും' സ്ഥാപിക്കുന്നതാണ്. ഇത് ഉൾപ്പടെ വിവിധപാർക്കുകളുടെ വികസനത്തിനായി കിൻഫ്രയ്ക്ക് 86.68 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

186. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുവാനും ശക്തിപ്പെടുത്തുവാനും വേണ്ടി കശുവണ്ടി മേഖലയ്ക്ക് 71.5 കോടിയും കയർ മേഖലയ്ക്ക് 111.37 കോടിയും കൈത്തറി മേഖലയ്ക്ക് 76.76 കോടിയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ, സുരഭി, കെൽപാം, കേരളാ സ്റ്റേറ്റ് ബാംബൂ കോർപറേഷൻ

എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3 കോടി രൂപയ്ക്കു പുറമേ, 3 കോടി രൂപ കൂടി വകയിരുത്തുന്നു.

**187.** കയർ വികസനവകുപ്പിന്റെ ആഭിമുഖ്യത്തിൽ CIAL (സിയാൽ) മാതൃകയിൽ അന്തർദേശീയ നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതാണ്. ഈ സംരംഭം ആരംഭിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തുന്നു.

**188.** കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉത്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നൊവേഷൻ ഫണ്ടും, നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ്സ് സംരംഭങ്ങളെ സഹായിക്കുന്നതിനായി ഒരു കയർ ഇൻകുബേഷൻ സെല്ലും രൂപീകരിക്കുന്നതാണ്. ഈ പദ്ധതിയ്ക്കായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

**189.** ഉല്പന്നങ്ങളുടെ വൈവിധ്യവത്കരണം, പുതിയ രൂപകല്പനകൾ ആവിഷ്കരിക്കൽ, തൊഴിലാളികളുടെ നൈപുണ്യം വികസിപ്പിക്കൽ എന്നിവയിലൂടെ കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതാണ്.

**190.** ടെക്സ്റ്റൈൽ വ്യവസായ മേഖല ഇന്ന് പ്രതിസന്ധിയിലാണ്. ഈ മേഖലയുടെ സമഗ്ര ആധുനീകരണത്തിനായി 3 കോടി രൂപ അധികം വകയിരുത്തുന്നു. കൂടാതെ കോട്ടയത്തെ പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണത്തിന് 3 കോടി രൂപയും അമയന്നൂരിലെ ഇന്റഗ്രേറ്റഡ് പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നവീകരണത്തിന് ഒരു കോടി രൂപയും വകയിരുത്തുന്നു.

**191.** നാഷണൽ മാനുഫാക്ച്ചറിങ് നയത്തിന്റെ ഭാഗമായി, കേരളത്തിലെ വൻകിട നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി

എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ നാല് ജില്ലകളിൽ NIMZ പദ്ധതി നടപ്പിലാക്കുന്നതാണ്.

192. കേന്ദ്ര സർക്കാർ നയത്തിന്റെ ചുവടുപിടിച്ച് കൊച്ചിയിൽ ഒരു പെട്രോളിയം, കെമിക്കൽ ആൻഡ് പെട്രോകെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൺ, 9000 കോടി രൂപ ചെലവിൽ സ്ഥാപിക്കുന്നതിന് നടപടി എടുക്കുന്നതാണ്. ഇതിന്റെ പ്രാരംഭ നടത്തിപ്പിനായി 10 കോടി രൂപ വകയിരുത്തുന്നു.

193. ക്ലസ്റ്റർ വികസനം വഴി മൈക്രോ-ചെറുകിട സംരംഭങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് കേരളത്തിന്റെ വ്യവസായ വികസനത്തിന്റെ പ്രധാന പോംവഴി. ക്ലസ്റ്ററുകളിൽ ഗുണനിലവാര സർട്ടിഫിക്കേഷൻ നേടിയെടുക്കുവാൻ യൂണിറ്റൊന്നിന് ഒരു ലക്ഷം രൂപ വരെ ഗവൺമെന്റ് സബ്സിഡി നൽകുന്നതാണ്. അന്താരാഷ്ട്ര ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിന് രണ്ടു ലക്ഷം രൂപ വരെയും ദേശീയ ട്രേഡ് ഫെയറുകൾക്ക് അമ്പതിനായിരം രൂപവരെയും സഹായധനം നൽകുന്നതാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കേരളത്തിന്റെ ഉത്പന്നങ്ങളുടെ ട്രേഡ് ഫെയറുകൾ സംഘടിപ്പിക്കുന്നതാണ്.

194. വ്യവസായ-വാണിജ്യവകുപ്പിന്റെയും സിഡ്കോയുടെയും കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ നവീകരിക്കുന്നതാണ്. വർദ്ധിച്ചുവരുന്ന സ്റ്റീൽ ഫർണീച്ചർ ഉപകരണങ്ങളുടെ ആവശ്യം മുൻനിർത്തി സിഡ്കോയുടെ കീഴിൽ ഹൈടെക് സ്റ്റീൽ ഫർണിച്ചർ ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതാണ്.

195. സംസ്ഥാനത്തെ സംരംഭകർക്ക്, പശ്ചിമേഷ്യാ, തെക്ക്-കിഴക്കൻ ഏഷ്യാ, ആഫ്രിക്ക, ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിലെ നിക്ഷേപ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്, കെ.എസ്.ഐ.ഡി.സിയുടെ കീഴിൽ ഒരു ഓവർസീസ് ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ വിഭാഗം രൂപീകരിക്കും. കൂടാതെ, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, ഇടുക്കി, കണ്ണൂർ

എന്നിവിടങ്ങളിൽ ഇന്റഗ്രേറ്റഡ് ബിസിനസ് ഹബ്ബുകളും രൂപീകരിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

196. കേരളത്തിലെ ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ ഇന്ത്യയിൽ ഏറ്റവും മാതൃകാപരമായി പ്രവർത്തിക്കുന്നവയാണ്. ഇതേമാതൃകയിൽ, നിക്ഷേപകരുടെ താല്പര്യങ്ങളെ പൂർണമായും ഉൾക്കൊണ്ട് ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ വ്യവസായ-വിവരസാങ്കേതിക മേഖലകളിൽ സ്ഥാപിക്കുന്നതാണ്. ഇതിന് 5 കോടി രൂപ വകയിരുത്തുന്നു.

197. കേരളത്തിന്റെ പൊതുമേഖലക്ക് നവജീവൻ പകരുന്നതിന് പൊതുമേഖലാസ്ഥാപനങ്ങളിൽ മെച്ചപ്പെട്ട പ്രൊഫഷണൽ മാനേജ്മെന്റ് ഏർപ്പെടുത്തുന്നതാണ്.പൊതുമേഖലാസ്ഥാപനങ്ങളുടെ ബോർഡുകളിൽ പ്രത്യേകവൈദഗ്ധ്യമുള്ളവരെ ചേർത്തു പുനഃസംഘടിപ്പിക്കും. ഇ-പ്രൊക്യുർമെന്റ്, എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് എന്നിവ ഈ വർഷം നടപ്പാക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ടെണ്ടറില്ലാതെ നേരിട്ടുള്ള ഗവണ്മെന്റ് പർച്ചേസുകൾ ഒഴിവാക്കും. വ്യവസായവകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കു വേണ്ടി 80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കാര്യക്ഷമത വർദ്ധിപ്പിച്ച് ലാഭകരമാക്കുവാൻ ശ്രമം നടത്തുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനവും നവീകരണത്തിനുള്ള സഹായവും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കുന്നതിനാവശ്യമായ മാർജിൻ മണി സർക്കാർ നല്കും. ഇതിനായി 15 കോടി രൂപ അധികം വകയിരുത്തുന്നു.

198. ട്രാവൻകൂർ സിമന്റ് ലിമിറ്റഡിന് ഹൈക്രോം ഗ്രൈൻഡിംഗ് മില്ല് വാങ്ങുവാനും അനുബന്ധപ്രവർത്തനങ്ങൾക്കുമായി 1.5 കോടി രൂപ വകയിരുത്തുന്നു.

199. ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കുന്നതാണ്. ഈ പദ്ധതിയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും പാർക്കുകളും ഖാദി ബോർഡിന്റെ അധീനതയിൽ ഉള്ള ഖാദി ഉത്പാദന കേന്ദ്രങ്ങളും കൂടി ഉൾപ്പെടുത്തും. കൂടാതെ, ജലസംഭരണ പ്രവർത്തനങ്ങളും ഇതോടൊപ്പം ആരംഭിക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

200. ഖരമാലിന്യ സംസ്കരണം എന്ന വെല്ലുവിളി നേരിടുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി-യും വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സാങ്കേതിക വൈദഗ്ധ്യമുള്ള സ്വകാര്യ സംരംഭകരുമായിച്ചേർന്ന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു.

201. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഇൻകെൽ മലപ്പുറത്ത് ഒരു ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണ്. ഇതിന് ഒരുകോടി രൂപ നീക്കിവെക്കുന്നു.

**ഖാദി ഗ്രാമ വ്യവസായം**

202. പരമ്പരാഗത മേഖലയിലെ ഗ്രാമീണ വ്യവസായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന് 13.31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

203. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ ഖാദി ബോർഡിന്റെ സ്ഥലത്ത് ഒരു ഗ്രാമവ്യവസായ പാർക്കും, എറണാകുളത്ത് ഖാദി ഗ്രാമവ്യവസായ ഉത്പന്നങ്ങളുടെ വിപണനത്തിനായി ഒരു സ്ഥിരം എക്സിബിഷൻ കേന്ദ്രവും സ്ഥാപിക്കുന്നതാണ്.

**204.** വനിതാ ഹജ്ജ് തീർത്ഥാടകർക്കായി നിലവിലുള്ള ഹജ്ജ് ഹൗസിനോടു ചേർന്ന് പ്രത്യേകസൗകര്യമൊരുക്കാൻ ഒറ്റത്തവണസഹായമായി ഒരു കോടി രൂപ വകയിരുത്തുന്നു.

### വിവരസാങ്കേതികവിദ്യ

**205.** കേരളത്തെ നിക്ഷേപകർക്ക് ഏറ്റവും പ്രിയപ്പെട്ട ഐടി ഡെസ്റ്റിനേഷനായി മാറ്റിയെടുക്കുന്നതിനായി ടെക്നോപാർക്കിലും ഇൻഫോപാർക്കിലും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. ഈ ലക്ഷ്യത്തിനായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവയ്ക്ക് 125 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോഴിക്കോട് സൈബർ പാർക്കിൽ 4 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള പുതിയ കെട്ടിടം നിർമിക്കും.

**206.** സാങ്കേതിക വിദഗ്ധരായ നമ്മുടെ യുവാക്കൾ, തൊഴിലന്വേഷകർ എന്നതിൽ നിന്ന് തൊഴിൽദാതാക്കളായി മാറിക്കൊ ിരിക്കുകയാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് സർക്കാർ, സ്റ്റുഡന്റ് എൻട്രപ്രെണർഷിപ്പ് പദ്ധതി പ്രഖ്യാപിച്ചിരുന്നു. വിദ്യാർത്ഥികളെ തൊഴിൽദാതാക്കളെന്ന നിലയിലേക്ക് വളർത്തുക എന്നതാണ് ഉദ്ദേശം. കൊച്ചിയിൽ ഇതിന്റെ ഭാഗമായി 'ഒരു ഇന്നൊവേഷൻ സോൺ' സ്ഥാപിക്കും. ഈ പദ്ധതിക്ക് 15 കോടി രൂപ വകയിരുത്തുന്നു.

**207.** പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ സർക്കാർ സേവനങ്ങൾ അക്ഷയ കേന്ദ്രം വഴി ലഭ്യമാക്കുന്നതിന് ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതാണ്. 10 കോടി രൂപയുടെ കേന്ദ്ര സഹായത്തോടെ ഇ-ഗവേണൻസ് സെന്ററും 5 കോടി രൂപ ചെലവിൽ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ മാനേജുമെന്റ് സെല്ലും സ്ഥാപിക്കുന്നതാണ്.

**208.** ആധാർ/യുഐഡി എൻറോൾമെന്റിൽ ഇന്ത്യയിൽ ഒന്നാംസ്ഥാനത്ത് കേരളമാണ്. 2013 സെപ്തംബറോടുകൂടി മുഴുവൻ കേരളീയരും

ആധാർ/യുഐഡി പരിധിയിൽ വരുമെന്ന് ഉറപ്പാക്കും. സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി ചിലവഴിക്കുന്ന തുക ഗുണഭോക്താക്കൾക്ക് ആധാർ നമ്പർ ചേർത്ത ബാങ്ക് അക്കൗണ്ടിലൂടെ വിതരണം ചെയ്യുന്നതാണ്. ഇതുവഴി ആനുകൂല്യങ്ങൾ ഇടനിലക്കാരില്ലാതെ അവരവരുടെ കൈകളിലേക്ക് മൈക്രോ എടിഎമ്മിലൂടെ എത്തുന്ന സ്ഥിതിയുണ്ടാകും.

**209.** സ്മാർട്ട്സിറ്റിയുടെ മാസ്റ്റർപ്ലാൻ പൂർത്തിയായി. സ്മാർട്ട്സിറ്റിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

**210.** ഇന്റഗ്രേറ്റഡ് ഐടി, ഹൈടെക് പാർക്കുകൾ, നോളജ് പാർക്ക് എന്നിവ സ്വകാര്യപങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് സർക്കാർ ക്രിയാത്മകവും അനുകൂലവുമായ സമീപനം സ്വീകരിക്കും.

**211.** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയും ഇൻഫോപാർക്കും, വലവൂരിൽ, കേന്ദ്ര-സംസ്ഥാനസർക്കാരുകൾ, സ്വകാര്യ സംരംഭകർ എന്നിവരുടെ സഹകരണത്തോടെ പിപിപി മോഡലിൽ പൂർത്തീകരിക്കും. ഈ പദ്ധതിക്ക് 65 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**212.** കേരളത്തിൽ 14 കോടി രൂപ മുതൽമുടക്കിൽ, കേന്ദ്രസഹായത്തോടെ ഐ.സി.ടി അക്കാദമി സ്ഥാപിക്കുന്നതാണ്. സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഈ പദ്ധതിക്ക് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**213.** തിരുവനന്തപുരത്ത് 16 കോടി രൂപ ചെലവിൽ കേരള സ്റ്റേറ്റ് ഐടി മിഷന് അത്യാധുനികമായ മന്ദിരം നിർമിക്കുന്നതാണ്.

**തുറമുഖം**

**214.** തുറമുഖ വികസനത്തിനായി 78.69 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതുകൂടാതെ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രധാന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടി വരുന്ന തുക പശ്ചാത്തല വികസനത്തിനായി വകയിരുത്തിയിട്ടുള്ള 846.03 കോടി രൂപയിൽ നിന്നും കണ്ടെത്തുന്നതാണ്.

**215.** തുറമുഖങ്ങളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും മാതൃകാ പഠനത്തിനുമായി 65 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

**216.** കോഴിക്കോട്, ബേപ്പൂർ തുറമുഖങ്ങളുടെ വികസനത്തിനായി ഈ സാമ്പത്തിക വർഷം 6.75 കോടി രൂപ വകയിരുത്തുന്നു.

**217.** നീണ്ടകരയിലും കൊടുങ്ങല്ലൂരും മാരിടൈം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി ഈ രംഗത്തെ മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതാണ്.

**പൊതുമരാമത്ത്**

**218.** വർദ്ധിച്ചു വരുന്ന റോഡ് അപകടങ്ങളുടെ പ്രധാന കാരണം റോഡുകളുടെ ശോചനീയാവസ്ഥയാണെന്നത് പരിഗണിച്ച്, ടാർ റോഡ് വീതികൂട്ടൽ, ബസ്ബേ നിർമ്മാണം, മേൽനടപ്പാലങ്ങൾ, തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ അപകട സാദ്ധ്യത കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. ഇത് ഉൾപ്പടെ, സംസ്ഥാന പാതകൾ, ജില്ലാ റോഡുകൾ എന്നിവയുടെ വികസനത്തിനായി ആകെ 855 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**219.** ദേശീയപാത കടന്നുപോകുന്ന പ്രധാന നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ബൈപ്പാസുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. തിരുവനന്തപുരം ബൈപ്പാസ് നിർമ്മാണം, ദേശീയപാത അതോറിറ്റി വഴി ഉടനെ ആരംഭിക്കും. പൂർത്തിയാകാതെ കിടക്കുന്ന കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണച്ചെലവിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. ഈ ബൈപ്പാസുകൾക്കായി 50 കോടി രൂപ വകയിരുത്തുന്നു. ഇതുപോലെ തന്നെ കോഴിക്കോട്, തലശ്ശേരി-മാഹി, സുൽത്താൻബത്തേരി, ചെങ്ങന്നൂർ, കോഴഞ്ചേരി എന്നീ ബൈപ്പാസുകളുടെ നിർമ്മാണത്തിനായി 5 കോടി രൂപ വീതം വകയിരുത്തുന്നു.

**220.** തിരക്കേറിയ റോഡുകളിൽ കാൽനടയാത്രക്കാർക്ക് റോഡ് ക്രോസിംഗിനുള്ള മേല്പാലങ്ങൾ, ബസ് സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ എന്നിവയെ ബന്ധിപ്പിക്കുന്ന അണ്ടർ പാസുകൾ അല്ലെങ്കിൽ മേൽപാലങ്ങൾ, പാർക്കിംഗ് സൗകര്യങ്ങൾ തുടങ്ങിയ പ്രോജക്ടുകൾ മുൻഗണന നൽകി നടപ്പാക്കുന്നതാണ്. ഇതിന് 15 കോടി രൂപ മാറ്റിവെക്കുന്നു.

**221.** ബൈപാസ്സുകൾ നിർമ്മിക്കുന്നതിന് ലോക്കൽ സെൽഫ് ഗവൺമെന്റുകളുമായി ചേർന്ന് ഒരു പദ്ധതി ആവിഷ്കരിക്കുന്നതാണ്. അതനുസരിച്ച്, സ്ഥലം സൗജന്യമായി ലഭിക്കുന്ന പ്രദേശങ്ങളിൽ ബൈപാസ്സുകൾ നിർമ്മിക്കും. ഈ പദ്ധതി പുതിയ റോഡുകളുടെ നിർമ്മാണത്തിനും ഉണ്ടായിരിക്കുന്നതാണ്.

**222.** ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ പ്രധാനറോഡുകളെയും ബി.എം & ബി.സി നിലവാരത്തിൽ പണി ചെയ്യുന്നതിനുള്ള പദ്ധതി സർക്കാർ ആരംഭിക്കുന്നതാണ്. അതിന്റെ ആദ്യഭാഗമായി ഈ വർഷം 100 കിമീ റോഡുകൾ ബി.എം. & ബി.സി ആയി ഉയർത്തുന്നതാണ്. ഇത്തരം റോഡുകൾക്ക് അഞ്ചു വർഷത്തെ പെർഫോമൻസ് ഗ്യാരന്റി ഉറപ്പാക്കും.

**223.** സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കി.മീ റോഡുകൾ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്ന സംസ്ഥാന റോഡ് വികസന പദ്ധതി നടപ്പാക്കുന്നതിന് റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. ഈ പദ്ധതിയുടെ ഒന്നാംഘട്ടമായി സ്ഥലമേറ്റെടുപ്പ് വേണ്ടാത്ത റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെട്ട 551 കി.മീ റോഡുകളുടെ നവീകരണ പ്രവർത്തനം ഈ വർഷം ആരംഭിക്കുന്നതാണ്. ഇതിനായി 170 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**224.** കേരള സംസ്ഥാന ഗതാഗത പദ്ധതി (കെ.എസ്.ടി.പി)യുടെ രണ്ടാം ഘട്ട പ്രവൃത്തികൾ നടപ്പു വർഷം തന്നെ ആരംഭിക്കുന്നതാണ്. ഏകദേശം 2005 കോടി രൂപ മതിപ്പു ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് 280 കോടി രൂപ വകയിരുത്തുന്നു.

**225.** ഇതിനുപുറമേ തിരഞ്ഞെടുക്കപ്പെട്ട ഏകദേശം 1000 കി.മീ റോഡുകൾ ദീർഘകാല പരിപാലന വ്യവസ്ഥ ഉൾപ്പെടുത്തി അഭിവൃദ്ധി പ്പെടുത്തുന്നതാണ്. 1000 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിക്ക് ലോക ബാങ്കിന്റെ ധനസഹായം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**226.** പൊതുമരാമത്ത് റോഡുകളുടെ വികസനത്തിന് ശേഷം വശങ്ങളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സ്ഥലങ്ങൾ (ഓക്സ്ബോ ലാൻഡ്), ദീർഘദൂര യാത്രക്കാർക്ക് ഉപയോഗപ്രദമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്ന താണ്. ഇതിന്റെ പ്രാരംഭ ചെലവുകൾക്കായി ഒരു കോടി രൂപ വകയിരുത്തുന്നു. സംസ്ഥാനവ്യാപകമായി ആധുനിക രീതിയിലുള്ള ബസ് ഷെൽട്ടറുകളും, ടോയ്‌ലറ്റുകളും സ്വകാര്യ പങ്കാളിത്തത്തോടെ നിർമ്മിക്കുന്നതിനും, പരിപാലിക്കുന്നതിനുമായി രണ്ട് കമ്പനികൾ രൂപീകരിക്കുന്നതിന് പ്രാരംഭ ചെലവുകൾക്കായി 2 കോടി രൂപ വകയിരുത്തുന്നു.

**227.** കോട്ടയം, വൈക്കം, കടുത്തുരുത്തി, കുന്നത്തുനാട്, പെരുമ്പാവൂർ എന്നിവിടങ്ങളിലെ, നിലവിലുള്ള റോഡുകൾ വികസിപ്പിച്ച് കുമരകം-നെടുമ്പാശ്ശേരി സ്റ്റേറ്റ് ഹൈവേ നിർമ്മിക്കുന്നതാണ്. ഇതിനായി 20 കോടി രൂപ വകയിരുത്തുന്നു.

**228.** സീപോർട്ട്-എയർപോർട്ട് റോഡിന്റെ രണ്ടാംഘട്ട പ്രവൃത്തികളും ഒന്നാംഘട്ടം നാലുവരിയാക്കലും പുരോഗമിച്ച് വരികയാണ്. ഇതിന് 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**229.** അഴീക്കോട്-മുനമ്പം പാലം പൂർത്തിയാകുന്നതോടൊപ്പം വല്ലാർപാടം കണ്ടയിനർ ടെർമിനൽ മുതൽ പൊന്നാനി വഴി കോഴിക്കോട് വരെ ഒരു തീരദേശ ഇടനാഴി (കോസ്റ്റൽ കോറിഡോർ) വികസിപ്പിക്കുന്നതാണ്. ഇതിന്റെ ഒന്നാംഘട്ടത്തിന് 117 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**230.** ഏകദേശം 150 കോടി ചെലവ് വരുന്ന ബൃഹത്തായ അഴീക്കോട്-മുനമ്പം പാലം നിർമ്മാണം ആരംഭിക്കും. ഫോർട്ട് കൊച്ചി മുതൽ ചെല്ലാനം വഴി ആലപ്പുഴ വരെയുള്ള തീരദേശ റോഡ് പൂർത്തീകരിക്കുന്നതിനും ഈ വർഷം നടപടി സ്വീകരിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

**231.** ആലപ്പുഴ ജില്ലയിൽ മങ്കൊമ്പ് ഗ്രാമത്തെ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡുമായി ബന്ധിപ്പിക്കാൻ പാലം പണിയുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു.

**232.** വയനാട് ജില്ലയിലേക്കുള്ള ഒരു ബദൽ യാത്രാമാർഗ്ഗമായി ആനക്കാം പൊയിൽ - കള്ളാടി - മേപ്പാടി ടണൽ റോഡ് വികസിപ്പിക്കുന്നതാണ്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തുന്നു.

233. നിർമ്മാണ മേഖലയിലെ ആധുനിക സാങ്കേതിക വിദ്യയായ പ്രീഫാബ് ടെക്നോളജി പൊതുമരാമത്ത് വകുപ്പിലെ തെരഞ്ഞെടുക്കപ്പെട്ട പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതാണ്.

234. ഹരിത നിർമ്മാണ സാങ്കേതിക വിദ്യയിലൂന്നി പൊതുമരാമത്തു വകുപ്പിലെ വിവിധ ഓഫീസുകൾക്കായി തിരുവനന്തപുരം പി.എം.ജി ജംഗ്ഷന് സമീപം ഒരു പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതാണ്.

235. നിയമസഭാ സാമാജികർക്കായി നിലവിലുള്ള ഹോസ്റ്റലിന് സമീപം ആധുനിക രീതിയിലുള്ള ഒരു ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്നതാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

236. കോൺക്രീറ്റ് റോഡുകൾ എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി എച്ച്.എം.ടി ജംഗ്ഷൻ മുതൽ മണലിമുക്ക് വരെയുള്ള 5.5 കി.മീ ദൂരം കോൺക്രീറ്റ് റോഡായി നിർമ്മിച്ചു വരുന്നു. ഈ പരീക്ഷണം ഫലപ്രദമെന്ന് കണ്ടാൽ മറ്റ് സ്ഥലങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതാണ്.

237. RBDCK പുതിയ 40 റെയിൽവേ മേല്പ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുത്ത് നടപ്പാക്കും. ഇതിനായി 50 കോടി രൂപ വകയിരുത്തുന്നു.

238. പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് പരിശീലനം നല്കി പ്രൊഫഷണലിസം മെച്ചപ്പെടുത്തുന്നതിനായി നേര്യമംഗലത്ത് ഉന്നതനിലവാരത്തിലുള്ള ഒരു പരിശീലന കേന്ദ്രം തുടങ്ങുന്നതാണ്. ഇതിലേക്കായി 2 കോടി രൂപ വകയിരുത്തുന്നു.

239. പുതുതായി മേജർ ജില്ലാ റോഡുകളായി പ്രഖ്യാപിച്ച് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വന്നിട്ടുള്ള 8570 കി.മീ റോഡുകൾ, സമയബന്ധിതമായി പുനരുദ്ധരിക്കുന്നതാണ്. ഇതിലേക്കായി 50 കോടി രൂപ വകയിരുത്തുന്നു.

**240.** മലബാർ പ്രദേശത്തെ ഒരു പ്രമുഖ തീർത്ഥാടന കേന്ദ്രമായ മമ്പുറം മഖാമിലേക്കുള്ള പാതയിലെ ഇടുങ്ങിയ പാലത്തിനു സമാന്തരമായി ഒരു പുതിയ പാലം നിർമ്മിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു.

**ഗതാഗതം**

**241.** ഗതാഗതരംഗത്തെ പ്രശ്നങ്ങൾ ദൈനംദിനജീവിതത്തേയും ചരക്ക് ഗതാഗതത്തെയും ബാധിക്കുന്നതുമൂലം അത് സംസ്ഥാനത്തിന്റെ വളർച്ചയെത്തന്നെ മന്ദീഭവിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ചരക്ക് ഗതാഗതത്തിനുവേണ്ടി ഉൾനാടൻ ജലഗതാഗതവും കോസ്റ്റൽ ഷിപ്പിംഗും കൂടുതലായി ഉപയോഗപ്പെടുത്തുക എന്നതോടൊപ്പം റെയിൽവേ, റോഡ് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ് ഇതിനുള്ള പോംവഴി. ചരക്കിനും യാത്രയ്ക്കും അഭംഗുരമായ സൗകര്യം പ്രദാനം ചെയ്യുന്നതിന് ഇന്റർ മോഡൽ ഇന്റഗ്രേഷൻ ശക്തിപ്പെടുത്തുന്നതാണ്. കേരളത്തിലെ റെയിൽവെ-ബസ് സ്റ്റേഷനുകളിൽ നിന്നും സമീപസ്ഥലങ്ങളിലേയ്ക്ക് ജലമാർഗ്ഗം പോകാനുതകുന്ന ജലടാക്സി സംവിധാനം തൃശ്ശൂർ, ആലപ്പുഴ, കോട്ടയം, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ നടപ്പാക്കുന്നതാണ്. ഈ പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തുന്നു.

**242.** ഗതാഗതരംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഇ-ഗവേണൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതാണ്. മോട്ടോർ വാഹന വകുപ്പിൽ ഇ-പേയ്മെന്റ് ഈ വർഷം നടപ്പിൽവരുത്തും. റോഡ് സുരക്ഷാ പരിപാലനത്തിന്റെ ഭാഗമായി രണ്ട് പുതിയ ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ നിർമ്മിക്കുകയും പന്ത്രണ്ട് റഡാറുകൾ വാങ്ങുകയും രണ്ട് കമ്പ്യൂട്ടർവത്കൃത വാഹനപരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുന്നതാണ്.

**243.** ബോട്ട് ഗതാഗതം മൂലമുള്ള പരിസ്ഥിതി മലിനീകരണം ഗൗരവമായെടുത്ത് ജലഗതാഗതവകുപ്പിന്റെ എല്ലാ ബോട്ടുകളിലും കെമിക്കൽ ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ, പരീക്ഷണാടിസ്ഥാനത്തിൽ സൗരോർജ്ജ ബോട്ടുകൾ ഉപയോഗിക്കാനും ഉദ്ദേശിക്കുന്നു.

**244.** വർദ്ധിച്ചുവരുന്ന ഡീസൽ വില കെ.എസ്.ആർ.റ്റി.സി-യുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യ്ക്ക് ഈ വർഷം 260 കോടി രൂപ ഗവൺമെന്റ് നൽകുകയുണ്ടായി. എന്നാലും, ഡീസലിന്റെ മൊത്തവിലയിലുണ്ടായ വർദ്ധനമൂലം ഇന്ധനച്ചെലവ് കുറച്ച് യാത്രാസൗകര്യം വർദ്ധിപ്പിക്കുവാൻ ബസ്സുകളെ പ്രകൃതി വാതകക്ഷമമാക്കി മാറ്റേണ്ടതുണ്ട്. കെ.എസ്.ആർ.ടി.സി. യിൽ ഗതാഗതയോഗ്യമല്ലാത്ത 500-ൽ പരം വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതാണ്. അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനു വേണ്ടി ഈ വർഷം 6 വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുകയും തിരുവനന്തപുരത്ത് ആനയറയിൽ പുതിയ ബസ് ഡിപ്പോ ആരംഭിക്കുകയും ചെയ്യുന്നതാണ്. കെ.എസ്.ആർ.ടി.സി-ക്ക് ബഡ്ജറ്റിൽ 186 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പുറമേ, പ്രസ്തുതസ്ഥാപനം ഇന്നഭിമുഖീ കരിക്കുന്ന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പ്രത്യേകസഹായമായി 100 കോടി രൂപ കൂടി അനുവദിക്കുന്നു.

**245.** കണ്ണൂർ 'ചാല' ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന വ്യാപകമായി പൊതുമരാമത്ത് റോഡുകളിൽ 'റോഡ് സേഫ്ടി' ഓഡിറ്റ് നടത്തുകയുണ്ടായി. അതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതാണ്.

### കോസ്റ്റൽ ഷിപ്പിംഗും ഉൾനാടൻ ജലഗതാഗതവും

**246.** ഈ മേഖലയ്ക്ക് ആകെ വകയിരുത്തിയിട്ടുള്ള 117.18 കോടി രൂപയിൽ, നിലവിലുള്ള യാത്രായോഗ്യമായ ജലപാതകളുടെ അറ്റകുറ്റപ്പണികൾ, കഠിനംകുളം അഞ്ചുതെങ്ങ് ഭാഗം ഉൾപ്പെടുന്ന ടി.എസ്. കനാൽ, വർക്കല തുരപ്പ്, കൊല്ലം തോട് എന്നിവയുടെ നവീകരണം എന്നീ പ്രവർത്തനങ്ങൾക്കായി 21.67 കോടി രൂപയും, വടകര മാഹി കനാലിന്

കുറുകേ 6 പാലങ്ങളും 50 നടപ്പാലങ്ങളും പണിയുന്നതിനായി 5 കോടി രൂപയും ഉൾപ്പെടുന്നു.

**247.** കൊല്ലം-കോട്ടപ്പുറം ജലപാതയുടെ നിർമ്മാണം ഈ വർഷംതന്നെ പൂർത്തിയാക്കും. കോട്ടപ്പുറം-നീലേശ്വരം ജലപാതയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

**248.** അഷ്ടമുടി കായൽ മുതൽ പരവൂർ കായൽവരെയുള്ള കൊല്ലം തോട് നവീകരിക്കുന്നതാണ്.

**249.** കൊച്ചിയിൽ കേരള സംസ്ഥാന ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ വഴി അതിവേഗ കടത്ത് സേവനം തുടങ്ങുന്നതാണ്. കൂടാതെ, KSINC-യുടെ വിനോദ ആഡംബര കപ്പലുകൾ നവീകരിച്ച് കുടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുകയും പുതിയ ജെട്ടി നിർമ്മിക്കുകയും ചെയ്യുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**വിനോദസഞ്ചാരം**

**250.** ടൂറിസത്തിന് കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയിലുള്ള പ്രത്യേക പ്രാധാന്യം പരിഗണിച്ച് ഈ മേഖലയ്ക്ക് 189.23 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച **"കേരള സീപ്ലെയിൻ പദ്ധതി"** മുൻഗണനാ പദ്ധതികളിൽ ഒന്നാണ്. ഈ പദ്ധതിക്കായി 10 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. കൂടാതെ, മുസിരീസ് പൈതൃക ടൂറിസം പദ്ധതി ഒന്നാംഘട്ടം പൂർത്തിയാക്കി, രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി യുനെസ്കോയുടെ സാങ്കേതിക സഹായത്തോടെ സ്പൈസ് റൂട്ട് പ്രോജക്ടിന് തുടക്കം കുറിക്കും.

251. 2004-ൽ ആരംഭിച്ച് ലോക വിനോദ സഞ്ചാര ഭൂപടത്തിൽ ഇടം നേടിക്കഴിഞ്ഞ ആലപ്പുഴ കനാൽ നവീകരണ പദ്ധതി പൂർത്തീകരിക്കും. ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും. വേളി ടൂറിസ്റ്റ് കേന്ദ്രത്തെ പി.പി.പി വ്യവസ്ഥയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തും. ഇതിനായി ഒരു പ്രത്യേക കമ്പനി രൂപീകരിക്കും.

252. ദേശീയ തലത്തിൽ അംഗീകാരമുള്ള ഏജൻസികൾ വഴി തയ്യാറാക്കുന്ന മാസ്റ്റർപ്ലാനുകളെ അടിസ്ഥാനമാക്കി കോവളം, കുമരകം, തേക്കടി, ഫോർട്ടുകൊച്ചി എന്നീ അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനപ്രവർത്തനങ്ങളുടെ ഒന്നാംഘട്ടം ഏറ്റെടുത്ത് നിർവ്വഹിക്കും. അഷ്ടമുടിക്കായൽ, കാലടി-മലയാറ്റൂർ-ആതിരപ്പള്ളി ടൂറിസം സർക്യൂട്ട്, നിലമ്പൂർ, കക്കയം-പെരുവണ്ണാമൂഴി, കടപ്പാട്ടൂർ-ഭരണങ്ങാനം-ഇലവീഴാപ്പൂഞ്ചിറ-ഇല്ലിക്കക്കല്ല്-മുരുകൻമല-വാഗമൺ ടൂറിസം സർക്യൂട്ട് എന്നിവയുടെ വികസനത്തിനായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കും.

253. കായലോര തീരദേശ ടൂറിസം സാദ്ധ്യതകൾ ഇനിയും വേണ്ടവിധം പ്രയോജനപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ വർക്കല-കോട്ടപ്പുറം മേഖലയിൽ ലക്ഷ്വറി ക്രൂയിസിംഗും കായലോര ക്രൂയിസിംഗും ആരംഭിച്ച് പരമാവധി ടൂറിസ്റ്റുകളെ ആകർഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.

254. ബീച്ച് ടൂറിസത്തിന്റെ നിലവാരവും സുരക്ഷിതത്വവും അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തും. ഇതിന്റെ ഭാഗമായി ബീച്ച് ടൂറിസം മാനേജ്മെന്റുകൾക്ക് രാജ്യത്ത് ആദ്യമായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളും.

255. തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിലെ കല്ലാർ, ഗോൾഡൻവാലി, മീൻമുട്ടി വെള്ളച്ചാട്ടം, പേപ്പാറ എന്നീ സ്ഥലങ്ങളെയും പൊൻമുടിയേയും ഉൾപ്പെടുത്തി 'ഗോൾഡൻവാലി ടൂറിസം സർക്യൂട്ട്' ആരംഭിക്കുന്നതിന് ഒരുകോടി രൂപ വകയിരുത്തുന്നു.

**ശാസ്ത്രം, സാങ്കേതികം, പരിസ്ഥിതി**

**256.** കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൺവയോൺമെന്റ്, തിരുവനന്തപുരം ആർ.സി.സി എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും പരിസ്ഥിതി വികസനവുമാണ് ഈ മേഖലയിലെ പ്രധാനപദ്ധതികൾ. ഇതിനായി 141.62 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**257.** ട്രിഡ, സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്, ജലസേചന വകുപ്പ് എന്നിവയുടെ സഹകരണത്തോടെ കരമനയാറിന്റെ നദീതടം ശാസ്ത്രീയമായി പരിപാലിക്കുന്നതിനുള്ള പദ്ധതിയ്ക്ക് 5 കോടി രൂപ വകയിരുത്തുന്നു.

**258.** ശാസ്ത്രനഗരം പദ്ധതിയ്ക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി ഒരു കോടി രൂപ വകയിരുത്തുന്നു.

**259.** വിഖ്യാത ഗണിതശാസ്ത്രജ്ഞനായിരുന്ന ശ്രീനിവാസ രാമാനുജന്റെ 125–ാം ജന്മവാർഷികത്തോടനുബന്ധിച്ച് ശാസ്ത്ര-സാങ്കേതിക മേഖലകളിൽ അത്യന്താധുനിക ഗവേഷണം നടത്തുന്നതിനുവേണ്ടി കോട്ടയത്ത് ആരംഭിച്ചിട്ടുള്ള 'ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്' എന്ന സ്ഥാപനത്തിനുവേണ്ടി 10 കോടി രൂപ വകയിരുത്തുന്നു.

**260.** കേന്ദ്ര സഹായത്തോടെ, സാങ്കേതിക വിദ്യാകൈമാറ്റത്തിനുള്ള രൂപരേഖ തയ്യാറാക്കുകയും അത് നടപ്പാക്കുന്നതിന് സെന്റർ-സ്റ്റേറ്റ് ടെക്നോളജി ട്രാൻസ്ഫർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയും ചെയ്യുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു.

**261.** നഗരവത്കരണത്തിന്റെ ഫലമായി നഗരപ്രദേശങ്ങളിൽ ജീവിക്കുന്ന ജനങ്ങളുടെ മേൽ ഉണ്ടായിട്ടുള്ള പാരിസ്ഥിതിക ആഘാതം

കുറയ്ക്കുന്നതിനായി 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി, അർബൻ എൻവയോൺമെന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് സംസ്ഥാനത്ത് ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതാണ്.

**262.** കേന്ദ്രസഹായത്തോടുകൂടി വേമ്പനാട് കായൽ ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിനായി 3 കോടി രൂപ വകയിരുത്തുന്നു.

## സ്കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം

**263.** പൊതു വിദ്യാഭ്യാസം, ഹയർ സെക്കന്ററി വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം എന്നീ മേഖലകളിൽ അടിസ്ഥാന സൗകര്യവികസനം, അക്കാദമിക് നിലവാരം മെച്ചപ്പെടുത്തൽ, വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകി ഈ മേഖലയ്ക്ക് 581.14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**264.** ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷയ്ക്ക് വിദഗ്ദ്ധരുടെ സഹായത്തോടെ ടെലികാസ്റ്റിലൂടെ പരിശീലനം നൽകുന്ന പദ്ധതിയ്ക്ക് ഒരുകോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

**265.** കേരളത്തിൽ ഉന്നത വിദ്യാഭ്യാസ നിലവാര വർദ്ധന ലക്ഷ്യമിട്ട് സ്റ്റേറ്റ് അസ്സസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിൽ (SAAC) സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

**266.** ഉയർന്ന നിലവാരമുള്ള ആർട്സ് & സയൻസ് കോളേജുകളെയും എഞ്ചിനീയറിംഗ് കോളേജുകളെയും, യു.ജി.സി-യിൽ നിന്ന് അക്കാദമിക സ്വയംഭരണ അനുമതി നേടാൻ സർക്കാർ പ്രോത്സാഹിപ്പിക്കുന്നതാണ്. സർക്കാർ കോളേജുകളിൽ ഇതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനിക മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുമായി 15 കോടി രൂപ നീക്കിവെക്കുന്നു. ഇവയ്ക്ക് ഓട്ടോണോമസ് പദവി നല്കി മാനേജ്മെന്റ് മെച്ചപ്പെടുത്തും.

**267.** കേരളത്തിൽ അക്കാഡമിക് സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച വിദഗ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അതിന് ആവശ്യമായ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുവാൻ ഒരുകോടി രൂപ നീക്കിവെക്കുന്നു.

**268.** പുതുതായി നിയമിക്കപ്പെടുന്ന കോളേജ് അദ്ധ്യാപകരുടെ നവീനവും സൃഷ്ടിപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി, കേരളാ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഒരു ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരുകോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

**269.** തിരുവനന്തപുരം എൻജിനീയറിംഗ് കോളേജുമായി ബന്ധപ്പെട്ട് ഗവേഷണത്തിന് ഊന്നൽ കൊടുത്തുകൊണ്ട് ടെക്നോപാർക്ക് മാതൃകയിൽ റിസർച്ച് പാർക്ക് സ്ഥാപിക്കുന്നതിന് ഒരുകോടി രൂപ വകയിരുത്തുന്നു.

**270.** ആട്ടോമൊബൈൽ നിർമ്മാണം, വാർത്താവിനിമയം, കൃഷി, വിവരസാങ്കേതിക വിദ്യ എന്നീ മേഖലകളെ അടിസ്ഥാനമാക്കി ടെക്നിക്കൽ ഹൈസ്ക്കൂളുകളിലും, പോളിടെക്നിക്കുകളിലും നാഷണൽ വൊക്കേഷണൽ എജ്യൂക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് വഴി തൊഴിൽ നൈപുണ്യ പരിശീലന കോഴ്സുകൾ തുടങ്ങുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

**271.** പബ്ളിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ബാർട്ടൻഹിൽ എഞ്ചിനീയറിങ്ങ് കോളേജിൽ ആട്ടോമോട്ടീവ് മെക്കാട്രോണിക്സ്, തൃശ്ശൂർ എൻജിനീയറിംഗ് കോളേജിൽ പ്രിന്റിംഗ് ടെക്നോളജി, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഓട്ടോമേഷൻ ടെക്നോളജീസ് എന്നീ വിഷയങ്ങളിൽ വിദേശ കമ്പനിയുമായി ചേർന്ന് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി 2.5 കോടി രൂപ വകയിരുത്തുന്നു.

**272.** സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് മേഖലകളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്ത താനൂർ നിയോജകമണ്ഡലത്തിൽ യു.ജി.സി. യുടെയും എം.എൽ.എയ്ക്ക് പ്രാദേശിക വികസനത്തിനായി അനുവദിച്ചിട്ടുള്ള ഫണ്ടും സർക്കാർ സഹായവും സമന്വയിപ്പിച്ച് ഒരു കോളേജ് സ്ഥാപിക്കും. സമാനമായി പിന്നോക്കം നിൽക്കുന്ന മറ്റു നിയോജകമണ്ഡലങ്ങളും പരിഗണിക്കുന്നതാണ്.

**273.** കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്ത് കോഴായിൽ കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ സയൻസ് സിറ്റിയും, പരപ്പനങ്ങാടിയിൽ മേഖലാ ശാസ്ത്ര കേന്ദ്രവും, കളമശ്ശേരിയിൽ മുനിസിപ്പാലിറ്റിയുടെ സഹകരണത്തോടെ കുട്ടികളുടെ ശാസ്ത്ര നഗരം പദ്ധതിയും 2013-14 വർഷം ആരംഭിക്കുന്നതാണ്.

**274.** തിരൂരങ്ങാടിയിൽ എൽ.ബി.എസ് ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്ക് വേണ്ടി 25 കോടി രൂപയും കോട്ടയത്തെ രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ആർക്കിടെക്ച്ചറൽ ബ്ലോക്ക് പണിയുന്നതിന് 6 കോടി രൂപയും, ഐ.എച്ച്.ആർ.ഡി-യുടെ പയ്യപ്പാടി കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ അക്കാഡമി ബ്ലോക്ക് പണിയുന്നതിന് 3 കോടി രൂപയും വകയിരുത്തുന്നു.

**275.** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഇന്റർ നാഷണൽ സ്കൂൾ ഫോർ ശ്രീ ശങ്കരാചാര്യ സ്റ്റഡീസ് തുടങ്ങുന്നതിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

**276.** തിരുവനന്തപുരത്ത് അയ്യങ്കാളി സെന്റർ ഫോർ റിസർച്ച് സ്റ്റഡീസ് ആരംഭിക്കുന്നതിന് 30 ലക്ഷം രൂപ സഹായധനം നൽകുന്നതാണ്.

**277.** ഗവണ്മെന്റ് സ്കൂളുകളുടെ വികസനപ്രവർത്തനത്തിനും ആധുനിക വത്കരണത്തിനും അക്കാദമിക് നിലവാരം വർദ്ധിപ്പിക്കുന്നതിനുമായി

26.6 കോടി രൂപയും ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 56 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

278. സംസ്ഥാനത്ത് കുട്ടികളിൽ കൂടിവരുന്ന അമിതവണ്ണം, രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ രോഗ സാദ്ധ്യതകൾ നിയന്ത്രിക്കുന്നതിനും ആത്മഹത്യ പ്രവണത, മയക്കുമരുന്ന്, പാൻമസാല ഉപയോഗം, ലൈംഗിക പ്രശ്നങ്ങൾ എന്നിവയെ പ്രതിരോധിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ആരോഗ്യ ജീവിത നൈപുണ്യ വിദ്യാഭ്യാസം നടപ്പാക്കുന്നതാണ്.

279. കേരളത്തിലെ ഹൈസ്ക്കൂൾ/ഹയർ സെക്കന്ററി സ്കൂൾ/ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കാമ്പസുകളിൽ ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നതാണ്. പ്രാരംഘട്ടമെന്ന നിലയിൽ തെരഞ്ഞെടുത്ത രണ്ട് ജില്ലകളിൽ ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

280. സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂൾ/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്ക് ടാബ്ലറ്റ് പി.സി സ്കീം ഘട്ടം ഘട്ടമായി നടപ്പിലാക്കും. ആദ്യഘട്ടം എന്ന നിലയിൽ 2013-2014-ൽ തെരഞ്ഞെടുത്ത രണ്ട് ജില്ലകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 3 കോടി രൂപ നീക്കിവെക്കുന്നു.

281. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ അറിവും കഴിവും വർദ്ധിപ്പിക്കുന്നതിനും അനുയോജ്യമായ മൂല്യനിർണ്ണയ രീതികളിലൂടെ അവ കണ്ടെത്തുന്നതിനും ഒരു പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ആയതിലേയ്ക്കായി സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് 10 ലക്ഷം രൂപ അനുവദിക്കുന്നു.

282. സീമാറ്റ്-കേരളയെ വിദ്യാഭ്യാസ പ്ലാനിംഗ്, മാനേജ്മെന്റ്, അഡ്മിനിസ്ട്രേഷൻ എന്നീ മേഖലകളിൽ അന്തർദേശീയ നിലവാരത്തിൽ ഒരു സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുവാൻ

ഉദ്ദേശിക്കുന്നു. ആയതിന് 2.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

283. മലയാളികൾ വളരെയധികമുള്ള ഡൽഹി പോലുള്ള നഗരങ്ങളിൽ മലയാളം ഗ്രന്ഥശാല തുടങ്ങുന്നതിന് 15 ലക്ഷം രൂപ വകയിരുത്തുന്നു.

**കല, സാംസ്കാരികം**

284. കലാസാംസ്കാരികമേഖലയ്ക്ക് ഈ വർഷത്തെ വിഹിതം 70 കോടി രൂപയാണ്. കൊച്ചിയിലെ ബാസ്റ്റൺ ബംഗ്ലാവ്, തൃശ്ശൂരിലെ കൊല്ലങ്കോട് കൊട്ടാരം, തിരുവനന്തപുരത്തെ ശ്രീപാദം കൊട്ടാരം, വയനാട്ടിലെ പഴശ്ശി രാജാ മ്യൂസിയം എന്നിവയുടെ നവീകരണം നടന്നുവരികയാണ്. ബാക്കി ജില്ലകളിൽ ജില്ലാതലമ്യൂസിയം പദ്ധതികൾക്കായി 7 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

285. സംസ്ഥാന ആർക്കൈവ്സിൽ ഏതാണ്ട് ഒരുകോടിയിൽപരം താളിയോലകളാണ് സൂക്ഷിച്ചിരിക്കുന്നത്. ലോകത്തിലെ അപൂർവ്വവും ഏറ്റവും വലുതുമായ ഈ താളിയോലശേഖരം ശാസ്ത്രീയമായി സൂക്ഷിക്കുകയും, ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുകയും, പൊതുജനങ്ങൾക്ക് കാണാനുള്ള അവസരങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നതാണ്. പുരാരേഖവകുപ്പിന് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

286. വിവിധപ്രവർത്തനങ്ങൾക്ക് കേരള സംഗീത നാടക അക്കാഡമിക്ക് 2കോടി രൂപയും ലളിതകലാ അക്കാഡമിക്ക് 1.7 കോടി രൂപയും സാഹിത്യ അക്കാഡമിക്ക് 2കോടി രൂപയും ഫോക്‌ലോർ അക്കാഡമിക്ക് ഒരുകോടി രൂപയും ഭാരത് ഭവന് 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കേരളത്തിൽ അന്യം നിന്നു പോകുന്ന കലാരൂപങ്ങളുടെ പുനരുദ്ധാരണത്തിനായി 50 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

287. കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ജന്മനാടായ കായംകുളത്ത് അദ്ദേഹത്തിന്റെ നാമധേയത്തിൽ ഇന്ത്യയിലെ പ്രഥമ കാർട്ടൂൺ മ്യൂസിയം സ്ഥാപിക്കുന്നതാണ്. ഇതിനായി ലളിതകലാ അക്കാഡമിക്ക് 10 ലക്ഷം രൂപ അനുവദിക്കുന്നതാണ്.

288. കോട്ടയത്ത് മ്യൂറൽ സിറ്റിയും കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരത്ത് കലാഗ്രാമവും സ്ഥാപിക്കും. ഇതിന് 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

289. മലബാറിന്റെ സാംസ്കാരിക തനിമ സംരക്ഷിക്കാൻ കോഴിക്കോട് ആസ്ഥാനമായി മലബാർ കൾച്ചറൽ വില്ലേജ് സ്ഥാപിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ ചെലവിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

290. മാവേലിക്കരയിലെ നരേന്ദ്രപ്രസാദ് നാടകപഠന ഗവേഷണകേന്ദ്രത്തിന് 10 ലക്ഷം രൂപയും തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ അച്യുതമാരാർ വാദ്യകലാകേന്ദ്രത്തിന്റെ നവീകരണത്തിന് 5 ലക്ഷം രൂപയും വകയിരുത്തുന്നു.

291. തൃശ്ശൂർ ജില്ലയിലെ വലപ്പാട് കുഞ്ഞുണ്ണി മാഷ് സ്മാരകത്തിന്റെ കെട്ടിട നിർമ്മാണത്തിനായി 10 ലക്ഷം രൂപയും ഇലഞ്ഞിയിൽ സിസ്റ്റർ മേരി ബനീഞ്ജ സ്മാരകത്തിന് 10 ലക്ഷം രൂപയും, പാലക്കാട് ജില്ലയിലെ തസ്രാക്കിൽ ഒ.വി. വിജയൻ സ്മാരകത്തിന് കെട്ടിടം പണിക്ക് 15 ലക്ഷം രൂപയും നെയ്യാറ്റിൻകര താലൂക്കിൽ വൈകുണ്ഠം സ്വാമികളുടെ സ്മാരകത്തിന് 10 ലക്ഷം രൂപയും മലപ്പുറം ജില്ലയിലെ വണ്ടൂരിൽ മഹാകവി പുലിക്കോട്ടിൽ ഹൈദർ സ്മാരകത്തിന് 10 ലക്ഷം രൂപയും കടുത്തുരുത്തിയിൽ ഭാഗവതഹംസം മള്ളിയൂർ ശങ്കരൻ നമ്പൂതിരിയുടെ സ്മൃതിമണ്ഡപത്തിന് 10 ലക്ഷം രൂപയും മാവേലിക്കരയിലെ എ.ആർ. രാജരാജവർമ്മ സ്മാരകത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് 10 ലക്ഷം രൂപയും അധികമായി വകയിരുത്തുന്നു. എസ്.കെ. പൊറ്റക്കാടിന്റെ ജന്മശതാബ്ദി ആഘോഷങ്ങൾക്ക് 5 ലക്ഷം രൂപ വകയിരുത്തുന്നു.

**292.** മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ പ്രവർത്തിച്ചുവരുന്ന മഹാകവി മൊയിൻ കുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ വാർഷിക ഗ്രാന്റ് നിലവിലുള്ളതിന്റെ ഇരട്ടിയായി ഉയർത്തുന്നു.

**293.** വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത സ്വാതന്ത്ര്യ സമര സേനാനി യശ:ശ്ശരീരനായ എം.ആർ.ജി പണിക്കർ ജന്മശതാബ്ദി സ്മാരകമായി അദ്ദേഹത്തിന്റെ ജന്മദേശമായ ഇറഞ്ഞാലിൽ തൊഴിൽരഹിത യുവജനങ്ങൾക്ക് കമ്പ്യൂട്ടർ പരിശീലന സൗകര്യത്തോടെയുള്ള ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് എം.ആർ.ജി പണിക്കർ ഫൗണ്ടേഷന് 25 ലക്ഷം രൂപ അനുവദിക്കുന്നു.

**294.** ലോകമെമ്പാടുമുള്ള മറുനാടൻ മലയാളികൾക്കും അവരുടെ കുട്ടികൾക്കും മലയാള ഭാഷയും സംസ്കാരവും ആഴത്തിൽ പഠിക്കാൻ ആവിഷ്ക്കരിച്ച മലയാളം മിഷന്റെ പ്രവർത്തനം ബഹറിൻ, ജപ്പാൽ, അയർലന്റ്, സിംഗപ്പൂർ, ദുബായ്, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതാണ്.

**295.** ഭാഷാപിതാവായ എഴുത്തച്ഛന്റെ കാലഘട്ടത്തിനും മുമ്പ് 15-ാം നൂറ്റാണ്ടിലാണ് മലയിൻകീഴ് മാധവ കവി ഭാഷാ ഭഗവദ്ഗീത എന്ന മഹത്തായ ഗ്രന്ഥം രചിച്ചത്. മലയിൻകീഴ് മാധവ കവി സംസ്കൃത കേന്ദ്രം സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

**296.** മലയാള അച്ചടിയുടെ പിതാവും പ്രഥമ ഇംഗ്ലീഷ്-മലയാളം നിഘണ്ടുവിന്റെ രചയിതാവുമായ ഡോ. ബഞ്ചമിൻ ബയ്‌ലിയുടെ സ്മരണ നിലനിർത്താൻ സി.എം.എസ് കോളേജിൽ ഡോ. ബഞ്ചമിൻ ബെയ്‌ലി സ്റ്റഡി സെന്ററും മ്യൂസിയവും സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപയും കൊച്ചിയിൽ പണ്ഡിറ്റ് കറുപ്പൻ സ്മാരകത്തിന് 15 ലക്ഷം രൂപയും വകയിരുത്തുന്നു.

**297.** തിരൂരങ്ങാടി ഹജൂർകച്ചേരി ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ച ചരിത്രപരമായി പ്രാധാന്യമുള്ള കെട്ടിടമാണ്. വൈദേശീയവിരുദ്ധ പോരാട്ടത്തിന്റെ സിരാകേന്ദ്രമായിരുന്ന തിരൂരങ്ങാടിയിൽ അതിന്റെ

സ്മാരകമായി തിരൂരങ്ങാടി ഹജൂർ കച്ചേരി നവീകരിച്ച് സാംസ്കാരിക പൈതൃക മ്യൂസിയമാക്കി സംരക്ഷിക്കുന്നതിന് 15 ലക്ഷം രൂപ വകയിരുത്തുന്നു.

298. കഴിഞ്ഞവർഷം തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ ക്ഷേത്രവുമായി ബന്ധപ്പെട്ട വേദപഠന-മത്സരമായ കടവല്ലൂർ അന്യോന്യത്തിന് കേരള സർക്കാർ 2 ലക്ഷം രൂപ സഹായം നൽകുകയുണ്ടായി. ഇത് ഈ വർഷവും നൽകുന്നതാണ്.

299. ഇടുക്കി ജില്ലയിൽ മൂന്നാറിൽ ആനുകാലിക ചിത്രങ്ങളുടെ പ്രദർശനമൊരുക്കത്തക്കവിധം ഒരു ചിത്ര ഗ്യാലറിയും അനുബന്ധമായി മ്യൂസിയം, കുട്ടികൾക്കായുള്ള കളിസ്ഥലം, വിജ്ഞാന പാർക്ക് എന്നിവയും ഉൾപ്പെടുന്ന ഒരു സാംസ്കാരിക സമുച്ചയം ആരംഭിക്കും.

300. വർക്കല വികസനത്തിന് കഴിഞ്ഞ ബഡ്ജറ്റിൽ സർക്കാർ ഒരു സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. യുണെസ്കോ പൈതൃക കേന്ദ്രമെന്ന നിലയിൽ വർക്കലയിൽ ഒരു ആധുനിക മ്യൂസിയം ഈ വർഷം ആരംഭിക്കുന്നതാണ്. ഇതിനുവേണ്ടി ഒരു കോടി രൂപ മാറ്റിവെക്കുന്നു.

**മ്യൂസിയം മൃഗശാല**

301. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ലഭ്യമാകുന്ന സ്ഥലത്ത് മ്യൂസിയം കോംപ്ളക്സ്, മൃഗങ്ങളുടെ സംരക്ഷണ കേന്ദ്രം എന്നിവ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. മലബാർ ജില്ലകളിൽ ഇത്തരമൊരു കേന്ദ്രം നിലവിലില്ല.

302. മൃഗശാലയിലെ അന്തേവാസികളെ താൽപ്പര്യമുള്ള സന്നദ്ധസംഘടനകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവർക്ക് ദത്തെടുക്കത്തക്കവിധം നയം രൂപീകരിക്കുന്നതാണ്.

**ആരോഗ്യം, കുടുംബക്ഷേമം**

**303.** ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ആരോഗ്യ വിദ്യാഭ്യാസം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് **എല്ലാവർക്കും** ആരോഗ്യം എന്ന ലക്ഷ്യം നേടിയെടുക്കുവാൻ വേണ്ടി **ആരോഗ്യമേഖലയ്ക്ക്** 541 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**304.** താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിൽ 35 എണ്ണത്തിൽ മാത്രമാണ് നിലവിൽ കാഷ്വാലിറ്റി സൗകര്യം ഉള്ളത്. കാഷ്വാലിറ്റി സൗകര്യം ഇല്ലാത്ത ബാക്കിയുള്ള 31 ആശുപത്രികളിലും കാഷ്വാലിറ്റി സൗകര്യം ഏർപ്പെടുത്തുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു. കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഒരു ഗവൺമെന്റ് നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതാണ്.

**305.** ആരോഗ്യവകുപ്പിന്റെ ഗുണമേന്മയും കാര്യക്ഷമതയും സുരക്ഷിതത്വവും പാലിക്കേ തിന്റെ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനും ആരോഗ്യവകുപ്പിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുമായി വിദേശ മലയാളി ഡോക്ടർമാരുടെ സഹായത്തോടെ Institute of Quality and Safety in Health എന്ന സ്ഥാപനം ആരംഭിക്കുന്നതാണ്. ഇതിലേക്കായി 10 ലക്ഷം രൂപ അനുവദിക്കുന്നു.

**306.** തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കഡാവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ്, ലിവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ്, തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാർഡിയാക്, കാർഡിയോളജി ബ്ലോക്ക് നിർമ്മാണം, ആലപ്പുഴ മെഡിക്കൽ കോളേജിൽ ട്രോമാകെയർ യൂണിറ്റ് എന്നിവയ്ക്കായി 25 കോടി രൂപ അനുവദിക്കുന്നു.

**307.** മെഡിക്കൽ കോളേജു മുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വരെ ചികിത്സയ്ക്കെത്തുന്ന സാധാരണക്കാരായ രോഗികൾക്ക് സൗജന്യമായി ജനറിക് മരുന്നുകൾ ലഭ്യമാക്കുന്ന പദ്ധതി സംസ്ഥാനത്തെ 5 സർക്കാർ

മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, ജനറൽ ആശുപത്രികളിലും ആരംഭിച്ചു കഴിഞ്ഞു. ഈ പദ്ധതി താലൂക്കാശുപത്രി തലം വരെ ഈ വർഷം വ്യാപിപ്പിക്കുന്നതാണ്. ഇത് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾക്കായി 220 കോടി രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് വകയിരുത്തിയിട്ടുണ്ട്.

**308.** കേരളത്തിൽ തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി നഗരങ്ങളിൽ ആധുനിക ആശുപത്രികളുടെ നെറ്റ്‌വർക്ക് സ്ഥാപിച്ചുകൊണ്ട് അവിടങ്ങളിൽ മെഡിക്കൽ സിറ്റികൾ രൂപപ്പെടുത്തുന്നതാണ്.

**309.** സർക്കാർ ആശുപത്രികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപയുടെ പദ്ധതി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്നതാണ്. ആയുർവേദാശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 4.5 കോടി രൂപയും ഹോമിയോ ആശുപത്രികൾക്ക് 5.6 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**310.** ആരോഗ്യ സംരക്ഷണത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുകയും ചെലവ് കുറയ്ക്കുകയും ചെയ്യുന്നതോടൊപ്പം പകർച്ചവ്യാധികൾ നിയന്ത്രിക്കുകയും ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി ഇന്ത്യയിലാദ്യമായി പബ്ളിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി, കേന്ദ്ര സഹായത്തോടെ സ്ഥാപിക്കുന്നതാണ്. ഇതിന് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**311.** കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഡിസ്ട്രിക്ട്, ജനറൽ ആശുപത്രികൾ മെഡിക്കൽ കോളേജുകളാക്കാമെന്ന പുതിയ കേന്ദ്ര സർക്കാർ നയമനുസരിച്ച് തിരുവനന്തപുരം ജനറൽ ആശുപത്രി, തൈക്കാട് വനിതകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവയെ സംയോജിപ്പിച്ച് ഒരു പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതാണ്. സ്ഥലലഭ്യതയ്ക്കനുസരിച്ച് മറ്റ് ജില്ലാ-ജനറൽ ആശുപത്രികളോനുബന്ധിച്ചും ഘട്ടംഘട്ടമായി ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി ആകെ 6 കോടി രൂപ വകയിരുത്തുന്നു.

312. ഗുരുതരമായി പൊള്ളലേറ്റ് മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടിയെത്തുന്നവരെ നിലവിൽ മറ്റു രോഗികളോടൊപ്പം സർജിക്കൽ വാർഡുകളിലാണ് ചികിത്സിക്കുന്നത്. പൊള്ളലേറ്റവർക്ക് പ്രത്യേക പരിചരണം നൽകുന്നതിനായി സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും പ്രത്യേക പൊള്ളൽ ചികിത്സാ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 5 കോടി രൂപ ഞാൻ വകയിരുത്തുന്നു.

313. തിരുവനന്തപുരം ഡന്റൽ കോളേജിന് വിമൻസ് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

314. സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം എന്നീ നാല് മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള ഫാർമസ്യൂട്ടിക്കൽ കോളേജുകളിൽ മരുന്നുകളുടെ ഗുണമേന്മപരിശോധന പദ്ധതി ആരംഭിക്കുന്നതിന് കേന്ദ്ര സഹായത്തോടെ 4 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്.

315. സംസ്ഥാനത്ത് 25 പുതിയ ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുന്നതോടൊപ്പം വർക്കല പ്രകൃതി ചികിത്സ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതാണ്. ടൈപ്പ്-2 പ്രമേഹ രോഗികൾക്ക് ഭാരതീയ ചികിത്സാ രീതിയിൽ പ്രത്യേക പരിചരണം നൽകുന്നതിന് നെയ്യാറ്റിൻകര ജനറൽ ആയുർവ്വേദ ആശുപത്രി, കൊല്ലം ജില്ലാ ആയുർവ്വേദ ആശുപത്രി, എറണാകുളം ജില്ലാ ആയുർവ്വേദ ആശുപത്രി എന്നിവിടങ്ങളിൽ **'ജീവനിപദ്ധതി'** 20 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കുന്നതാണ്. നേത്ര രോഗങ്ങൾക്ക് വിധേയരായ കുട്ടികൾക്ക് പ്രത്യേക ചികിത്സ നൽകുന്ന പദ്ധതിയായ **'ദൃഷ്ടി'** തൃശൂർ ജില്ലയിലെ രാമവർമ്മ ജില്ലാ ആയുർവ്വേദ ആശുപത്രി, ഇരിങ്ങാലക്കുട ആയുർവ്വേദ ആശുപത്രി എന്നിവിടങ്ങളിൽ ആരംഭിക്കുന്നതാണ്.

316. പാരമ്പര്യ വിജ്ഞാനം കൈമോശം വരാതെ പരിരക്ഷിക്കുന്നതിനും ഈ രംഗത്ത് കൈവന്നിട്ടുള്ള ബൗദ്ധിക സ്വത്തവകാശങ്ങൾ

സംരക്ഷിക്കുന്നതിനും അവയുടെ ഡോക്കുമെന്റേഷൻ, രജിസ്ട്രേഷൻ, പ്രസിദ്ധീകരണം, ഗവേഷണം, ബോധവത്കരണം തുടങ്ങിയ പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിർവഹണത്തിനായി നിയമനിർമ്മാണം നടത്തുന്നതാണ്. പാരമ്പര്യവിജ്ഞാന ഉൽപ്പന്നങ്ങൾക്ക് കേരള ബ്രാൻഡ് നൽകി വിപണനം ചെയ്യുന്നതിനും നമ്മുടെ പാരമ്പര്യ വിജ്ഞാനത്തെ യുണസ്കോയുടെ ലോക പൈതൃക ഭൂപടത്തിൽ ഉൾപ്പെടുത്തുന്നതിനും മറ്റും മേൽപ്പറഞ്ഞ നിയമനിർമ്മാണം ഉപകരിക്കും. പാരമ്പര്യ വിജ്ഞാനസംരക്ഷണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സഹായത്തോടെ ഒരുകോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്.

**ഭവനനിർമ്മാണം**

317. ഭവന നിർമ്മാണത്തിനുള്ള സാങ്കേതിക സെല്ലിനു കീഴിൽ കേരള സംസ്ഥാന ഭവന നിർമ്മാണ വികസന ധനകാര്യ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഷെൽട്ടർ ഫണ്ട് (അഭയ നിധി), സാങ്കേതിക വികസന നിധി (ടെക്നോളജി ഇന്നൊവേഷൻ ഫണ്ട്) എന്നിവ രൂപീകരിക്കുന്നതാണ്.

318. കൊച്ചി മറൈൻ ഡ്രൈവിൽ ഹൗസിങ് ബോർഡിന്റെ ആഭിമുഖ്യത്തിൽ ബാംഗ്ളൂർ മോഡലിൽ ഫൈനാൻസ് സിറ്റി പദ്ധതി നടപ്പാക്കുന്നതാണ്.

319. തൊടുപുഴയിൽ ഹൗസിംഗ്ബോർഡ് ഉടമസ്ഥതയിലുള്ള സ്ഥലത്ത് കൺവെൻഷൻ സൗകര്യത്തോടുകൂടിയ സിറ്റിസെന്റർ നിർമ്മിക്കും.

320. ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ കാമ്പസ് വാഴമുട്ടത്ത് സ്ഥാപിക്കുന്നതിനായി 1.4 കോടി രൂപ വകയിരുത്തുന്നു.

**വിവരവും പൊതുജനസമ്പർക്കവും**

**321.** സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങൾ, വികസന പദ്ധതികൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ഫലപ്രദമായി ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ നവീകരിക്കേണ്ടിയിരിക്കുന്നു. ഇതിനായി സംസ്ഥാന തലത്തിൽ ഒരു ഇൻഫർമേഷൻ ഹബ് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതാണ്. ഇത് സജ്ജമാക്കുന്നതിനും ജില്ലാ ഇൻഫർമേഷൻ ഓഫീസുകളും ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസും ആധുനികവൽക്കരിക്കുന്നതിനുമായി 2.6 കോടി രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**322.** ഡൽഹി കേരള പവലിയന്റെ നവീകരണ പ്രവർത്തനങ്ങൾക്കും നിലവാര മുയർത്തലിനുമായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

**323.** കൊച്ചിയിൽ മീഡിയാ സിറ്റി സ്ഥാപിക്കുമെന്ന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിനായി ഒരു വിദഗ്ദ്ധസമിതിയെ നിയമിച്ചിട്ടുണ്ട്. മീഡിയാസിറ്റി സ്ഥാപിക്കുന്നതിന് ആകെ 20 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

**324.** തൃശ്ശൂർ പ്രസ്സ് ക്ലബ്ബിന്റെ നവീകരണപ്രവർത്തനങ്ങൾക്ക് 15 ലക്ഷം രൂപ വകയിരുത്തുന്നു. കോട്ടയം പ്രസ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ പണിയുന്ന മീഡിയാ സെന്ററിന്റെയും ന്യൂസ് മ്യൂസിയത്തിന്റെയും നിർമ്മാണത്തിന് 15 ലക്ഷം രൂപ അനുവദിക്കുന്നു.

**തൊഴിലും പുനരധിവാസവും**

**325.** തൊഴിൽ രംഗത്ത് തർക്കപരിഹാരം ത്വരിതപ്പെടുത്തുന്നതിന് തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ വ്യവസായ ട്രൈബ്യൂണലുകൾ ആരംഭിക്കുന്നതാണ്.

326. തോട്ടം തൊഴിലാളികൾക്ക് ഒരു ഭവനപദ്ധതി നടപ്പാക്കേണ്ടത് അത്യാവശ്യമാണ് എന്ന് ഞാൻ കരുതുന്നു. കേന്ദ്രപദ്ധതിസഹായം ഉപയോഗിച്ചുകൊണ്ട് സംസ്ഥാനവിഹിതം ഉൾപ്പെടുത്തി തോട്ടം തൊഴിലാളികൾക്ക് വേണ്ടി 'ഭവനം' ഭവന പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിന് സംസ്ഥാന വിഹിതമായി 10 കോടി രൂപ വകയിരുത്തുന്നു.

327. തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുവാൻ വിവിധ മേഖലകളിൽ പി.പി.പി അടിസ്ഥാനത്തിൽ പരിശീലനം നൽകുന്ന കോഴ്സുകൾ എൻ.എസ്.ഡി.സി സഹായത്തോടെ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന ആരംഭിക്കുന്നതാണ്.

328. കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആൻഡ് എംപ്ലോയ്മെന്റ് മുഖേന ട്രേഡ് യൂണിയൻ നേതാക്കൾക്കും, തൊഴിലാളികൾക്കും വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് കേരളത്തിലെ തൊഴിൽരംഗം കൂടുതൽ വികസനോന്മുഖമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

329. ചെങ്ങന്നൂർ, കളമശ്ശേരി, ചാലക്കുടി, മലമ്പുഴ, കണ്ണൂർ വനിതാ ഐ.റ്റി.ഐ കളുടെ നിലവാരം ഉയർത്തുന്നതിനായി 3 കോടി രൂപ വകയിരുത്തുന്നു.

**പട്ടികജാതി വികസനം**

330. വീടില്ലാത്തവർക്ക് വീട്, ഭൂരഹിതർക്ക് ഭൂമി, പട്ടികജാതിക്കാർക്ക് തൊഴിൽ പദ്ധതികൾ, സാമ്പത്തിക ഉന്നമന പരിപാടികൾ തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്839.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എല്ലാ ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്കും ഭൂമി എന്ന ലക്ഷ്യം മുൻനിർത്തി 15,000 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിന് കേന്ദ്ര സഹായത്തോടെ ഈ ബഡ്ജറ്റിൽ 100 കോടി രൂപയാണ് നീക്കിവെച്ചിട്ടുള്ളത്.

**331.** സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഡിപ്ലോമയും ഡിഗ്രിയും നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് മികച്ച തൊഴിലവസരം സൃഷ്ടിക്കാൻ സഹായകമായ നിലയിൽ ഫിനിഷിംഗ് സ്കൂൾ പരിശീലനം നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

**332.** 50-ൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളുടെ സമഗ്ര വികസനത്തിനുള്ള സ്വയം പര്യാപ്തഗ്രാമ പദ്ധതി ഈ വർഷം 100 കോളനികളിലേക്കുകൂടി വ്യാപിപ്പിക്കുന്നതാണ്.

**333.** പട്ടികജാതിയിൽപ്പെട്ട യുവതീ-യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ചെലവുകൾ നേരിടുന്നതിനായി 50,000 രൂപ വരെ ധനസഹായം അനുവദിക്കും.

**334.** പത്തോ അതിൽ കൂടുതലോ പട്ടിക സമുദായാംഗങ്ങൾ ചേർന്നു രൂപീകരിക്കുന്ന സ്വാശ്രയ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകും.

**335.** 80 ശതമാനമോ അതിനു മുകളിലോ പട്ടികജാതിക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാനുള്ള സാമ്പത്തിക സഹായം നൽകും.

**336.** ഐ.ടി മേഖലയിൽ ബിരുദധാരികളായ പട്ടികവിഭാഗത്തിൽപ്പെടുന്ന യുവസംരംഭകർക്ക് ഇൻകുബേഷൻ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തികസഹായം അനുവദിക്കുന്നതാണ്.

### പട്ടികവർഗ്ഗ വികസനം

**337.** പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിന് ഉതകുംവിധം പട്ടികവർഗ്ഗ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനും മറ്റ് സാമ്പത്തിക ഉന്നമന തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 272.3 കോടി രൂപ ബഡ്ജറ്റിൽ

വകയിരുത്തിയിട്ടുണ്ട്. ഓരോ പട്ടികവർഗ്ഗ സങ്കേതത്തിനും ഒരുകോടി രൂപ വീതം വകയിരുത്തി, കുടിവെള്ളം, വൈദ്യുതി, സോളാർ ലൈറ്റുകൾ, ലിങ്ക് റോഡുകൾ, നടപ്പാതകൾ, ഉൾനാടൻ റോഡുകൾ, മലിനജല സംസ്കരണം, ബയോഗ്യാസ് പ്ലാന്റ്, വരുമാനമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി സെന്ററുകൾ തുടങ്ങിയവ 20 സങ്കേതങ്ങളിൽ ആരംഭിക്കുന്നതാണ്.

338. പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിന് സർക്കാർ ഏറെ പ്രാധാന്യം നല്കുന്നു. ആദിവാസി പുനരധിവാസ മിഷൻ വഴി ഇതുവരെ 6800 പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി 8966 ഏക്കർ ഭൂമി വിതരണം ചെയ്തു കഴിഞ്ഞു. മിഷന്റെ പ്രവർത്തനങ്ങൾക്കായി 20 കോടി രൂപ വകയിരുത്തി യിട്ടുണ്ട്.

339. ഉൾവനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പി.ടി.എ-യുടെയും സഹകരണത്തോടെ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനുള്ള 'ഗോത്രസാരഥി' പദ്ധതിക്ക് 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

340. വിതുരയിൽ ആദിവാസി വംശീയ വൈദ്യന്മാർക്കുള്ള ഗവേഷണ സ്ഥാപനം വിപുലീകരിക്കുന്നതിനും വയനാട്ടിലും അട്ടപ്പാടിയിലും പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുമായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

341. കണ്ണൂർ ജില്ലയിൽ ആറളത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളും അട്ടപ്പാടി അഗളിയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റലും സ്ഥാപിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ ചെലവുകൾക്കായി 4.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

342. പട്ടികവർഗ്ഗക്കാരിലെ വംശീയ വൈദ്യൻമാർക്ക് ഇപ്പോഴത്തെ ജോലി തുടർന്ന് നടത്തുന്നതിനും, ഗവേഷണങ്ങൾ നടത്തുന്നതിനും വർഷത്തിൽ 10,000/- രൂപ വീതം ധനസഹായം നൽകും. ഈ ആവശ്യത്തിലേക്കായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

**343.** പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലെ കിന്റർ ഗാർട്ടൻ/വികസനവാടി/ പെരിപ്പതറ്റിക് സെന്ററുകൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളം പ്രതിമാസം 3000 രൂപയായി ഉയർത്തുന്നു. ഇതിനായി 16 ലക്ഷം രൂപ വകയിരുത്തുന്നു.

**344.** അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി പരമാവധി ഒരു ലക്ഷം രൂപയുടെ ധനസഹായം അനുവദിക്കുന്നതാണ്.

**345.** പട്ടികവർഗ്ഗ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി അമ്മമാർക്ക് ഗർഭകാലത്ത് 6 മാസവും കുഞ്ഞുങ്ങൾക്ക് ആദ്യത്തെ 6 മാസവും പ്രതിമാസം 1000 രൂപ വീതം നൽകുന്നതിന് 1.15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**സാമൂഹ്യനീതി**

**346.** വികസനവും കരുതലും എന്ന ലക്ഷ്യം മുൻനിർത്തി സാമൂഹ്യനീതിമേഖലയിൽ പുരോഗതി കൈവരുത്തുവാൻ 382 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ രംഗത്ത് കേരളം ആരംഭിച്ച നിർഭയപദ്ധതി കേന്ദ്ര ബഡ്ജറ്റിൽ ഇടംനേടിയിട്ടുണ്ട് എന്നത് സന്തോഷകരമാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും സുരക്ഷയും അതിക്രമത്തിനിരകളായവർക്ക് കൗൺസലിംഗും പുനരധിവാസവും ഉറപ്പാക്കുന്ന 'നിർഭയ' യുടെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരത്ത് ആരംഭിച്ച പോലെയുള്ള ഷെൽട്ടർഹോമുകൾ കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കും. കോഴിക്കോട്ടെ തന്റേടം ജൻഡർ പാർക്കിന് 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**347.** സാമൂഹ്യനീതിവകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട നടത്തിപ്പിനു വേണ്ടി വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തികൾ, സർക്കാരിതരസംഘടനകൾ, സാമൂഹ്യസംഘടനകൾ,

കോർപ്പറേറ്റുകൾ, എന്നിവയുടെ പങ്കാളിത്തം സ്വീകരിക്കുന്നതിനുവേണ്ട നയരൂപീകരണം നടത്തും.

**348.** വിനോദം ഉൾപ്പെടെ കുട്ടികളുടെ സർവതോമുഖമായ വികാസം ലക്ഷ്യമാക്കുന്ന കുട്ടികളുടെ ഗ്രാമം പദ്ധതി കേരളത്തിൽ കൊടുങ്ങല്ലൂരിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഒരുകോടി രൂപ നീക്കിവയ്ക്കുന്നു.

**349.** കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള 2012-ലെ നിയമപ്രകാരം ഇത്തരം കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിനു വേണ്ടി എല്ലാ ജില്ലകളിലും പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതാണ്.

**350.** സർക്കാർ ആഭിമുഖ്യത്തിൽ ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന ഏറ്റവും മികച്ച സ്ഥാപനമാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ. 'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ', 'സ്നേഹപൂർവം,' 'വീ കെയർ', 'ആശ്വാസ കിരണം', 'ഡിമെൻഷ്യ കെയർ സെന്റർ', 'കോക്ലിയർ ഇംപ്ലാന്റേഷൻ' തുടങ്ങിയ മിഷന്റെ വിവിധ പദ്ധതികൾക്കായി 70 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

**351.** വികലാംഗക്ഷേമ കോർപ്പറേഷന് 2.5 കോടി രൂപയും വനിതാ വികസന കോർപ്പറേഷന് 5.73 കോടി രൂപയും 'നിഷിന്' 6.15 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 'നിഷ്' ഒരു സർവ്വകലാശാലയായി ഉയർത്തുന്നതാണ്.

**352.** 250 വികലാംഗർക്ക് മോട്ടോറൈസ്ഡ് മുച്ചക്ര വാഹനങ്ങൾ നൽകുന്നതിന് 1.5 കോടി രൂപ വകയിരുത്തുന്നു.

**353.** സാമൂഹ്യനീതി വകുപ്പിന് കൈമാറിക്കിട്ടിയ തൃശൂർ കല്ലേറ്റുംകരയിലെ എൻ.കെ. മാത്യു മെമ്മോറിയൽ ബിൽഡിംഗ് കോംപ്ലക്സിൽ ദേശീയ നിലവാരമുള്ള റീജിയണൽ സെന്റർ ഫോർ ഡിസേബിൾഡ് ആന്റ് റിസർച്ച് സ്ഥാപിക്കുന്നതിനായി ഒരുകോടി രൂപ നീക്കി വയ്ക്കുന്നു.

354. 140 അസംബ്ലി നിയോജക മണ്ഡലങ്ങളിലും ഓരോ മാതൃകാ അംഗൻവാടി സ്ഥാപിക്കാനുള്ള പദ്ധതിക്കായി 6.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

355. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച 5 വനിതകൾക്ക് ഓരോ വർഷവും സ്ത്രീശക്തി പുരസ്കാരം നൽകും. ഇതിനായി 25 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

**കായികവും യുവജനക്ഷേമവും**

356. കായികരംഗത്ത് പുതിയ മുന്നേറ്റം സൃഷ്ടിച്ചുകൊണ്ട് വരും വർഷം തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ മൾട്ടി പർപ്പസ് സിന്തറ്റിക് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 15 കോടി രൂപ വകകൊള്ളിക്കുന്നു.

357. കേരള സ്പോർട്സ് കമ്മീഷന്റെ ശുപാർശ പ്രകാരം സർക്കാർ ധനസഹായത്തോടൊപ്പം സ്വകാര്യ മേഖലയിൽ നിന്നും വിഭവസമാഹരണം നടത്തി ഒരു സ്പോർട്സ് വികസന നിധി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

358. കായികാധ്യാപകരുടെ പരിശീലനവും തൊഴിലധിഷ്ഠിത കായിക പരിശീലന കോഴ്സുകളും നടത്തുന്നതിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആരംഭിക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തുന്നു.

359. കോഴിക്കോട്ടുള്ള കായിക വിദ്യാഭ്യാസ കോളേജ് അപ്ഗ്രേഡ് ചെയ്യുന്നതിന് ഒരുകോടി രൂപ വകയിരുത്തിയിട്ടുണ്ട്.

360. ചങ്ങനാശ്ശേരിയിൽ ഒരു സ്പോർട്സ് കോംപ്ലക്സ് ആരംഭിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

361. കേരളത്തിലെ യുവജനക്ഷേമ പരിപാടികൾ ത്വരിതപ്പെടുത്താൻ സംസ്ഥാനത്തിന്റെ പുതിയ യുവജനനയം അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾക്കായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് 17.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

362. യുവജനങ്ങളെ സംബന്ധിച്ച ഗവേഷണപഠനങ്ങൾ സംഘടിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാനതലത്തിൽ ഒരു പഠനഗവേഷണ കേന്ദ്രം തുടങ്ങുന്നതാണ്. 2013-14 സാമ്പത്തിക വർഷം ഈ പദ്ധതി തുടങ്ങുന്നതിനു വേണ്ടി 60 ലക്ഷം രൂപ വകയിരുത്തുന്നു.

363. സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന 4500 ഓളം യുവജനക്ലബ്ബുകളുണ്ട്. യുവാക്കൾക്കിടയിൽ പ്രവർത്തിക്കുന്ന എൻ. സി. സി., എൻ. എസ്. എസ് തുടങ്ങിയ മറ്റ് സംഘടനകളുമായി സഹകരിച്ചുകൊണ്ട് എല്ലാ ജില്ലകളിലും പ്രതിദിനം ഒരു രക്തദാന ക്യാമ്പ് വീതം സംഘടിപ്പിക്കുന്ന ജീവദായിനി പദ്ധതിക്കുവേണ്ടി 25 ലക്ഷം രൂപ മാറ്റിവെക്കുന്നു.

### പിന്നോക്ക സമുദായ വികസനം

364. കേരളാ സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, മൈക്രോ ക്രെഡിറ്റ് വായ്പ, വിവാഹ വായ്പ എന്നിവ അനുവദിക്കുന്നതാണ്. ഇതിലേക്ക് കോർപ്പറേഷന് മൂലധന ഗ്രാന്റായി 10 കോടി രൂപ അനുവദിക്കുന്നു.

365. കേന്ദ്ര സഹായത്തോടെ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കുന്നതിന് 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

366. ഒ.ബി.സി വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായുള്ള സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയ്ക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

367. പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പദ്ധതിക്കായി 5 കോടി രൂപയും പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഓട്ടോമൊബൈൽ വ്യവസായ രംഗത്ത് തൊഴിൽ കണ്ടെത്താനുള്ള സഹായം നൽകുന്നതിനായി 2 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**368.** പട്ടികജാതിയിൽ നിന്ന് മത പരിവർത്തനം ചെയ്ത ദളിത് വിഭാഗങ്ങൾക്ക് മറ്റുള്ളവരോടൊപ്പം എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും നല്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

**മുന്നോക്ക സമുദായ വികസനം**

**369.** സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്കക്കാർക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനായി രൂപീകരിച്ച മുന്നോക്കക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തുന്നു. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നല്കുക, പരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കുക, ആവശ്യമായ വിവരശേഖരണം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ കോർപ്പറേഷൻ ഏറ്റെടുക്കുന്നതാണ്.

**ന്യൂനപക്ഷക്ഷേമം**

**370.** ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് മൈനോരിറ്റി ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ മൂലധന വിഹിതമായി 8.4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**371.** പാലക്കാട് ജില്ലയിലെ തമിഴ് ന്യൂനപക്ഷ മേഖലയായ കൊഴിഞ്ഞാംപാറയിൽ ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിന് 6 കോടി രൂപ വകയിരുത്തുന്നു. ന്യൂനപക്ഷ വിഭാഗത്തിൽ നിന്നും ദ്വിവത്സര ഐ.ടി.സി കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് മെരിറ്റ് അടിസ്ഥാനത്തിൽ കോഴ്സ് ഫീസിന്റെ 70% തിരിച്ചു നല്കുന്നതിനായി ഒരുകോടി രൂപ വകയിരുത്തുന്നു.

**372.** സപ്തധാരാ പദ്ധതിയിൻ കീഴിൽ ന്യൂനപക്ഷ സമുദായങ്ങളിലെ വിവാഹ മോചനം നേടിയ സ്ത്രീകൾക്കും വിധവകൾക്കും ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു.

**ആഭ്യന്തരം, നീതിന്യായം**

373. കേരളാ പോലീസ് ഇന്ത്യയിലെ മികച്ച പോലീസ് സേനകളിലൊന്നാണ്. സേനയുടെ ആധുനികവത്കരണം, ഉയർന്ന നിലവാരമുള്ള പരിശീലന രീതികൾ സ്വായത്തമാക്കൽ, സ്ത്രീകൾക്കും കുട്ടികൾക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കും സുരക്ഷ ഉറപ്പാക്കൽ എന്നിവയ്ക്കാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നത്.

374. സംസ്ഥാനാതിർത്തിയിൽ ഉയർന്നുവരുന്ന സുരക്ഷാഭീഷണി നേരിടുന്നതിനുവേണ്ടി ഇൻഡ്യ റിസർവ്വ് ബറ്റാലിയന്റെ സഹകരണത്തോടു കൂടി ഏറ്റവും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കാൻ കഴിയുന്ന ഒരു പ്രത്യേക വിഭാഗത്തെ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന്റെ ഭാഗമായി രൂപീകരിക്കുന്നതിന് 1.5 കോടി രൂപ വകയിരുത്തുന്നു.

375. വിവരസാങ്കേതിക മേഖലയിലേയും വാർത്താവിനിമയ രംഗത്തെയും കുതിച്ചുചാട്ടത്തോടൊപ്പം തന്നെ ഈ മേഖലകളുമായി ബന്ധപ്പെട്ട സൈബർ കുറ്റകൃത്യങ്ങളുടെ സംഖ്യയിലും വലിയ വർദ്ധനയുണ്ടായി. അവ കൈകാര്യം ചെയ്യുന്നതിനുവേണ്ടി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കൊച്ചിയിൽ ഒരു സൈബർ ക്രൈം സെന്റർ രൂപീകരിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു.

376. കേസുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിനായി കോട്ടയത്ത് ഒരു റീജിയണൽ ഫോറൻസിക് ലബോറട്ടറി സ്ഥാപിക്കുന്നതാണ്.

377. എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും ക്രമസമാധാനപാലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി കേന്ദ്രീകൃത സമിതികൾ സ്ഥാപിക്കുക എന്ന നൂതന ആശയം ഗവണ്മെന്റ് നടപ്പിൽ വരുത്തും. പോലീസ് സേനാംഗങ്ങൾ, നഗരസഭാംഗങ്ങൾ, റവന്യൂ, ആരോഗ്യ വകുപ്പുദ്യോഗസ്ഥർ എന്നിവർ ഈ യൂണിറ്റിന്റെ ഭാഗമായിരിക്കും. മോഷണങ്ങളും, സ്ത്രീകൾക്കും കുട്ടികൾക്കും മറ്റ് ദുർബല

വിഭാഗങ്ങൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങളും തടയുന്നതിനും കൈകാര്യം ചെയ്യുന്നതിനും വേണ്ടിയുള്ള സമഗ്രവും ഫലവത്തുമായ പദ്ധതികളും നയങ്ങളും രൂപീകരിക്കുന്നതിന് ഈ സമിതിക്ക് ഉത്തരവാദിത്ത മുണ്ടായിരിക്കും.

**378.** തിരുവനന്തപുരത്തെ ട്രാഫിക് പോലീസ് സ്റ്റേഷൻ അത്യാധുനിക സൗകര്യമുള്ള പോലീസ് സ്റ്റേഷനാക്കി മാറ്റുന്നതിന് 85 ലക്ഷം രൂപ വകയിരുത്തുന്നു.

**379.** കോടതികൾക്കെല്ലാം ഒരു കുടക്കീഴിൽ പ്രവർത്തനസൗകര്യം ഒരുക്കുന്നതിനായി ചങ്ങനാശ്ശേരിയിൽ ഒരു ജുഡിഷ്യൽ കോംപ്ലക്സ് സ്ഥാപിക്കും. ഇതിനായി ഒരു കോടി രൂപ മാറ്റിവയ്ക്കുന്നു.

**ജയിൽ**

**380.** കേരളത്തിലെ ജയിലുകളിൽ കനത്ത ജലക്ഷാമം നേരിടുന്നുണ്ട്. ഇത് ജയിലുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു. അതിനാൽ 16 ജയിലുകളിൽ ജലസംഭരണികൾ സ്ഥാപിക്കുന്നതാണ്.

**381.** ജയിലുകളിൽ തടവുകാർക്ക് തൊഴിൽ നൽകുന്നതിനായി വിവിധ പരിശീലന പദ്ധതികൾ ആരംഭിക്കുന്നതാണ്.

**അഗ്നിശമന സേന**

**382.** കേരളത്തിലെ ഫയർ സർവ്വീസിന്റെ ഏക പരിശീലന കേന്ദ്രമായ തൃശ്ശൂർ ജില്ലയിലെ വിയ്യൂരിലെ കേരളാ ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാദമിയിലെ പരിശീലന സംവിധാനങ്ങൾ നവീകരിക്കും.

**383.** അഗ്നിശമന സേനാ സംവിധാനത്തിന്റെ ഘടനയും രൂപകല്പനയും പരിഷ്കരിക്കും. കൂടാതെ, പട്ടാമ്പി ഉൾപ്പെടെ 5 കേന്ദ്രങ്ങളിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ തുറക്കുന്നതാണ്.

## ധനകാര്യം

384. സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റ് രംഗത്ത്, പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ആക്കുവാൻ ഉതകുന്ന മാറ്റങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഭരണ വകുപ്പുകളുടെ സാമ്പത്തികാധികാരം വർദ്ധിപ്പിക്കുകയും ഫണ്ട് വിതരണം ത്വരിതഗതിയിലാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ട്രഷറി വകുപ്പിൽ നിന്നുള്ള സേവനങ്ങൾ മെച്ചപ്പെടുത്തുവാനും പെൻഷൻകാരുടെ സൗകര്യത്തിനുമായി ട്രഷറികളിൽ എ.ടി.എം സംവിധാനവും ഉപഭോക്താക്കൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതാണ്. ട്രഷറി വകുപ്പിന് തിരുവനന്തപുരത്ത് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതാണ്.

385. എല്ലാ പൊതുമേഖല, അർദ്ധസർക്കാർ, സഹകരണ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനറൽ ഇൻഷ്വറൻസ് ബിസിനസ്സ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന വ്യവസ്ഥയുണ്ട്. ഈ ബിസിനസ്സുകൾ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും ചേർന്ന് കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ നടപ്പിലാക്കുന്നതാണ്.

386. സംസ്ഥാനത്തെ കുടുംബശ്രീ, ജനശ്രീ, ഗൃഹശ്രീ തുടങ്ങിയ മഹിളാസംഘടനകളിലെ അംഗങ്ങൾക്കായി അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ ഒരു ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. പ്രീമിയത്തിന്റെ 50% ബന്ധപ്പെട്ട ഗുണഭോക്താവും, 50% ബന്ധപ്പെട്ട എജൻസിയും വഹിക്കേണ്ടതാണ്. ഈ പദ്ധതി മൂലം 40 ലക്ഷം ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതാണ്.

387. കേരള സർക്കാർ നടപ്പിലാക്കി വരുന്ന ഇ-ഗവേർണൻസ് പദ്ധതിയുടെ ഭാഗമായി മുൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചപ്രകാരം സമ്പൂർണ്ണ കമ്പ്യൂട്ടർവൽകരണം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നടപ്പിലാക്കിവരുന്നു. കമ്പ്യൂട്ടർവത്കരണം പൂർത്തിയാക്കി മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ ഉൾപ്പടെ പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യുന്നതാണ്.

388. ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സേവനം സംസ്ഥാനത്തിന്റെ വികസന സേവന മേഖലകളിലും വിനിയോഗിച്ചുവരികയാണ്. ഈ രംഗത്ത് മാതൃകാപരമായ സേവനം കാഴ്ചവെക്കുന്ന ഏജന്റുമാർക്കും ഉദ്യോഗസ്ഥർക്കും അർഹമായ അംഗീകാരം നല്കും. സ്വന്തമായി ഭവനമില്ലാത്ത ഏജന്റുമാർക്ക് സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ചേർന്ന് ഒരു ഭവനപദ്ധതിക്ക് രൂപം നൽകും. ഇതിന് 50 ലക്ഷം രൂപ മാറ്റിവെക്കും.

**നിയമം**

389. നിയമസഭയിലേക്കുള്ള ബില്ലുകൾ തയ്യാറാക്കൽ, നിയമനിർമ്മാണം എന്നീ രംഗങ്ങളിൽ നിയമവകുപ്പിലെ ജീവനക്കാർക്ക് വിദഗ്ധ പരിശീലനം നല്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇതിന് 30 ലക്ഷം രൂപ വകയിരുത്തുന്നു.

390. **1959–ലെ കേരളാ കോർട്ട് ഫീസും വ്യവഹാര സലയും ആക്ടിനുള്ള ഭേദഗതി:** സിവിൽ കോടതികളിൽ നിലവിലുള്ള ഒരു വ്യവഹാരം ആർബിട്രേഷനോ അനുരഞ്ജനമോ മദ്ധ്യസ്ഥതയോ അല്ലെങ്കിൽ ലോക അദാലത്ത് മുഖേനയോയുള്ള തീർപ്പാക്കലിനുവേണ്ടി കോടതി റഫർ ചെയ്യുന്ന സംഗതിയിൽ അത്തരം കേസുകൾ രാജിയാകുകയോ ഒത്തുതീർപ്പിൽ എത്തിച്ചേരുകയോ ചെയ്യുമ്പോൾ മുഴുവൻ കോടതി ഫീസും ഏതു കക്ഷിയാണോ അവ നൽകിയത്, ആ കക്ഷിക്ക് അത് തിരിച്ചു നൽകാൻ വ്യവസ്ഥ ചെയ്യുന്നതാണ്.

391. 1961–ലെ ആദായ നികുതി ആക്ടിന് കീഴിലുള്ള ആദായ നികുതി അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീൽ മെമ്മോറാണ്ടത്തിന് അസസിംഗ് ആഫീസർ കണക്കാക്കുന്ന അറ്റാദായത്തിന്റെയും ആവശ്യപ്പെടുന്ന നിവൃത്തിയുടെയും അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിക്കുന്നതിനും 1957–ലെ വെൽത്ത് ടാക്സിന്റെ കീഴിലുള്ള വെൽത്ത് ടാക്സ് ട്രൈബ്യൂണലിന്റെ

ഉത്തരവിനെതിരെ ഹൈക്കോടതി മുമ്പാകെ സമർപ്പിക്കുന്ന അപ്പീൽ മെമ്മോറാണ്ടത്തിൽ അസ്സസിംഗ് ആഫീസർ തിട്ടപ്പെടുത്തിയ അറ്റ സ്വത്തിന്റെയും ആവശ്യപ്പെട്ട നിവൃത്തിയുടെയും അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിക്കാനും വേണ്ട വ്യവസ്ഥ ചെയ്യുന്നതാണ്.

392. ഇന്ത്യയ്ക്ക് വെളിയിൽ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്ന സ്വകാര്യ രേഖകൾ അത്തരം രേഖകളുടെ യഥാർത്ഥതയെ കുറിച്ചുള്ള സത്യം ബോദ്ധ്യപ്പെടുത്തൽ അപേക്ഷയുടെ കാര്യത്തിൽ 100 രൂപയും ഒരു നോട്ടറി സാക്ഷ്യപ്പെടുത്തിയ ശേഷം മെലൊപ്പ് ആവശ്യപ്പെടുന്ന അപേക്ഷയുടെ കാര്യത്തിൽ 50 രൂപയും കോടതി ഫീസ് ചുമത്തുന്നതിന് നിശ്ചയിക്കുന്നതാണ്.

393. 1940-ലെ ആർബിട്രേഷൻ ആക്ട് 1996-ലെ ആർബിട്രേഷനും കൺസീലിയേഷനും ആക്ട് പ്രകാരം റദ്ദാക്കപ്പെട്ടു. 1940-ലെ ആർബിട്രേഷൻ ആക്ട് പ്രകാരം ഫയൽ ചെയ്യുന്ന അപ്പീൽ കേസുകൾക്ക് ഈടാക്കേണ്ടിയിരുന്ന അതേ ഫീസ് 1996-ലെ ആർബിട്രേഷനും കൺസീലിയേഷനും ആക്ട് പ്രകാരം നൽകുന്ന അപ്പീൽ കേസുകൾക്കും ഈടാക്കുന്നതിനായി ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

**ലോട്ടറി**

394. കാരുണ്യ ലോട്ടറിക്ക് സാർവ്വത്രികമായി ലഭിച്ചുകൊണ്ടിരിക്കുന്ന അംഗീകാരവും പിൻബലവും സഹകരണവും ചാരിതാർത്ഥ്യജനകമാണ്. അതിന്റെ സേവന പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്.

395. ലോട്ടറി സമ്മാനത്തിന്റെ ഒരു ഭാഗം നിക്ഷേപമാക്കി മാറ്റി പലിശ സ്ഥിരവരുമാനമാക്കി മാറ്റാൻ 'സമ്പാദ്യ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കും. നിക്ഷേപകനു മൂന്നു വർഷത്തിനുശേഷം പ്രതിമാസം നിശ്ചിതതുകയും പത്തു വർഷത്തിനുശേഷം നിക്ഷേപത്തുകയും മടക്കി നല്കുന്നതാണ്.

396. സർക്കാർ പ്രസ്സുകളിൽ അത്യാധുനിക സുരക്ഷാ സംവിധാനത്തോടെ ലോട്ടറി അച്ചടിക്കുന്നതിന് ഈ സംവിധാനങ്ങൾ ഉള്ള രണ്ടു മെഷീനുകൾ വാങ്ങുന്നതാണ്.

**ദേവസ്വം**

397. വർഷങ്ങളായി മുടങ്ങിക്കിടന്ന ശബരിമല മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് മുൻകൈയെടുത്തത് ഈ സർക്കാരാണ്. ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക എന്ന ദൃഢനിശ്ചയത്തോടെയാണ് സർക്കാർ മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നത്. ഇതിനായി 2011-12-ൽ 15.5 കോടി രൂപയും, 2012-13-ൽ 25 കോടി രൂപയും അനുവദിച്ചു. ഇക്കാര്യത്തിൽ പ്രതീക്ഷക്കനുസരിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മാസ്റ്റർപ്ലാനിലെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 25 കോടി രൂപ കൂടി ഈ വർഷം ഉൾക്കൊള്ളിക്കുന്നു.

398. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 'സീറോ വേസ്റ്റ് ശബരിമല' പദ്ധതി മൂലം ശബരിമലയിലെ മാലിന്യനിർമ്മാർജ്ജനം ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിഞ്ഞു. ഇതിനായി 5 കോടി രൂപയും അനുവദിച്ചു. ഈ പദ്ധതിക്കുവേണ്ടി ഈ വർഷവും 5 കോടി രൂപ നീക്കിവയ്ക്കുന്നതാണ്.

399. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ കാവുകൾക്കും, കുളങ്ങൾക്കും വലിയ പ്രാധാന്യമാണുള്ളത്. ഇത് കണക്കിലെടുത്താണ് ഈ പദ്ധതിക്കായി 5 കോടി രൂപ 2011-12-ലെ ബഡ്ജറ്റിൽ അനുവദിച്ചത്. ഈ പദ്ധതി തുടരുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. അതിനായി 5 കോടി രൂപ വകയിരുത്തുന്നു.

400. ചിരപുരാതനവും ശ്രേഷ്ഠവുമായ കണിച്ചുകുളങ്ങര ക്ഷേത്രത്തിൽ ചിക്കര വഴിപാട് സുഗമമായി നടത്തുന്നതിനുവേണ്ടി ഒരു മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുവാൻ 1.5 കോടി രൂപ വകയിരുത്തുന്നു.

**ഭക്ഷ്യവും പൊതുവിതരണവും**

**401.** സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തിൽ സമഗ്രമായ ഒരു മാറ്റത്തിന്റെ തുടക്കം കുറിക്കുകയാണ്. ഭക്ഷ്യധാന്യം എഫ്.സി.ഐ ഡിപ്പോയിൽ നിന്നു ഏറ്റെടുക്കുന്നതു മുതൽ റേഷൻകാർഡുടമകൾക്ക് നൽകുന്നതുവരെയുള്ള പ്രക്രിയ കമ്പ്യൂട്ടർവത്കരിക്കുന്നു. ആധാറുമായി കൂട്ടിയിണക്കി റേഷൻ കാർഡുകളുടെ ഒരു ഡിജിറ്റൽ ഡേറ്റാബേസ്, കമ്പ്യൂട്ടർവത്കൃത സപ്ലൈ ചെയിൻ മാനേജ്മെന്റ്, സുതാര്യമായ പരാതി പരിഹാര സംവിധാനം എന്നിവയുൾപ്പെട്ട ഈ പദ്ധതിയ്ക്കായി 50 കോടി രൂപ അധികം നീക്കിവെക്കുന്നു.

**402.** 2009-ൽ നടത്തിയ സർവ്വെയിൽ 32 ലക്ഷത്തോളം ബി.പി.എൽ കുടുംബങ്ങളെ കണ്ടെത്തിയിരുന്നെങ്കിലും 21 ലക്ഷത്തോളംകുടുംബങ്ങൾക്ക് മാത്രമാണ് ബി.പി.എൽ/എ.എ.വൈ റേഷൻ കാർഡുകൾ നൽകിയിരുന്നത്. ഈ ലിസ്റ്റിൽപ്പെട്ട എല്ലാപേർക്കും നാലുമാസത്തേയ്ക്ക് ബി.പി.എൽ നിരക്കിൽ റേഷൻ നൽകുന്നതിന് സംസ്ഥാന സർക്കാർ നടപടി എടുത്തിരുന്നു. ഈ പദ്ധതി കേന്ദ്ര സഹായത്തോടെ തുടർന്നും നടപ്പിലാക്കുന്നതാണ്.

**403.** സപ്ലൈകോ വില്പനശാലകളോടൊപ്പം ന്യായവിലഷോപ്പുകൾ അനുവദിക്കുന്നതാണ്. പ്രാരംഭമായി ഈ വർഷം ഓരോ നിയോജകമണ്ഡലത്തിലും ഓരോ മാവേലി റേഷൻകട തുടങ്ങുന്നതാണ്. കൂടാതെ, ഈ വർഷം 50 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതാണ്.

**404.** സർക്കാരിന്റെ ശക്തമായ കമ്പോള ഇടപെടലുകൾ മൂലം അവശ്യസാധനങ്ങളുടെ വിലവർദ്ധനവിന് തടയിടാൻ കഴിഞ്ഞിരുന്നു. ഇതിനായി ഈ വർഷം 205 കോടി രൂപ സർക്കാർ ചിലവഴിക്കുകയുണ്ടായി. അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി നൽകുന്ന പദ്ധതി തുടരും. സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ സംസ്ഥാനത്തുടനീളം ലഭ്യമാക്കുന്നതിനും ഇതിനുവേണ്ട വിഭവസമാഹരണ

ത്തിനായി സബ്സിഡിയേതര സാധനങ്ങളുടെ വിപണനം വികസിപ്പിക്കുന്നതിനും വേണ്ടി ശാസ്ത്രീയമായ ഒരു ബിസിനസ്സ് ഡെവലപ്മെന്റ് പ്ലാൻ സപ്ലൈകോ ആവിഷ്കരിച്ചു നടപ്പിലാക്കും. സബ്സിഡി ഇനത്തിൽ സപ്ലൈകോയ്ക്ക് പിൻതുണ നല്കുന്നതിന് 100 കോടി രൂപ വകയിരുത്തുന്നു.

**രജിസ്ട്രേഷൻ**

**405.** രജിസ്ട്രേഷൻ വകുപ്പിനെ കൂടുതൽ ജനോപകാരപ്രദമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച വിവിധ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി രജിസ്ട്രേഷന് ഹാജരാക്കുന്ന ആധാരങ്ങൾക്ക് ഏകീകൃത രൂപവും നിലവാരവും കൊണ്ടുവരുന്നതാണ്.

**406.** 2012-13-ൽ തുടക്കം കുറിച്ച ഓൺലൈൻ പദ്ധതിയിലുൾപ്പെടുന്ന തിരുവനന്തപുരം ജില്ലയിലെ 10 സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധി പുനർ നിർണ്ണയിച്ചുകൊണ്ട് ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്ന സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതാണ്. സബ് രജിസ്ട്രാർ ഓഫീസിൽ പരിപാലിച്ചു വരുന്ന ആധാരപ്പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്ന പദ്ധതി കൂടുതൽ സബ് രജിസ്ട്രാർ ഓഫീസുകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്.

**407.** ഇന്റർനെറ്റ് അധിഷ്ഠിത സേവന പ്രദാനത്തിലേക്ക് സബ് രജിസ്ട്രാർ ഓഫീസുകളെ സജ്ജമാക്കുന്നതിന്റെ ഭാഗമായി എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കണക്റ്റിവിറ്റി സൗകര്യം ഏർപ്പെടുത്തുന്നതാണ്. ഇതിനായി 125 ലക്ഷം രൂപ അധികമായി വകയിരുത്തുന്നു.

**408.** കേരളത്തിലെ സൊസൈറ്റികളുടെ രജിസ്ട്രേഷൻ പ്രക്രിയ കൂടുതൽ സുഗമമാക്കുന്നതിന് സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള തിരുവിതാംകൂർ-കൊച്ചി ശാസ്ത്ര സംഘങ്ങളുടെ രജിസ്ട്രേഷൻ നിയമവും ഇൻഡ്യൻ സൊസൈറ്റി രജിസ്ട്രേഷൻ നിയമവും ഏകീകരിക്കുന്നതാണ്.

സംസ്ഥാനത്ത് വ്യാജ ചിട്ടികൾ നിയന്ത്രിക്കുന്നതിനായി ശക്തമായ പരിശോധന സമ്പ്രദായം ഏർപ്പെടുത്തുന്നതാണ്. ഇതിനായി ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിക്കും.

**409.** ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം കേരളത്തിൽ ഈ വർഷം നടപ്പിലാക്കുന്നതാണ്.

**എക്സൈസ്**

**410.** കേരളീയ സമൂഹത്തിൽ വ്യാപകമാകുന്ന കടുത്ത മദ്യാസക്തിയും അതിൽ നിന്നും ഉടലെടുക്കുന്ന ഗുരുതരമായ സാമൂഹ്യ പ്രത്യാഘാതങ്ങളും കണക്കിലെടുത്തുകൊണ്ട് സമഗ്രമായ മദ്യവിരുദ്ധ ബോധവത്ക്കരണ പരിപാടികൾക്ക് ഈ സർക്കാർ രൂപം നൽകുകയുണ്ടായി. സംസ്ഥാനത്തെ ആയിരത്തോളം സ്കൂളുകളിൽ ഇതിനകം തന്നെ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കുടുംബശ്രീ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം എന്നീ സംഘടനകളുമായി കൈകോർത്തുകൊണ്ട് മദ്യാസക്തിക്കെതിരെ നടപ്പാക്കുന്ന മദ്യവിമുക്ത കേരളം എന്ന പദ്ധതിയ്ക്ക് 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

**411.** ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലൂടെ ശുദ്ധമായ മദ്യം വിതരണം ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായും മദ്യത്തിന്റെ സാമ്പിൾ ശേഖരിച്ച് രാസ പരിശോധനാഫലം ഉടനടി ലഭ്യമാക്കുന്നതിനും രണ്ട് മൊബൈൽ രാസപരിശോധനാ ലാബുകൾ കൂടി ഏർപ്പെടുത്തും. ഇതിനായി 70 ലക്ഷം രൂപ വകയിരുത്തുന്നതാണ്.

**412.** വാർത്താവിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, കാസറഗോഡ്, ജില്ലകളിൽ കൂടി വയർലെസ് സംവിധാനം ഏർപ്പെടുത്തുന്ന തായിരിക്കും. ഇതിനായി ഒരു കോടി രൂപ വകയിരുത്തുന്നതാണ്.

**പൊതുഭരണം**

413. നിലവിലുള്ള ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം യുവജനങ്ങളുടെ വികാരം മാനിച്ച് വർദ്ധിപ്പിക്കുന്നതല്ല. എന്നാൽ, 2013 ഏപ്രിൽ 1 മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന യുവജനങ്ങളുടെ കാര്യത്തിൽ, ദേശീയ പെൻഷൻ പദ്ധതിയിൽ വിഭാവനം ചെയ്യുന്നതുപോലെ, പെൻഷൻ പ്രായം 60 ആക്കി ഉയർത്തി നിശ്ചയിക്കുന്നു. നിലവിലുള്ള ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്താത്തതുമൂലം ഈ നടപടി യുവജനതാത്പര്യങ്ങളെ ഒരുതരത്തിലും ബാധിക്കുകയില്ലെന്നുമാത്രമല്ല, ഭാവിയിൽ അവർക്ക് ഗുണകരവുമാണ്.

**പ്രവാസിക്ഷേമം**

414. ഏതാണ്ട് 30 ലക്ഷത്തോളം മലയാളികൾ ഗൾഫ് രാജ്യങ്ങളിൽ മാത്രം ഉണ്ടെന്നാണ് ചില പഠനങ്ങൾ തെളിയിക്കുന്നത്. നമ്മുടെ സമ്പദ്ഘടനയെ സുസ്ഥിരമാക്കാൻ ഗണ്യമായ പങ്ക് വഹിക്കുന്ന പ്രവാസി മലയാളികളുടെ ക്ഷേമകാര്യങ്ങൾക്ക് മുൻഗണന നൽകുന്ന വിവിധ പരിപാടികളാണ് ഗവണ്മെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ചെറിയ വകുപ്പുകൾക്ക്പോലും ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായം നൽകാൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ചെന്നൈ, ബാംഗ്ലൂർ, മുംബൈ, ഡൽഹി എന്നിവിടങ്ങളിൽ നോർക്ക ഓഫീസുകൾ തുറന്ന് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. മറ്റ് പ്രധാനപ്പെട്ട സംസ്ഥാനങ്ങളിലും മലയാളി സംഘടനകളുടെ സഹായത്തോടെ ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

415. വിദേശ മലയാളികളുമായി സത്വരബന്ധം സ്ഥാപിക്കുന്നതിന് നിലവിലുള്ള നോർക്ക കാളിംഗ് സെന്ററുമായി ബന്ധപ്പെടുത്തിക്കൊണ്ട് നോർക്ക ബിസിനസ് സഹായക കേന്ദ്രങ്ങളുടെ പ്രോത്സാഹനത്തിനായി ഒരുകോടി രൂപ വകയിരുത്തുന്നു.

## വിഭവ സമാഹരണം

### രജിസ്ട്രേഷൻ

416. രജിസ്ട്രേഷൻ വകുപ്പിൽ കെട്ടിക്കിടക്കുന്ന അണ്ടർവാലേഷൻ കേസുകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിനായി നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിക്കുന്നതാണ്.

417. ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ട് പ്രകാരമുള്ള വിവിധ സേവനങ്ങൾക്കായുള്ള ഫീസ് നിരക്കുകൾ വർദ്ധിപ്പിക്കുന്നതിന് ഒരു ബിൽ നിയമസഭയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ബിൽ ഈ സമ്മേളനത്തിൽ പാസ്സാക്കുവാൻ നടപടി സ്വീകരിക്കും. പാർട്ട്ണർഷിപ്പ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള പാർട്ട്ണർഷിപ്പ് (രജിസ്ട്രേഷൻ ഓഫ് ഫേംസ്) റൂൾസിലെ വിവിധ നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കും. ഇതു കൂടാതെ ഓരോ രജിസ്ട്രേഷനും നിലവിലുള്ള നിരക്കിനു പുറമെ 500 രൂപ സർവ്വീസ് ചാർജ്ജ് ഈടാക്കി കൊണ്ട് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ രൂപത്തിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

418. ചിട്ടി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഫീസ് നിരക്കുകൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതാണ്.

419. രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നൽകുന്ന സേവനങ്ങളുടെ ഫീസ് നിരക്കുകൾ കാലോചിതമായും യുക്തിസഹമായും പരിഷ്കരിക്കുന്നതാണ്.

420. ഓഹരി മേഖലയിൽ മുദ്രവിലയിനത്തിലുള്ള വെട്ടിപ്പ് തടയുന്നതിനായി കൈമാറ്റം ചെയ്യപ്പെടുന്ന ഓഹരി മൂലധനത്തിന്റെ അടിസ്ഥാനത്തിൽ മുദ്രവില ഈടാക്കുന്നതിനും അതുപോലെ വർഷങ്ങളായി സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിക്കാതിരുന്ന ആധാരങ്ങളുടെ കാര്യത്തിൽ അതായത്

സമ്മതാധാരം 500 രൂപയായും ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ ഓഫ് കമ്പനി 10,000 രൂപയായും റദ്ദാക്കൽ കരണം 500 രൂപയായും ആർട്ടിക്കിൾ 23(i), 23(ii) ലെ പകർപ്പോ സംക്ഷേപമോ യഥാക്രമം 20 രൂപയും 50 രൂപയുമായും ആർട്ടിക്കിൾ 40(ബി)(i), 40(ബി)(ii), 40(സി), 40(ഡി) എന്നിവയിലെ പരമാവധി മുദ്രവില ഒഴിവാക്കിയും കൂട്ടുകച്ചവടാധാരത്തിന് 5,000 രൂപയും കൂട്ടുകച്ചവടം പിരിയുന്നതിനുള്ള ആധാരത്തിന് 1,000 രൂപയും ധനനിശ്ചയം റദ്ദ് ചെയ്യുന്നതിന് 500 രൂപയും പാട്ട ഒഴുമുറിക്ക് 250 രൂപയുമായും മുദ്രവില പുതുക്കുന്നതാണ്. 31-ാം വകുപ്പിലെ തർക്കപരിഹാര ഫീസ് 50 രൂപയായി വർദ്ധിപ്പിക്കാനും 34, 39 വകുപ്പുകളിൽ പറയുന്ന പിഴ ഇരട്ടിയായി വർദ്ധിപ്പിക്കാനും ഫെയർവാല്യു അന്തിമമായി പ്രസിദ്ധീകരിച്ച സ്ഥിതിക്ക് അത് നടപ്പിലാക്കുന്നതിലേക്ക് 28, 29 വകുപ്പുകൾക്ക് ആവശ്യമായ ഭേദഗതി വരുത്തുന്നതുമാണ്.

**421.** ഭൂവില അമിതമായി വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്ന ചില പ്രവണതകൾ റിയൽ എസ്റ്റേറ്റ് മേഖലയിൽ വളർന്നു വരുന്നതായി കാണുന്നു. ഇത് നിയന്ത്രിക്കുന്നതിന് വേണ്ടി ചില നടപടികൾ ആവശ്യമാണെന്ന് ഞാൻ കരുതുന്നു. ഭൂമി വാങ്ങി മറിച്ചു വിൽക്കുന്ന വിവിധ ഘട്ടങ്ങളിൽ വർദ്ധിത സ്റ്റാമ്പ് ഡ്യൂട്ടി ചുമത്തുക എന്നുള്ളത് ഈ സാഹചര്യത്തിൽ ആവശ്യമാണ്. അതിന്റെ ഭാഗമായി വാങ്ങിയ ഭൂമി 3 മാസത്തിനകം മറിച്ച് വിൽക്കുന്ന ഘട്ടങ്ങളിൽ ആദ്യ പ്രമാണം രജിസ്റ്റർ ചെയ്യുന്ന സന്ദർഭത്തിൽ ഈടാക്കിയ മുദ്രവിലയുടെ ഇരട്ടി മുദ്രവില ഈടാക്കുവാൻ വ്യവസ്ഥ ചെയ്യുന്നതാണ്.

**422.** ഓഹരി കൈമാറ്റത്തിലുള്ള മുദ്രവിലവെട്ടിപ്പ് തടയാനും 1982 ലെ ചിട്ട് ഫണ്ട്സ് ആക്ടിലെയും പ്രൈസ് ചിട്ട്സ് ആന്റ് മണി സർക്കുലേഷൻ സ്കീംസ് (ബാനിംഗ്) ആക്ടിന്റെയും കീഴിൽ വരുന്ന എല്ലാ സാമ്പത്തിക കുറ്റങ്ങൾക്കും നടപടി സ്വീകരിക്കുന്നതിനും ചിട്ടി രജിസ്ട്രേഷന്റെ റവന്യൂ നഷ്ടം തടയുന്നതിനും രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിൽ "എക്കണോമിക് മോണിറ്ററിംഗ് സെൽ" രൂപീകരിക്കുന്നതാണ്.

**423.** 1958ലെ കേരള സ്പെഷ്യൽ മാര്യേജ് റൂൾസിന്റെ കീഴിൽ വിവിധ സേവനങ്ങൾക്കുള്ള ഫീസ് കാലോചിതമായി വർദ്ധിപ്പിക്കുന്നതാണ്.

**424.** 1955ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റിന്റെ കീഴിൽ വിവിധ ആവശ്യങ്ങൾക്കുള്ള ഫീസ് നിരക്കുകൾ പരിഷ്കരിക്കുന്നതാണ്. ഇതോടൊപ്പം 1860ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റിനും ഭേദഗതി കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**425.** സംസ്ഥാനത്ത് ഫെയർ വാല്യു പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ നിലവിലുള്ള സ്റ്റാമ്പു ഡ്യൂട്ടി നിരക്കുകളിൽ ഇളവു നല്കേണ്ടത് ആവശ്യമാണെന്നു ഞാൻ കരുതുന്നു. അതിനാൽ പ്രസ്തുതനിരക്കുകൾ നിലവിലുള്ളതിൽ നിന്നും രണ്ട് ശതമാനം കുറയ്ക്കുന്നു.

**426.** കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടത്തുന്ന ഭൂമിയിടപാടുകൾക്കും ഫ്ളാറ്റ് കച്ചവടങ്ങൾക്കും മുദ്രവിലയുടെ 50% ഇളവ് നല്കുന്നതാണ്.

**427.** മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ ഫലമായി ഉദ്ദേശം 200 കോടി രൂപയുടെ അധികവരുമാനവും 200 കോടി രൂപയുടെ ഇളവും പ്രതീക്ഷിക്കുന്നു.

**വാണിജ്യനികുതി**

**428.** ചരക്കുസേവനനികുതി ആസന്നമായ സാഹചര്യത്തിൽ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാ പ്രദേശ്, പുതുച്ചേരി തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ അവശ്യവസ്തുക്കൾ, വ്യാവസായിക ഇൻപുട്ടുകൾ എന്നിവ ഒഴികെയുള്ള മറ്റു സാധനങ്ങളുടെ നികുതി നിരക്ക് 13.5 ശതമാനത്തിൽ നിന്നും 14.5 ശതമാനമായി ഉയർത്തിക്കഴിഞ്ഞു. വിവിധ സാമൂഹ്യക്ഷേമപദ്ധതികളും വികസനപരിപാടികളും നടപ്പിലാക്കുവാൻ സർക്കാരിന് അധിക തുക ആവശ്യമാണ്. 13.5 ശതമാനം നികുതി നിരക്ക് ബാധകമായിട്ടുള്ള ചരക്കുകൾ മുഖ്യമായും ആഡംബര വസ്തുക്കൾ,

വാഹനങ്ങൾ, വൈറ്റ് ഗുഡ്സ്, മറ്റു ഉപഭോക്തൃ ഉത്പന്നങ്ങൾ മുതലായവയാണ്. ഇവയുടെ മേൽ ഉള്ള നികുതിനിരക്കിൽ വർദ്ധനവ് വരുത്തിയാൽ അവശ്യസാധനങ്ങളുടെ വില നിലവാരത്തെ ബാധിക്കുന്നതല്ല. അതിനാൽ ഇത്തരം വസ്തുക്കളുടെ നികുതിനിരക്ക് നിലവിലെ 13.5 ശതമാനത്തിൽ നിന്നും 14.5 ശതമാനമായി ഉയർത്തുന്നു. ഇപ്രകാരം ചെയ്യുമ്പോൾ ദക്ഷിണേന്ത്യയിലെ നികുതി നിരക്കുകൾ ഏകീകൃത മാകുന്നതിനാൽ വ്യാപാരവ്യതിചലനത്താലുള്ള നികുതി നഷ്ടത്തിന് സാദ്ധ്യതയില്ല. രാജ്യത്ത് ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ വരുമാനതാൽപര്യങ്ങൾക്ക് ഇത് ഗുണകരമാവുകയും ചെയ്യും. നമ്മുടെ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി ഇത്തരം ഒരു വർദ്ധനവ് ശുപാർശ ചെയ്തിട്ടുണ്ട്.

429. സാധാരണക്കാരനെ ഈ നടപടി ഒരുരീതിയിലും ബാധിക്കരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. അതിനാൽ സാധാരണക്കാരൻ ഉപയോഗിക്കുന്ന അരിയും സമാന ഉത്പന്നങ്ങളായ പൊടിയരി, അവൽ, മലർ, പൊരി മുതലായവയെ ഞാൻ നികുതിവിമുക്തമാക്കുന്നു. തമിഴ്നാടും കർണ്ണാടകവുമുൾപ്പെടെയുള്ള ഒട്ടേറെ സംസ്ഥാനങ്ങളിൽ അരി നികുതിവിമുക്തമാണ്. കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ധാന്യപ്പൊടി, മൈദ, ഭക്ഷ്യഎണ്ണകൾ, പയർവർഗ്ഗങ്ങൾ മുതലായവയുടെ നികുതിനിരക്ക് 4-ൽ നിന്നും ഒരു ശതമാനമായിക്കുറച്ച നയത്തിന്റെ തുടർനടപടിയാണിത്. ചരക്കുസേവന നികുതി സംവിധാനത്തിലെ നികുതിഘടനയിൽ അവശ്യവസ്തുക്കൾ നികുതി വിമുക്ത മാക്കണമെന്നുള്ള അഭിപ്രായത്തിന് സ്വീകാര്യത ലഭിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ഈ നടപടി യുക്തിസഹമാണ്. അരി മുതലായവ നികുതി വിമുക്തമാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാനനഷ്ടം തട്ടിക്കഴിച്ചതിന് ശേഷം മേൽനടപടികളിലൂടെ 650 കോടി രൂപയുടെ അധിക വിഭവ സമാഹരണം പ്രതീക്ഷിക്കുന്നു.

430. പുകവലി മൂലം ഉണ്ടാകാവുന്ന ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുത്ത് ബീഡി ഒഴികെയുള്ള സിഗററ്റിന്റേയും സമാന ഉത്പന്നങ്ങളുടേയും

നികുതിനിരക്ക് കഴിഞ്ഞ വർഷം 15 ശതമാനമായി ഉയർത്തിയിരുന്നു. തമിഴ്നാട്ടിൽ 20 ശതമാനവും കർണ്ണാടകത്തിൽ 17 ശതമാനവുമാണ് സിഗററ്റിന്മേലുള്ള നികുതി. പുകവലിയുടെ ദൂഷ്യഫലങ്ങളെപ്പറ്റിയും അത് സമൂഹത്തിന്മേൽ അടിച്ചേൽപിക്കുന്ന ഭാരത്തേപ്പറ്റിയും നമ്മൾക്കേവർക്കും അറിവുള്ളതാണ്. ഇത് ബീഡി ഒഴികെയുള്ള സിഗററ്റിന്റേയും സമാനഉത്പന്നങ്ങളുടേയും നികുതി നിരക്ക് നിലവിലെ 15 ശതമാനത്തിൽ നിന്നും 20 ശതമാനമായി ഉയർത്തുവാൻ എന്നെ നിർബന്ധിതനാക്കുന്നു. ഇതിൽ നിന്നും 120 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**431.** സംസ്ഥാനത്തിലെ സിഗററ്റ് വ്യാപാരത്തിൽ അവസാന പോയിന്റിലെ വിൽപന നടത്തുന്നത് രണ്ടാംനിരക്കാരും, മറ്റ് ചെറിയ കച്ചവടക്കാരുമാണ്. ഇവരെ നികുതി സംവിധാനത്തിന്റെ സങ്കീർണ്ണതകളിൽ നിന്ന് ഒഴിവാക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നു. അതിനാൽ, സംസ്ഥാനത്ത് ബീഡി ഒഴികെയുള്ള സിഗററ്റിന്റേയും സമാന ഉത്പന്നങ്ങളുടേയും നിർമ്മാതാക്കൾക്കും ആദ്യവിൽപനക്കാർക്കും എം.ആർ.പി. ക്കുമേൽ നികുതി ഒടുക്കുവാൻ ഓപ്ഷൻ നൽകുന്നതാണ്; തുടർ വിൽപനകൾ നികുതിവിമുക്തമായിരിക്കുകയും അതേസമയം തന്നെ സർക്കാരിന് നികുതി നഷ്ടം ഉണ്ടാകാതിരിക്കുകയും ചെയ്യും.

**432.** ബീയർ, വൈൻ എന്നിവ ഒഴികെയുള്ള വിദേശമദ്യത്തിന്റെ നികുതി നിരക്ക് 100 ശതമാനത്തിൽ നിന്നും 105 ശതമാനമായി ഉയർത്തുവാനുദ്ദേശിക്കുന്നു. ഈ നടപടിയിലൂടെ 250 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

**433.** പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതിനിയമപ്രകാരം സാധാരണ നറുക്കെടുപ്പിന് 25 ലക്ഷം രൂപയും ബമ്പർ നറുക്കെടുപ്പിന് 50 ലക്ഷം രൂപയുമാണ് നികുതി. ഇവ യഥാക്രമം 30 ലക്ഷം രൂപയും 60 ലക്ഷം രൂപയുമായി ഉയർത്തുന്നു. 16 കോടി രൂപയുടെ അധികനികുതിവരുമാനം ഇതിൽ നിന്നും പ്രതീക്ഷിക്കുന്നു.

434. പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ അമിതമായ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനുവേണ്ടി കഴിഞ്ഞവർഷം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നികുതി നിരക്ക് 20 ശതമാനമായി ഉയർത്തിയിരുന്നു. എന്നാൽ അതിനായി വരുത്തിയ നിയമഭേദഗതിയിൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ എൻട്രിയിൽ ചില അപാകതകൾ ഉണ്ടായിട്ടുണ്ട്. സെൽഫ് ക്യാരിയിംഗ് സവിശേഷതകളുള്ള ബനിയൻ കട്ട് (vest type) ആയ പ്ലാസ്റ്റിക് ക്യാരിബാഗുകൾക്കു മാത്രമേ ഉയർന്ന നികുതിനിരക്കായ 20 ശതമാനം ബാധകമായിരിക്കുകയുള്ളൂവെന്ന് സ്പഷ്ടമാക്കുന്നു. ഇതേരീതിയിൽ, പ്ലാസ്റ്റിക് നിർമ്മിതമായ ഡിസ്പോസിബിൾ കപ്പുകൾ, പ്ലേറ്റുകൾ, ഇലകൾ, പോളി പ്രൊപ്പിലീൻ ക്യാരിബാഗുകൾ എന്നിവയുടെ നികുതി നിരക്ക് 20 ശതമാനമായി ഉയർത്തുവാനുദ്ദേശിക്കുന്നു. ഈ നടപടിയിലൂടെ 25 ലക്ഷം രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ജൈവവിഘടനത്തിന് വിധേയമാകാത്ത ഇത്തരം വസ്തുക്കളുടെ ദൂഷ്യഫലങ്ങളിൽ നിന്നും നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കുവാനും ഇത് ഉപകരിക്കും.

435. മാനുഫാക്ചേർഡ് സാന്റിന് നിലവിൽ 5 ശതമാനം ആണ് നികുതി. ഈ മേഖലയിൽ കോമ്പൗണ്ടിംഗ് സ്കീം നിലവിലില്ല. ക്രഷർ യൂണിറ്റുകളുടേത് പോലെ അനുയോജ്യമായ ഒരു കോമ്പൗണ്ടിംഗ് സ്കീം ആവശ്യപ്പെട്ടു കൊണ്ട് നിരവധി അഭ്യർത്ഥനകൾ ഇത്തരം യൂണിറ്റുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. മാനുഫാക്ചേർഡ് സാന്റിന് മേൽപ്പറഞ്ഞ രീതിയിൽ ഒരു കോമ്പൗണ്ടിംഗ് സ്കീം കൊണ്ടുവരുന്നതിനെപ്പറ്റി പഠിക്കുന്നതിന് വകുപ്പുതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്.

436. പ്രതിവർഷം 5 ലക്ഷം രൂപ ടേൺഓവർ ഉള്ള എല്ലാ ഡീലർമാരും രജിസ്ട്രേഷൻ എടുക്കേണ്ടതും, പത്ത് ലക്ഷം രൂപയിൽ അധികം പ്രതിവർഷ ടേണോവർ ഉള്ളവർ നികുതി ഒടുക്കേണ്ടതുമാണ്. ഉദ്ദേശം 2 ലക്ഷം ഡീലർമാർ മാത്രമേ നിലവിൽ വാണിജ്യനികുതി വകുപ്പിന്റെ രജിസ്ട്രേഷൻ എടുത്തിട്ടുള്ളൂ. ഒട്ടനവധി ഡീലർമാർ നിയമത്തിന് കീഴിൽ ഇനിയും രജിസ്റ്റർ ചെയ്യപ്പെടേണ്ടതുണ്ട് എന്ന വസ്തുതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. ഇക്കണോമിക് സെൻസസ് റിപ്പോർട്ട്,

എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ട്, അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് എന്നിവയും ഈ സ്ഥിതി വിശേഷം എടുത്തുകാട്ടിയിട്ടുണ്ട്. ഇ-ഗവേണൻസ് നിലവിൽ വന്നശേഷം രജിസ്ട്രേഷൻ പ്രക്രിയ വളരെയധികം ലളിതവത്കരിക്ക പ്പെട്ടതിനാൽ ഇത്തരം ഡീലർമാർ നികുതിവലയത്തിന് പുറത്ത് തുടരുന്നതിന് മതിയായ ന്യായീകരണമില്ല. പ്രീ-ബഡ്ജറ്റ് ചർച്ചാവേളയിൽ ചേംബർ ഓഫ് കൊമേഴ്സ്, വ്യാപാര സംഘടനകൾ എന്നിവർ അത്തരം ഡീലർമാരെ നികുതിവലയത്തിൽ കൊണ്ടുവരുന്നതിന് വാണിജ്യനികുതി വകുപ്പിനോട് സഹകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരം ഡീലർമാർ മുഖ്യമായും മൂല്യവർദ്ധിതനികുതി ശൃംഖലയിലെ അവസാന കണ്ണി ആയിരിക്കും. അവർ രജിസ്ട്രേഷൻ എടുക്കാതിരിക്കുന്നതു കാരണം ആ വിൽപനയിന്മേലുള്ള മൂല്യവർദ്ധനവ് നികുതിയിൽ നിന്ന് രക്ഷപ്പെടുന്നു. കൂടാതെ ഇത്തരം ഡീലർമാരെ മൊത്തവ്യാപാരികൾ, അവരുടെ കണക്കിൽപ്പെടാത്ത ചരക്കുകളുടെ വിൽപനയ്ക്കുള്ള മാർഗ്ഗമായി ഉപയോഗിക്കുന്നു എന്ന വസ്തുതയും ഉണ്ട്. നികുതി സ്രോതസ്സുകൾ വിശാലമാക്കുക എന്നതാണ് ഇപ്പോഴത്തെ ആവശ്യം. അതിന് നമ്മുടെ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

**437.** ചെറുകിട ഡീലർമാർക്ക് അനുമാന നികുതി എന്ന ലളിതമായ നികുതി സംവിധാനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷനില്ലാതെ വ്യാപാരം ചെയ്യുന്നത് കണ്ടുപിടിക്കപ്പെട്ടാൽ വലിയ പിഴ ഈടാക്കാവുന്നതാണ് എന്ന അവസ്ഥ ഉണ്ടായിരിക്കേ, ചെറുകിട ഡീലർമാർ ഈ ലളിതവത്കരിക്കപ്പെട്ട സംവിധാനം പ്രയോജനപ്പെടുത്തുന്നില്ല എന്നത് അത്ഭുതമാണ്. അത്തരം കച്ചവടക്കാരെ നികുതിവലയത്തിൽ കൊണ്ടുവരുന്നതിന് ഒരു പദ്ധതി കൊണ്ടുവരുവാൻ ഞാൻ ഉദ്ദേശിക്കുന്നു. 'പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കുള്ള ഒറ്റത്തവണ പ്രോത്സാഹനം' എന്നായിരിക്കും ഈ പദ്ധതിയുടെ പേര്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) ഇത് ഏപ്രിൽ 1, 2013 മുതൽ, സെപ്റ്റംബർ 30, 2013 വരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കും.

(ii) രജിസ്ട്രേഷൻ എടുക്കുവാൻ ബാദ്ധ്യതയുള്ള എല്ലാ ഡീലർമാരും ഈ കാലയളവിൽ സ്വമേധയാ രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതാണ്.

(iii) ഇറക്കുമതിക്കാർ, ഉത്പാദകർ, വർക്സ് കോൺട്രാക്ടർമാർ എന്നിവർക്ക് ഈ പദ്ധതി ബാധകമായിരിക്കുകയില്ല. 01.04.2013 ന് മുമ്പ് ആരംഭിച്ച വകുപ്പ് തല നടപടി നേരിടുന്ന ഡീലർമാർക്കും ഈ പദ്ധതി ബാധകമായിക്കുകയില്ല.

(iv) ഈ കാലയളവിൽ രജിസ്ട്രേഷൻ നടത്തുന്ന ഡീലർമാരുടെ മുൻകാല നികുതിബാദ്ധ്യതയെപ്പറ്റി അന്വേഷണം ഉണ്ടായിരിക്കില്ല; കൂടാതെ, ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന വ്യാപാരികളെ മുൻപുള്ള നികുതിബാദ്ധ്യതയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതാണ്.

436. എല്ലാ വ്യാപാര സംഘടനകളോടും, വ്യാപാരിസമൂഹത്തോടും ഈ സൗകര്യം ഉപയോഗിക്കുന്നതിനും, സംസ്ഥാനത്തിന്റെ താൽപര്യത്തിനായി വകുപ്പുമായി സഹകരിക്കുവാനും ഞാൻ പ്രത്യേകിച്ച് അഭ്യർത്ഥിക്കുന്നു. നിയമാനുസൃതം രജിസ്ട്രേഷൻ ബാദ്ധ്യതയുണ്ടെങ്കിലും, ബോധപൂർവം രജിസ്ട്രേഷൻ എടുക്കാതിരിക്കുന്ന വ്യാപാരികളെ കണ്ടെത്തുന്നതിന് പദ്ധതിയുടെ കാലയളവിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഭക്ഷ്യസുരക്ഷാവകുപ്പ്, ഖനന ജിയോളജി വകുപ്പ്, വ്യവസായ വകുപ്പ്, ആദായനികുതി വകുപ്പ് തുടങ്ങിയവരുടെ പക്കലുള്ള വിവരങ്ങൾ പ്രയോജനപ്പെടുത്തി വാണിജ്യനികുതി വകുപ്പ് എല്ലാ വിഭവശേഷിയും ഉപയോഗിച്ച് ഒരു തീവ്രയജ്ഞം നടത്തുന്നതാണ്. ഇങ്ങനെ വീഴ്ചവരുത്തുന്നവർക്കെതിരേ നടപടി സ്വീകരിക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ല എന്ന് പ്രസ്താവിക്കുവാൻ ഞാൻ നിർബന്ധിത നാണ്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനും, കാര്യക്ഷമമായ മേൽനോട്ടത്തിനും വേണ്ടി അഡീഷണൽ സ്ക്വാഡുകൾ രൂപീകരിക്കൽ,

വാഹനങ്ങൾ വാടകയ്ക്ക് എടുക്കൽ, ബോധവത്കരണ ക്യാമ്പെയിനുകൾ മുതലായവയ്ക്ക് സർക്കാർ ആവശ്യമായ എല്ലാ വിഭവങ്ങളും നൽകും. അതിലേക്കായി 5 കോടി രൂപ വകയിരുത്തുന്നു. പ്രസ്തുത നടപടിയിൽ നിന്നും 50 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

437. മണിലെൻഡർമാരുടെ നിയന്ത്രണനിർവഹണം, ലൈസൻസ് നൽകൽ എന്നിവ മണി ലെൻഡേഴ്സ് ആക്ട് പ്രകാരമാണ് നടപ്പിലാക്കുന്നത്. ഭരണനിർവഹണ ചെലവുകളിലുണ്ടായിട്ടുള്ള വർദ്ധനവ്, മണിലെൻഡർമാർക്ക് നൽകുന്ന വിവിധ ഇലക്ട്രോണിക് സർവീസുകൾ എന്നിവ പരിഗണിച്ച് വാർഷിക ലൈസൻസ് ഫീസ് നിലവിലെ 3000 രൂപയിൽ നിന്നും 10000 രൂപയായി ഉയർത്തുവാനുദ്ദേശിക്കുന്നു. 8 ലക്ഷം രൂപയുടെ അധികവരുമാനം ഇതിൽ നിന്നും പ്രതീക്ഷിക്കുന്നു.

## ഇളവുകൾ

438. വ്യാപാരമേഖലയുടെ അഭ്യർത്ഥന മാനിച്ച് വിവിധ കാരണങ്ങളാൽ മുൻ സ്കീമിന്റെ ആനുകൂല്യങ്ങൾ നേടുവാൻ കഴിയാതിരുന്ന ഡീലർമാർക്കുവേണ്ടി 2013-ൽ ഒരു പുതിയ ആംനസ്റ്റി സ്കീം നടപ്പിലാക്കുന്നു. കേരളാ പൊതുവിൽപന നികുതി നിയമത്തിന്റെ 23ബി വകുപ്പിൽ നിലവിലുള്ള വ്യവസ്ഥകൾക്കു വിധേയമായി, 31.3.2005 വരെയുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുവാനായി കുടിശ്ശികക്കാർക്ക് ഈ സ്കീം പ്രയോജനപ്പെടുത്താവുന്നതാണ്. ഈ പദ്ധതി പ്രകാരം കുടിശ്ശികകൾ 31-12-2013-ന് മുമ്പ് ഒടുക്കേണ്ടതാണ്. ഇത്തരം കുടിശ്ശികകൾ എന്നെന്നേക്കു മായി തീർപ്പാക്കുക എന്നതാണ് സർക്കാരിന്റെ ഉദ്ദേശം. ആയതിനാൽ ആംനസ്റ്റി സ്കീമിന്റെ പരിധിയിൽ തീർപ്പാക്കുന്നതിനുവേണ്ടി കൊണ്ടു വരുന്ന കുടിശ്ശികയെ സംബന്ധിച്ച് കോടതികൾ, മറ്റ് അപ്പീൽ അധികാരികൾ എന്നിവരുടെ മുമ്പാകെ ഏതെങ്കിലും കേസുകൾ ഉണ്ടെങ്കിൽ അവ പിൻവലിക്കേണ്ടതും, ആംനസ്റ്റി സ്കീം പ്രകാരം തീർപ്പാക്കിയശേഷം ഇതേ വിഷയം ഏതെങ്കിലും അപ്പലേറ്റ് അധികാരികളുടേയോ കോടതികളുടേയോ മുമ്പിൽ

കൊണ്ടുവരുന്നതിനുള്ള അവകാശം ഡീലർക്ക് ഉണ്ടായിരിക്കുന്നതല്ല എന്നും സ്പഷ്ടമാക്കുന്നതാണ്.

**439.** സംസ്ഥാനത്തിനകത്ത് വാറ്റ് നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ, ചിലതരം റബ്ബറുകൾക്ക് അന്തർസംസ്ഥാന വിൽപനയ്ക്ക് 2008 മുതൽ നികുതി ഒഴിവ് നൽകിയിരുന്നു. എന്നാൽ 2011-ൽ, ചില വ്യാപാര സംഘടനകളുടെ അപേക്ഷ അനുസരിച്ച് റബ്ബർ ലാറ്റക്സിനെയും centrifuged latex നെയും ഇതിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി. ഇതിനനുസൃതമായി ഇറങ്ങിയ വിജ്ഞാപനത്തിൽ അന്തർസംസ്ഥാന വിൽപന രജിസ്റ്റേർഡ് വ്യാപാരിക്കു മാത്രമാണെങ്കിലേ നികുതി ഒഴിവ് ലഭിക്കുകയുള്ളൂ എന്ന് വ്യക്ത മാക്കിയിരുന്നു. എന്നാൽ ഈ വിജ്ഞാപനം തെറ്റായി വ്യാഖ്യാനം ചെയ്ത് ചില നികുതിനിർണ്ണയ അധികാരികൾ രജിസ്റ്റേർഡ് വ്യാപാരിക്കുള്ള അന്തർസംസ്ഥാന വിൽപനയ്ക്കും നികുതി ഒഴിവ് നിഷേധിക്കുന്ന സാഹചര്യമുണ്ടായി. ഇതു ശരിയല്ലെന്ന് വ്യക്തമാക്കുന്നതാണ്. 2008 വിജ്ഞാപന കാലയളവിലെ രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരിക്കുള്ള അന്തർസംസ്ഥാന വിൽപനയ്ക്ക് കേന്ദ്ര വിൽപനനികുതി പ്രകാരം നികുതി ഈടാക്കേണ്ടതാണെന്നും മൂല്യവർദ്ധിതനികുതി പ്രകാരമുള്ള ഇൻപുട്ട് ടാക്സ് നികുതി ക്രഡിറ്റ് നൽകേണ്ടതുമാണ്. 2008 വിജ്ഞാപനമനുസരിച്ച് ഉത്തമവിശ്വാസപ്രകാരം പ്രവർത്തിച്ചവർക്കെതിരെ പിഴനടപടികൾ ഒഴിവാക്കുമെന്നും വ്യക്തമാക്കുന്നു.

**440.** ഇന്ത്യയിൽ ഏലത്തിന്റെ ഏറ്റവും പ്രധാന ഉൽപാദനം കേരളത്തിലാണെങ്കിലും ഇതിന്റെ വ്യാപാരം പ്രധാനമായും സ്പൈസസ് ബോർഡിന്റെ ലേല കേന്ദ്രത്തിലൂടെ അന്തർസംസ്ഥാനമായാണ് നടക്കുന്നത്. ഇപ്പോഴത്തെ നികുതിഘടന അന്യസംസ്ഥാന വ്യാപാരികൾക്ക് അനർഹമായ ആനുകൂല്യം നൽകുന്നു എന്നാണ് കേരള വ്യാപാരികളുടെ ദീർഘകാല പരാതി. കേരള വ്യാപാരിക്ക് 5 ശതമാനം വാറ്റ് നികുതിയും അന്തർ സംസ്ഥാന വിൽപനക്ക് 2 ശതമാനം സി.എസ്.ടി-യും കൊടുക്കേണ്ടി വരുമ്പോൾ അന്യസംസ്ഥാന വ്യാപാരികൾക്ക് 2 ശതമാനം സി.എസ്.ടി. മാത്രം നൽകിയാൽ മതിയാകും. അടച്ച വാറ്റ് നികുതിക്ക്

റീഫണ്ടു കിട്ടുവാൻ കേരള വ്യാപാരികൾക്ക് അർഹതയുണ്ടെങ്കിലും അത് അടുത്തവർഷം മാത്രമേ കിട്ടുന്നുള്ളൂ. ലേല കേന്ദ്രത്തിൽ നിന്ന് ഒരേ തരത്തിലുള്ള വ്യാപാരത്തിന് കൂടുതൽ തുക തുടക്കത്തിൽ മുടക്കേണ്ടിവരുന്നതിനാൽ അന്യസംസ്ഥാന വ്യാപാരികളുമായുള്ള കിടമത്സരത്തിൽ കേരള വ്യാപാരിക്ക് ക്ഷീണമുണ്ടാകുന്നു. ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ അടിയന്തിര ശ്രദ്ധ ആവശ്യമാണെന്ന് സ്പൈസസ് ബോർഡും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ പ്രശ്നം പരിഹരിക്കുന്നതിനായി സ്പൈസസ് ബോർഡിന്റെ അംഗീകൃത ലേല കേന്ദ്രത്തിലൂടെയുള്ള ഏലത്തിന്റെ വിൽപനനികുതി, ആ പോയിന്റിൽ മാത്രം, 2 ശതമാനമായി കുറയ്ക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

**441.** ഇതിനു പുറമേ കുരുമുളക്, അടയ്ക്ക മുതലായ വിവിധതരം മലഞ്ചരക്കുകളുടെ നികുതി അയൽ സംസ്ഥാനങ്ങളിൽ നിലവിലുള്ള നികുതിയുമായി തുല്യമാക്കണമെന്ന് എനിക്ക് പല നിവേദനങ്ങളും ലഭിക്കുകയുണ്ടായിട്ടുണ്ട്. ഇത് അടിയന്തിര പ്രാധാന്യം അർഹിക്കുന്ന പ്രശ്നമാണ്. ഈ വിഷയം പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് ഞാൻ ഉദ്ദേശിക്കുന്നു. റിപ്പോർട്ടിന്മേൽ ആവശ്യമായ പരിഷ്കരണനടപടികൾ സ്വീകരിക്കുന്നതാണ്.

**442.** നമ്മുടെ സംസ്ഥാനത്ത് വാർദ്ധക്യ പരിചരണത്തിൽ വാട്ടർ ബെഡ്ഡുകൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. നിലവിൽ ഇവയുടെ നികുതി 13.5% ആണ്. മറ്റുവൈദ്യശാസ്ത്ര ഉപകരണങ്ങളുടെ നികുതി നിരക്ക് 5 ശതമാനമായതിനാൽ വാട്ടർബെഡ്ഡുകളുടേയും നികുതിനിരക്ക് 5 ശതമാനമായി കുറയ്ക്കുന്നു.

**443.** ഐക്യരാഷ്ട്രസംഘടനയ്ക്കും മറ്റു സമാന അന്താരാഷ്ട്ര സംഘടനകൾക്കും മൂല്യവർദ്ധിതനികുതി റീഫണ്ടുചെയ്ത് നൽകാറുണ്ട്. അതുപോലെ ഇത്തരം സംഘടനകളെ ആഢംബരനികുതിയിൽ നിന്നും ഒഴിവാക്കുന്നതിനായി ഒരു വ്യവസ്ഥ കേരള ആഢംബരനികുതി നിയമത്തിൽ കൊണ്ടുവരുന്നതാണ്.

**444.** തീരമൈത്രി എന്നത് കേരള സർക്കാരിന്റെ മത്സ്യബന്ധന വകുപ്പിന്റെ മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന വനിതകളുടെ അഭിവൃദ്ധിക്ക് വേണ്ടിയുള്ള ഒരു ക്ഷേമപരിപാടിയാണ്. ഈ ഉദ്യമത്തെ പ്രോത്സാഹിപ്പിക്കുന്നതിന്, തീരമൈത്രി യൂണിറ്റുകൾ നിർമ്മിച്ച് അവരുടെ ബ്രാൻഡ് നെയിമിൽ വിൽക്കുന്ന ഉത്പന്നങ്ങളെ, അവർ നടത്തുന്ന വിൽപന പോയിന്റിൽ നികുതി വിമുക്തമാക്കുന്നതാണ്.

**445.** ആഢംബരനികുതി നിയമപ്രകാരം കോമ്പൗണ്ടഡ് നികുതി സംവിധാനം സ്വീകരിച്ച ഹൗസ് ബോട്ട് ഉടമകളെ 1.4.2011 മുതൽ ഹൗസ്ബോട്ടുകളിൽ നൽകുന്ന പാകം ചെയ്ത ഭക്ഷണത്തിന്മേൽ ഉള്ള മൂല്യവർദ്ധിത നികുതി ഒടുക്കുന്നതിൽ നിന്നും വിമുക്തരാക്കി. ആഢംബരനികുതിയുടെ കീഴിൽ ഹൗസ് ബോട്ടുകളുടെ കോമ്പൗണ്ടിംഗ് നിലവിൽ വന്ന 1-4-2006 മുതൽ മേൽ വ്യവസ്ഥയ്ക്ക് മുൻകാല പ്രാബല്യം നൽകണം എന്ന് ഇവർ ആവശ്യപ്പെടുന്നു. ഹൗസ് ബോട്ടിൽ വിളമ്പുന്ന ഭക്ഷണം ഒരു കോമ്പസിറ്റ് സേവനമായതിനാൽ ഹൗസ്ബോട്ട് ഉടമകളുടെ ആവശ്യം പരിഗണന അർഹിക്കുന്നതാണ്. അതിനാൽ മൂല്യവർദ്ധിത നികുതിക്ക് കീഴിൽ ഹൗസ്ബോട്ടിൽ വിളമ്പുന്ന പാകം ചെയ്ത ഭക്ഷണത്തിനുള്ള നികുതി ഒഴിവിന് 2006 മുതൽ മുൻകാല പ്രാബല്യം നൽകുവാൻ ഉദ്ദേശിക്കുന്നു.

**446.** നിലവിൽ മുനിസിപ്പൽ പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് 13.5 ശതമാനം മൂല്യവർദ്ധിത നികുതി ബാധകമാണ്. പരിസ്ഥിതിക്ക് ആപത്കരമായ മാലിന്യത്തിന്റെ നിർമ്മാർജ്ജനം, റീസൈക്ലിങ് എന്നിവയെ സുഗമമാക്കുന്നതിലേക്കായി ഇതിന്റെ നികുതിനിരക്ക് 5 ശതമാനമായി കുറയ്ക്കുന്നു.

**447.** ഇൻഡസ്ട്രിയൽ ഇൻപുട്ടായ ലെഡ് ഓക്സൈഡിന്റെ നികുതിനിരക്ക് നിലവിലുള്ള 13.5 ശതമാനത്തിൽ നിന്നും 5 ശതമാനമായി കുറയ്ക്കുന്നു.

448. ചെറുകിട വ്യവസായങ്ങളുടേയും മത്സ്യബന്ധന പ്രവർത്തകരുടേയും ദീർഘകാലമായുള്ള ആവശ്യം പരിഗണിച്ച് ഐസിന്റെ നികുതി 5 ശതമാനത്തിൽ നിന്നും ഒരു ശതമാനമായി കുറയ്ക്കുന്നു.

448. പാദരക്ഷാനിർമ്മാണം സംസ്ഥാനത്ത് വികസിച്ചുവരുന്ന ഒരു വ്യവസായമാണ്. നിലവിൽ 200 രൂപ വരെ വിലയുള്ള പാദരക്ഷകൾക്ക് 5 ശതമാനമാണ് നികുതി. ഈ പരിധിക്ക് മുകളിൽ ഉള്ള പാദരക്ഷകൾക്ക് നികുതി 13.5 ശതമാനമാണ്. മേൽപ്പറഞ്ഞ പരിധി 500 രൂപയായി ഉയർത്തുവാൻ ഉദ്ദേശിക്കുന്നു.

450. എല്ലാ റിന്യൂവബിൾ എനർജി ഉപകരണങ്ങൾക്കും 5 ശതമാനമാണ് നികുതി. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സൗരോർജ്ജ ഉപകരണങ്ങളുടേയും, സ്പെയർ പാർട്സുകളുടേയും നികുതി നിരക്ക് 5 ശതമാനത്തിൽ നിന്നും ഒരു ശതമാനമായി കുറയ്ക്കുന്നു.

451. റബ്ബർ ലാറ്റക്സ് ഡിപ്പ്ഡ് വസ്തുക്കളായ ഇൻഡസ്ട്രിയൽ ഗ്ലൗവ്സ്, അഗ്രിക്കൾച്ചറൽ ഗ്ലൗവ്സ്, ഫിംഗർ ക്യാപ്പുകൾ എന്നിവയ്ക്ക് നിലവിൽ 5 ശതമാനമാണ് നികുതി. ഗാർഹികാവശ്യത്തിനുള്ള ഗ്ലൗസുകളെയും ഈ വിഭാഗത്തിൽ ഉൾപ്പെടുത്തും.

452. അഗ്രോ ഷേഡ് നെറ്റ് എന്ന് സാധാരണയായി വിളിക്കപ്പെടുന്ന HDPE വുവൻ ഫാബ്രിക്കുകൾ (woven fabrics) വിളകൾ, ചെടികൾ എന്നിവയെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ഷേഡ് നെറ്റ് ഹൗസ് നിർമ്മിക്കുന്നതിനും വസ്തുക്കളുടെ പാക്കിംഗിൽ പൊതിയുന്നതിനും വേണ്ടി ഉപയോഗിക്കുന്നു. മൂന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതിന്റെ നികുതി നിരക്ക് 12.5 ശതമാനമാണ് എന്ന് 2009-ൽ വാണിജ്യനികുതി വകുപ്പ് സ്പഷ്ടീകരിച്ചിരുന്നു. ആയതിന്റെ ഉപയോഗങ്ങൾ പരിഗണിച്ച് ഇതിന്റെ

നികുതിനിരക്ക് 13.5 ശതമാനത്തിൽ നിന്നും 5 ശതമാനമായി കുറയ്ക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

**453.** ക്ഷീര വിതരണ സഹകരണസംഘങ്ങൾ നടത്തുന്ന ക്യാന്റീനുകളിൽ വിൽക്കുന്ന ഭക്ഷണപാനീയങ്ങളെ നികുതിയിൽ നിന്നും 1-4-2011 മുതൽ, ഒഴിവാക്കുന്നതാണ്.

**നടപടിക്രമങ്ങളുടെ ലളിതവൽകരണവും, സുരക്ഷാനടപടികളും.**

**454.** ഇപ്പോൾ ഡീലർമാർക്ക് മാനുവൽ ആയും ഓൺലൈനായും Form No.15 ഡെലിവറിനോട്ടുകൾ ആർജ്ജിക്കാവുന്നതാണ്. വിവിധ വ്യാപാര സംഘടനകൾ ഉയർത്തിയിട്ടുള്ള ആവശ്യം പരിഗണിച്ച് ഈ സമ്പ്രദായം തുടരുന്നതാണ്.

**455.** മറ്റ് സംസ്ഥാനങ്ങളിലേക്കുള്ള ചരക്കുകൾ വഹിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന വാഹനങ്ങൾക്ക്, അവർ സംസ്ഥാനത്ത് പ്രവേശിക്കുന്ന ചെക്ക്പോസ്റ്റിൽ നിന്നും ട്രാൻസിറ്റ് പാസ് നൽകുന്നതും, അത് നിശ്ചിത സമയപരിധിക്കുള്ളിൽ സംസ്ഥാനത്ത് നിന്നും അവർ പുറത്തേക്ക് കടക്കുന്ന ചെക്ക്പോസ്റ്റിൽ സമർപ്പിക്കേണ്ടതുമാണ്. ഇത്തരം ചരക്കുകളുടേയും വാഹനങ്ങളുടേയും കൂടുതൽ മികച്ച നിരീക്ഷണത്തിന് ഈ പ്രക്രിയ കമ്പ്യൂട്ടർവത്കരിക്കുന്നതും, ട്രാൻസിറ്റ് പാസ് ഇഷ്യൂ ചെയ്യുന്നതിന് 100 രൂപ എന്ന നാമമാത്രമായ ഫീസ് ഈടാക്കുന്നതുമാണ്.

**456.** ഇ-ഫയലിംഗ് ഏർപ്പെടുത്തിയതിനുശേഷം ആഢംബര നികുതി നിയമത്തിലും, കേരള മണിലെൻഡേഴ്സ് നിയമത്തിലും ഇലക്ട്രോണിക് ആയി ഫയൽ ചെയ്ത റിട്ടേണുകൾ റിവൈസ് ചെയ്യുന്നതിനുള്ള വ്യവസ്ഥ നിയമത്തിൽ കൊണ്ടുവരുവാൻ കഴിഞ്ഞില്ല. ഡീലർമാർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ പ്രാപ്തമാക്കുന്ന വ്യവസ്ഥ ഈ നിയമങ്ങളിൽ കൊണ്ടുവരും.

457. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം ലഭിക്കുന്നതിന് ടേണോവർ പരിധി എത്തിയതിനുശേഷം പതിനഞ്ചു ദിവസത്തിനുള്ളിൽ 25 എ ഡിക്ലറേഷൻ സമർപ്പിച്ച് അനുമാനനികുതി വിഭാഗത്തിൽ നിന്നും, സാധാരണ വിഭാഗത്തിലേക്ക് മാറുവാൻ ഡീലർമാരെ ഇപ്പോൾ അനുവദിക്കാറുണ്ട്. ഈ കുറഞ്ഞ സമയപരിധി ചെറിയ ഡീലർമാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ഇവരുടെ ബുദ്ധിമുട്ട് നീക്കുന്നതിനായി ഈ കാലാവധി 30 ദിവസമായി ദീർഘിപ്പിക്കുന്നു.

458. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തൽ അടക്കമുള്ള ഭേദഗതികൾ വരുത്തുന്നതിനുള്ള അപേക്ഷ ഓൺലൈൻ ആക്കും. ഓൺലൈൻ ആയി അവരുടെ വിശദവിവരങ്ങൾ കാണുന്നതിനുള്ള അവസരം ഡീലർമാർക്കും നൽകുന്നതാണ്. കേന്ദ്രവിൽപന നികുതി നിയമത്തിൻകീഴിൽ ഉള്ള രജിസ്ട്രേഷൻ അപേക്ഷയുടെ സമർപ്പണവും ഓൺലൈനാക്കും.

459. വാർഷിക റിട്ടേൺ, അനുബന്ധരേഖകൾ എന്നിവ സമർപ്പിക്കുവാനുള്ള അവസാന തീയതി നിലവിലെ ഏപ്രിൽ 30-ൽ നിന്നും മേയ് 31 ആക്കി ദീർഘിപ്പിക്കും.

460. കമ്പനികൾ ഒഴികെയുള്ള ഡീലർമാരുടെ ആഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 31 വരേയും, കമ്പനികളുടേത് ജനുവരി 31 വരേയും ദീർഘിപ്പിക്കും.

461. കേരള പൊതുവിൽപന നികുതി നിയമപ്രകാരം, ഡെപ്യൂട്ടി കമ്മീഷണർമാർക്ക് രേഖപ്പെടുത്തിയ കാരണങ്ങളുടെ അടിസ്ഥാനത്തിൽ നികുതിനിർണ്ണയം പൂർത്തിയാക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കുവാൻ അധികാരം ഉണ്ട്. കേരള മൂല്യവർദ്ധിത നികുതിനിയമം കൊണ്ടുവന്നപ്പോൾ ഇത്തരം ഒരു വ്യവസ്ഥ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. അന്തർസംസ്ഥാന അന്വേഷണം തുടങ്ങിയ കാരണങ്ങളാൽ

പൂർത്തിയാക്കുവാൻ കഴിയാത്ത ചുരുക്കം ചില നികുതി നിർണ്ണയങ്ങൾക്കുവേണ്ടി എല്ലാ പൂർത്തിയാകാത്ത നികുതി നിർണ്ണയങ്ങളുടേയും സമയപരിധി ദീർഘിപ്പിക്കേണ്ടതായിവരുന്നു. ഇതിനാൽ, കേരള പൊതുവിൽപനനികുതി നിയമത്തിലേതിനു സമാനമായി, ഡെപ്യൂട്ടി കമ്മീഷണർമാർക്ക് സമയപരിധി ദീർഘിപ്പിക്കുന്നതിനുള്ള അധികാരം നൽകുന്ന ഒരു ഭേദഗതി വ്യവസ്ഥ കേരള മൂല്യവർദ്ധിത നികുതി നിയമത്തിലും, കേരള ആഢംബരനികുതി നിയമത്തിലും കൊണ്ടുവരും.

462. വാണിജ്യനികുതിവകുപ്പ് നികുതികളുടെ നിർബന്ധ ഇ-പേയ്മെന്റ് നടപ്പിലാക്കി കഴിഞ്ഞു. ഇലക്ട്രോണിക് റീഫണ്ടുകൾ ഏർപ്പെടുത്തുക എന്നതാണ് ഇനിയുള്ള സ്വാഭാവികമായ നടപടി. ഈ ദിശയിലുള്ള അടുത്ത നടപടി എന്നനിലയിൽ ഓൺലൈൻ ആയിട്ടുള്ള റീഫണ്ട് അപേക്ഷകളുടെ സമർപ്പണം, റീഫണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കൽ എന്നിവ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ട്രഷറി സംവിധാനം ഓൺലൈൻ ആകുന്ന മുറയ്ക്ക് ഡീലറുടെ ബാങ്ക് അക്കൗണ്ടിലേക്ക് റീഫണ്ട് തുക വരവുവയ്ക്കുന്നതാണ്. അതുവരെ റീഫണ്ടുചെയ്യേണ്ട തുക ഡീലറുടെ തുടർ റിട്ടേണിൽ ക്രെഡിറ്റ് നൽകുന്നതാണ്.

463. വാണിജ്യനികുതി വകുപ്പ് എല്ലാ പ്രധാനപ്പെട്ട നികുതി ഒടുക്കലുകൾക്കും ഓൺലൈൻ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഈ ദിശയിലുള്ള തുടർനടപടി എന്ന നിലയിൽ ഇന്റലിജൻസ് സ്ക്വാഡ്, ചെക്ക്പോസ്റ്റ് എന്നിവർ ഈടാക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ, കരാർദാതാക്കൾ കുറവ് ചെയ്ത് ഒടുക്കുന്ന നികുതി എന്നിവയ്ക്കും ഓൺലൈൻ ഇ-പേയ്മെന്റ് സംവിധാനം വ്യാപിപ്പിക്കും.

464. കേരള മൂല്യവർദ്ധിതനികുതി നിയമത്തിലേതുപോലെ കേരള പൊതു വിൽപന നികുതി നിയമം, കേരള ആഢംബരനികുതി നിയമം എന്നിവയിലും നിയമലംഘനങ്ങളുടെ കോമ്പൗണ്ടിംഗിന് ഈടാക്കാവുന്ന പരമാവധി ഫീസ് 8 ലക്ഷം രൂപയായി ഉയർത്തുന്നു.

465. ചില ചരക്കുകളുടെ കാര്യത്തിൽ വ്യാജ നിയമാനുസൃത ഫാറങ്ങളുടെ ഉപയോഗം സംബന്ധിച്ച അന്തർസംസ്ഥാന അന്വേഷണം പുരോഗമിച്ച് വരുന്നു. അതിനാൽ കേന്ദ്രവിൽപന നികുതി ഉൾപ്പെടെയുള്ള വരുമാനം സംരക്ഷിക്കുന്നതിന് വേണ്ടി, കേരള പൊതുവിൽപന നികുതിനിയമം, കേരള മൂല്യവർദ്ധിതനികുതി നിയമം എന്നിവയ്ക്ക് കീഴിൽ 31.3.2013-ൽ തീർപ്പാകാത്ത എല്ലാ നികുതി നിർണ്ണയങ്ങളും, നികുതി പുനർ നിർണ്ണയങ്ങളും പൂർത്തിയാക്കുവാനുള്ള കാലാവധി ഒരു വർഷത്തേക്ക് ദീർഘിപ്പിക്കുന്നു. കേരള ആഢംബരനികുതി നിയമത്തിൽ തീർപ്പാകാതെ കിടക്കുന്ന ധാരാളം മൂല്യനിർണ്ണയങ്ങൾ പരിഗണിച്ച്, അതിന്റേയും കാലാവധി ഒരു വർഷത്തേയ്ക്ക് നീട്ടുന്നു.

**അടിസ്ഥാന സൗകര്യങ്ങൾ**

466. സുതാര്യതയും, കാര്യക്ഷമതയും വർദ്ധിപ്പിച്ചുകൊണ്ടുള്ള ചെക്ക് പോസ്റ്റുകളുടെ പുനരുദ്ധാരണത്തിന്റെ ആവശ്യകത മനസ്സിലാക്കി, സർക്കാർ അമരവിളയിലെ ചെക്ക്പോസ്റ്റ് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുകയും മികച്ച പ്രവർത്തനരീതികൾ സ്വീകരിക്കുന്നതിന് വേണ്ടി ആന്ധ്രാപ്രദേശിലെയും, ഗുജറാത്തിലേയും സംയോജിത ചെക്ക് പോസ്റ്റുകളെപ്പറ്റി പഠിക്കുവാൻ ഒരു ടീമിനെ രൂപവത്കരിക്കുകയും ചെയ്തു. ഈ സംഘം ചില ഹ്രസ്വകാല-ദീർഘകാല നടപടികളും ശുപാർശ ചെയ്തിട്ടുണ്ട്. വാളയാറിൽ മികച്ച രീതിയിൽ ആസൂത്രിതമായ ഒരു സംയോജിത ചെക്ക്പോസ്റ്റിന് വേണ്ടിയുള്ള സ്ഥലം എറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കലിനും നിർമ്മാണത്തിനും സമയം വേണ്ടിവരും എന്ന് കരുതുന്നതിനാൽ വാളയാറിൽ നിലവിലുള്ള ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ ഉപയോഗിച്ച് എല്ലാ വകുപ്പുകളുടേയും ആഭിമുഖ്യത്തിലുള്ള പരിശോധനകൾ, ഒരേസമയം നടത്തത്തക്കവിധം ഒരു സംയോജിത ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം ഉടനെ തന്നെ ആരംഭിക്കും. ആട്ടോമാറ്റിക് ഡാറ്റാ കൈമാറ്റത്തിന് ഇന്റലിജന്റ് ആയിട്ടുള്ള ഇൻഫർമേഷൻ ടെക്നോളജി എനേബിൾഡ് സിസ്റ്റത്തിൽ അധിഷ്ഠിതമായ

നവീനമായ ഉപകരണങ്ങളുടെ ഉപയോഗം ഏർപ്പെടുത്തും. ഇത് വാഹന പരിശോധനയ്ക്ക് വേണ്ട സമയം ഗണ്യമായി കുറയ്ക്കുകയും, സുതാര്യത, കാര്യക്ഷമത എന്നിവ വർദ്ധിപ്പിക്കുകയും വെട്ടിപ്പ് കുറയ്ക്കുകയും ചെയ്യും.

**467.** ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ സേവനമേഖല ഉൾപ്പെടെയുള്ള വിശാലമായ സ്രോതസ്സിനുമേൽ നികുതി ചുമത്തുന്നതിന് നമ്മൾ പൂർണ്ണസജ്ജരാകണം. ചരക്ക് സേവന നികുതി പ്രാബല്യത്തിൽ വരുന്നതിന് മുന്നേയുള്ള വർഷങ്ങളിൽ വരുമാനം വർദ്ധിപ്പിക്കുവാൻ നമ്മൾ ഗൗരവമായ നടപടികൾ സ്വീകരിക്കണം. ചരക്കുസേവന നികുതിയിലെ വരുമാനസ്രോതസ്സുകളെ സംബന്ധിച്ച പ്രാരംഭദശയിലെ അനിശ്ചിതത്വം മൂലമുണ്ടാകാവുന്ന നികുതിനഷ്ടത്തിന് പരിഹാരം ലഭിക്കുന്നതിന് ഇത് സഹായകരമാണ്. ഇതിന് മാനവവിഭവശേഷിയുടെ പുനർനിർമ്മാണം, പുനഃസംഘടന, പരിശീലനം എന്നിവയുൾപ്പെടെയുള്ള കാതലായ ഉടച്ചുവാർക്കൽ നികുതി നിർവഹണ സംവിധാനത്തിൽ അത്യാവശ്യമാണ്. ഈ ദിശയിലുള്ള നടപടികൾ സ്വീകരിക്കും.

**468.** ഹൈറേഞ്ചിന്റെ ഭൂപ്രകൃതിയുടെ സ്വഭാവം കണക്കിലെടുത്ത് ഇടുക്കി ജില്ലയിലെ ചെറുതോണിയിൽ ഒരു വാണിജ്യനികുതി സർക്കിൾ കാര്യാലയം സ്ഥാപിക്കും. ഇത് സമീപപ്രദേശങ്ങളിലെ ഡീലർമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗണ്യമായി കുറയ്ക്കും.

**469.** കണ്ണൂരിൽ ഒരു വാണിജ്യനികുതി കെട്ടിട സമുച്ചയത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനും, നിർമ്മാണത്തിനുമായി 5 കോടി രൂപ വിലയിരുത്തുന്നു.

**470.** വാണിജ്യനികുതി വകുപ്പിനെസംബന്ധിച്ച് മേൽപ്പറഞ്ഞ അധികവിഭവ സമാഹരണ നടപടികളിലൂടെ 1138.33 കോടി രൂപയുടെ അധിക വരുമാനത്തിൽ നിന്നും വിവിധ ഇളവുകൾ നൽകിയ വകയിൽ 67.78 കോടി രൂപയും കിഴിച്ചതിനുശേഷമുള്ള യഥാർത്ഥ അധിക വിഭവ സമാഹരണം 1070.55 കോടി രൂപയാണ്.

## ഉപസംഹാരം

**472.** സർ, കരുതലും വികസനവുമെന്ന ലക്ഷ്യം മുൻനിർത്തി കർമ്മസാന്ദ്രമായ ഒരു വർഷമാണ് കടന്നുപോയത്. സംസ്ഥാനത്തിന്റെ വികസനമുന്നേറ്റത്തിന് ആവശ്യമായ ധനപരമായ പിൻബലം നല്കുവാനും, അതേസമയം തന്നെ, സംസ്ഥാന സാമ്പത്തികസ്ഥിതി ശക്തിപ്പെടുത്തുവാനും കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തോടെയാണ് ഞാൻ ഈ പ്രസംഗം ഉപസംഹരിക്കുന്നത്.

**473.** നടപ്പുവർഷത്തെ അപേക്ഷിച്ച് 21.34 ശതമാനം ഉയർന്ന പദ്ധതി അടങ്കൽ പൂർണ്ണമായി വിനിയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഞാൻ ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. ഈ വർഷം സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതത്തിൽ 241.56 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ടെങ്കിലും അടുത്ത വർഷം അതു നികത്തപ്പെടുമെന്നാണ് എന്റെ വിശ്വാസം.

**474.** ഇനി ഞാൻ 2012-13 വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റുകളുടെയും 2013-14 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെയും സംക്ഷിപ്ത രൂപം അവതരിപ്പിക്കട്ടെ.

**2012-13-ലെ പുതുക്കിയ എസ്റ്റിമേറ്റ് (രൂപ കോടിയിൽ)**

| | |
|---|---|
| റവന്യൂ വരവ് | 48269.21 |
| റവന്യൂ ചെലവ് | 51675.65 |
| ഇതിൽ ഉൾപ്പെടുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള ഗ്രാന്റ് | 2797.30 |
| റവന്യൂ കമ്മി | (-)3406.44 |
| യഥാർത്ഥ റവന്യൂ കമ്മി | (-)609.14 |

| | |
|---|---|
| മൂലധന ചെലവ് | 6682.21 |
| വായ്പകളും മുൻകൂറുകളും (തനി) | (-)1056.68 |
| പൊതുകടം (തനി) | 10753.94 |
| പൊതുകണക്ക് (തനി) | 482.29 |
| ആകെ കമ്മി | (-)109.10 |
| വർഷാരംഭ രൊക്ക ബാക്കി | (-)529.23 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)638.33 |

## 2013-14-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് (രൂപ കോടിയിൽ)

| | |
|---|---|
| റവന്യൂ വരവ് | 58057.88 |
| റവന്യൂ ചെലവ് | 60327.85 |
| ഇതിൽ ഉൾപ്പെടുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള ഗ്രാന്റ് | 3472.06 |
| റവന്യൂ കമ്മി | (-)2269.97 |
| യഥാർത്ഥ റവന്യൂ മിച്ചം | 1202.09 |
| മൂലധന ചെലവ് | 8613.00 |
| വായ്പകളും മുൻകൂറുകളും (തനി) | (-)989.66 |
| പൊതുകടം (തനി) | 11844.38 |
| പൊതുകണക്ക് (തനി) | 470.04 |
| ആകെ മിച്ചം | 441.79 |
| വർഷാരംഭ രൊക്ക ബാക്കി | (-)638.33 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)196.54 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | 1400.58 |
| പ്രഖ്യാപിച്ച ഇളവുകൾ | 67.78 |
| അധിക വിഭവ സമാഹരണം | 1138.33 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)526.57 |

സ്പീക്കർ സർ,

476. വെല്ലുവിളികളും പ്രതിസന്ധികളും നിറഞ്ഞ് കാലിടറുമായിരുന്ന സാമ്പത്തികചുറ്റുപാടിൽ ആലസ്യം ബാധിച്ചും ആത്മവിശ്വാസം നഷ്ടപ്പെടുത്തിയും പരാജയപ്പെടാതെ, പ്രതികൂലസാഹചര്യങ്ങളെ അനുകൂലമാക്കി വികസനരംഗത്ത് ഒരു കുതിച്ചുചാട്ടം നടത്തുന്നതിനും സാമ്പത്തിക സുസ്ഥിതി കൈവരുത്തുന്നതിനും ഗവണ്മെന്റിനു കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യം നിങ്ങളോട് പങ്കുവെക്കുമ്പോൾ, കുരുക്ഷേത്ര യുദ്ധക്കളത്തിൽവെച്ച് ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനന് നല്കിയ ഉപദേശരൂപേണയുള്ള മുന്നറിയിപ്പാണ് എന്റെ സ്മരണയിൽ ഓടിയെത്തുന്നത്:

*'ഉദ്ധരേദാത്മനാത്മാനം*
*നാത്മാനമവസാദയേത്*
*ആത്മൈവ ഹ്യാത്മനോ ബന്ധു-*
*രാത്മൈവ രിപുരാത്മന:'*

***(വിവേകശാലികളായ) നമ്മൾ നമ്മളെത്തന്നെ ഉദ്ധരിക്കണം. നമ്മൾ നമ്മളെത്തന്നെ ക്ഷീണിപ്പിക്കരുത്. നമ്മുടെ ബന്ധു നമ്മൾ തന്നെയാണ്. നമ്മുടെ ശത്രുവും നമ്മൾ തന്നെ.***

476. ബാഹ്യസഹായം വേണ്ടെന്നല്ല. എന്നാൽ, അവയെ മാത്രം ആശ്രയിക്കാൻ ശ്രമിക്കരുത്. നമുക്ക് നമ്മുടെ വിഭവശേഷി തിരിച്ചറിയാൻ കഴിയണം. അത് പരമാവധി പ്രയോജനപ്പെടുത്താൻ കഴിയണം. നമുക്ക് നമ്മുടെ കർമ്മശേഷി തിരിച്ചറിയാൻ കഴിയണം. അത് പൊതുക്ഷേമത്തിനായി വിനിയോഗിക്കാൻ കഴിയണം.

477. ക്രിയാത്മകമല്ലാത്ത സമരപരിപാടികളിലൂടെ വികസനത്തിന് പ്രതിബന്ധം സൃഷ്ടിക്കരുത്. അത് നമ്മൾ നമ്മളെത്തന്നെ ക്ഷീണിപ്പിക്കലാണ്, നമ്മളെത്തന്നെ നമ്മുടെ ശത്രുക്കളാക്കലാണ്. ഭരണപക്ഷവും പ്രതിപക്ഷവും ശത്രുക്കളല്ല, വികസന യാത്രയിലെ പരസ്പരബന്ധുക്കളായിരിക്കണം. ഇതാണ് കേരളത്തിന്റെ ഭാവി ഭാസുരമാക്കാനുള്ള വിജയമന്ത്രം. അത് നമുക്കെല്ലാം പ്രചോദനമാവട്ടെ, ചൈതന്യമാവട്ടെ.

ജയ്ഹിന്ദ്



സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം സർക്കാർ പ്രസ്സിൽ 2013ൽ അച്ചടിച്ചത്